# 1

# ക്രിസ്തു, പ്രവാചകന്മാരേക്കാളും ദൂതന്മാരേക്കാളും വലിയവൻ (ഭാഗം 1)

## (1:1–14)

ക്രിസ്തുവിന്റെ അതുല്യമായ സ്വഭാവവും മഹത്വവും ചിത്രീകരിച്ചുകൊണ്ടാണ് എബ്രായ ലേഖനം (1:1–2:4) ആരംഭിക്കുന്നത്. തീർച്ചയായും, അവൻ കഴിഞ്ഞ കാല പ്രവാചകന്മാരേക്കാളും ദൂതന്മാരേക്കാളും വലിയവൻ തന്നെയാണ്. അക്കാരണത്താൽ പുത്രൻ നൽകുന്ന വലിയ രക്ഷയെ തള്ളിക്കളയുന്നവൻ എന്നേക്കുമുള്ള ശിക്ഷാവിധി അനുഭവിക്കും. വാസ്തവത്തിൽ, എബ്രായ ലേഖന പ്രബന്ധം രൂപപ്പെടുത്തിയിരിക്കുന്നത് പഴയനിയമത്തേക്കാൾ ശ്രേഷ്ഠമാണ് പുതിയ നിയമം എന്നു കാണിക്കുവാനാണ്.

കടലിലെ വെള്ളം നദിയിൽ വെള്ളം നിറയുന്നതുപോലെ ക്രിസ്തു എന്ന വ്യക്തി ആദ്യ മൂന്ന് അദ്ധ്യായങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ്. കർത്താവിന്റെ മാഹാത്മ്യം നിമിത്തം, സുവിശേഷം വിട്ടുകളയാതെ വിശ്വാസത്തിൽ സ്ഥിരോൽസാഹമുള്ളവരായിരിപ്പാനാണ് ക്രിസ്ത്യാനികളോട് ലേഖകൻ അപേക്ഷിക്കുന്നത് (2:1–3). സന്ദേശം തള്ളിക്കളയുമ്പോൾ, സന്ദേശ വാഹകനെ തള്ളിക്കളയുകയാണ്, കാരണം സന്ദേശത്തേയും സന്ദേശവാഹകനേയും മാറ്റി നിർത്താവുന്നതല്ല. ലേഖകൻ പറയുന്നതനുസരിച്ച്, “ക്രിസ്തു വേറെ ഉപദേശം വേറെ” എന്നൊന്നില്ല, കാരണം ക്രിസ്തുവിന് തന്റെ ഉപദേശം അവനിൽനിന്നു മാറ്റാവതായിരുന്നില്ല. സന്ദേശം ശരിയായി അനുമോദിക്കുവാൻ, സന്ദേശവാഹകനെ ഉയർന്നവനായി കണക്കാക്കണം.

മോശെയുടേയും പ്രവാചകന്മാരുടേയും അപൂർണ്ണമായ വെളിപ്പാടുകളിൽനിന്നു വ്യത്യസ്തമായി, പുത്രൻ മുഖാന്തരം നൽകുന്ന വെളിപ്പാട് തികച്ചും ഉയർന്ന നിലവാരമുള്ളതാണെന്ന്, ആരംഭ വാക്കുകളിൽ ലേഖകൻ വ്യക്തമാക്കുന്നു. പഴയ നിയമത്തിൽ കേട്ട എല്ലാ ശബ്ദങ്ങളേയും ചൂണ്ടിക്കാട്ടി, ദൈവം പുത്രനായ യേശു മുഖാന്തരം നൽകുന്ന വെളിപ്പാടാണ് അന്തിമമായത് എന്ന് പറഞ്ഞിരിക്കുന്നു. പിതാവായ ദൈവം തന്റെ പുത്രനായ ക്രിസ്തുവിൽ കൂടെ നൽകിയതായ ഈ അന്തിമ വാക്കുകൾ, മറ്റെല്ലാ സന്ദേശങ്ങളേക്കാളും നമ്മെ ആകർഷിക്കുന്നതാണ്.

അതുകൊണ്ട്, പുതിയനിയമ കാലത്ത് നൽകിയ ഈ സന്ദേശം “ദൈവികമാണെന്ന്” ലേഖകൻ പ്രായോഗികതയോടുകൂടി കാണിച്ചു തന്നിരിക്കുകയാണ്. ഈ അന്തിമ വെളിപ്പാടിനെ മാറ്റുവാൻ സ്വർഗത്തിലെ ദൂതനു പോലും കഴിയുകയില്ല (ഗലാ. 1:6–9). അത് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസമാണ്, കാരണം അത് “എല്ലാ കാലത്തേക്കും ഉള്ളതാണ്” (യൂദാ. 3; എൻഎൽടി). പഴയ നിയമകാലത്ത് ദൈവം നൽകിയ ഭാഗം ഭാഗമായി നൽകിയതുപോലെയുള്ളതല്ല പുതിയ നിയമ വെളിപ്പാട്. പഴയ നിയമത്തിലുടനീളം ഒരു “പുരോഗമന വെളിപ്പെടുത്തലുകൾ” കാണാം, പക്ഷെ അത് ക്രിസ്തുവിൽ അവസാനിക്കുകയാണ്.

പുതിയ നിയമകാലത്തു ജീവിച്ച അപ്പൊസ്തലന്മാരുടേയും ദൈവശ്വാസിയ പുരുഷന്മാരുടേയും എഴുത്തുകളിൽ കൂടെയാണ് ക്രിസ്തുവിന്റെ വെളിപ്പാടുകൾ വ്യാപിപ്പിച്ചത്. അവരിലേക്ക് പരിശുദ്ധാത്മാവിനെ അയച്ച്, ദൈവശ്വാസിയരാക്കി, അവരെ ലോകത്തിലേക്ക് അയച്ചു; അതുകൊണ്ട്, അവരെ കൈക്കൊണ്ടവർ ക്രിസ്തുവിനെ ആണ് കൈക്കൊണ്ടത് (ലൂക്കൊ. 10:16). ലോകമുള്ള കാലത്തോളം മാറ്റമില്ലാത്ത "ശ്രേഷ്ഠമായ" അന്തിമ വെളിപ്പാടാണ്, ഇപ്പോൾ ക്രിസ്തു മുഖാന്തരം നമുക്ക് ഉള്ളത്.

## ക്രിസ്തു പ്രവാചകന്മാരേക്കാൾ വലിയവൻ (1:1-3)

### ദൈവം സംസാരിച്ചു (1:1, 2)

**[1]ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും, വിവിധമായിട്ടും, പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് സംസാരിച്ചിട്ട്, [2]ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്യുന്നു ...**

**വാക്യം 1.** ദൈവിക വെളിപ്പാട് എന്ന വലിയ ഒറ്റ വിഷയവുമായിട്ടാണ് ഈ വലിയ പുസ്തകം ആരംഭിക്കുന്നത്: **ദൈവം ... സംസാരിച്ചു**, ദൈവം ബൈബിളിൽ തന്റെ പുത്രൻ യേശു മുഖാന്തരമാണ് ഇപ്പോൾ സംസാരിക്കുന്നത്, ആ സത്യമാണ് വിശ്വാസ കേന്ദ്രം. ദൈവം നമ്മോട് സംസാരിക്കുന്നു എന്ന് അറിയുന്നത് നമ്മുടെ ആത്മാക്കൾക്ക് എത്ര പ്രോൽസാഹനമാണ് നൽകുന്നത്! എല്ലാ സത്യത്തിന്റേയും വെളിപ്പാടുകളുടേയും ഉറവിടമായവൻ നമ്മോട് ആശയവിനിമയം നടത്തുന്നു. "ദൈവം" (*തെയോസ്*) എന്ന വാക്കിന് മുൻപ് ഉപയോഗിച്ച *ഹോ* എന്ന ഡെഫനിറ്റ് ആർട്ടിക്കിൾ സൂചിപ്പിക്കുന്നത്, പഴയനിയമ എഴുത്തുകളിൽ കൂടെ അറിയുകയും ആരാധിക്കുകയും ചെയ്ത "ഏക ദൈവം" ആണെന്ന് വായനക്കാർ തിരിച്ചറിഞ്ഞിരുന്നു.

*തെയോസ്* എന്ന വാക്കിന്റെ അർത്ഥം, "മനുഷ്യരുടെ കാര്യങ്ങളിൽ അനിയന്ത്രിതമായി ഇടപെടുന്ന അതിശയിപ്പിക്കുന്ന വ്യക്തി ..."[1] ദേവന്മാർ എല്ലാ കാര്യങ്ങൾ യഥാ സ്ഥാനങ്ങളിൽ ഉറപ്പിച്ചിരിക്കും എന്നാണ് വെയ്പ്.[2] പഴയനിയമത്തിൽ ദൈവത്തെ എലോഹിം (*'ലോഹിം*) എന്നാണ് അറിയപ്പെട്ടിരുന്നത്, ശക്തനായവൻ, അഥവാ സകല അധികാരവുമുള്ളവൻ എന്നാണ്. പിന്നീട് അവൻ മോശെക്ക് വെളിപ്പെട്ടത് "യാഹ്വേ," (വൈഎച്ച്ഡബ്ലിയുഎച്ച്) ആയിട്ടാണ്, "നിലനിൽക്കുന്നവൻ," അല്ലെങ്കിൽ "പൂർണ്ണനായവൻ" എന്നതിനർത്ഥം, നിത്യനായ "ഞാൻ ആകുന്നവൻ" മറ്റെല്ലാം അവനിൽ നിന്നും ഉളവായതാണ് എന്നതാണ് വിവക്ഷ (പുറ. 3:14; 6:3).

**പണ്ട്** "കഴിഞ്ഞ കാലത്ത്" (കെജെവി). ആ പ്രയോഗം അക്ഷരികമായി അർത്ഥമാക്കുന്നത് "പഴയ കാലത്ത്," അല്ലെങ്കിൽ "പുരാതന കാലത്ത്" എന്നാണ്. പഴയ നിയമകാലം മുഴുവനേയും സൂചിപ്പിക്കുന്നതാണ് ആ വാക്ക്.

മലാഖിയുടെ പുസ്തകത്തിനു ശേഷം എഴുതിയ ഒരു പുസ്തകവും കാനോനിൽ പെട്ടതായി യെഹൂദന്മാർ സ്വീകരിച്ചില്ല. ഉദാഹരണമായി, അവർ അപോക്രിഫയും തള്ളിക്കളഞ്ഞിരുന്നു.[3]

ദൈവ നിർദ്ദേശം അനുസരിച്ചായിരുന്നു പഴയ നിയമ **പ്രവാചകന്മാർ**

എഴുതിയത്. പരിശുദ്ധാത്മാവിനാൽ അവർ ദൈവശ്വാസിയരായി തീർന്നു (2 പത്രൊ. 1:20, 21). എഴുതുവാൻ അവർക്ക് പരിശുദ്ധാത്മാവിന്റെ സഹായം ഉണ്ടായിരുന്നു. അവർ സംസാരിച്ചിരുന്നത് എല്ലായ്പോഴും അവർക്ക് മനസിലായിരുന്നില്ല, എങ്കിലും അവർ എഴുതിയതെല്ലാം വായിക്കുകയും പഠിക്കുകയും മുന്നറിയിച്ചിരിക്കുന്ന കാര്യങ്ങൾ എപ്പോഴാണ് സംഭവിക്കുവാൻ പോകുന്നതെന്ന് പ്രവാചകന്മാർ ആരാഞ്ഞിരുന്നു (1 പത്രൊ. 1:10, 11).

ആംപ്ളിഫൈഡ് ബൈബിൾ (ഏബി) വാക്യം 1 സമാന്തരപ്രയോഗം നടത്തി തർജിമ ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്: "ദൈവം പണ്ട് പ്രവാചകന്മാരിൽ കൂടെ [നമ്മുടെ] പിതാക്കന്മാരോട് പല രീതിയിൽ പല സത്യങ്ങളും [ഓരോന്നിന്റേയും ഭാഗം ഭാഗമായിട്ടായിരുന്നു] ദൈവം സംസാരിച്ചിരുന്നത്." ആ വാക്യത്തിന്റെ അവസാന ഭാഗം തോമസ് ജി. ലോങ്ങ് തർജിമചെയ്തിരിക്കുന്നത്, "പല ഭാഗങ്ങളും പല രീതിയിലും" എന്നാണ്.[4] ആ പ്രയോഗത്തെ മറ്റു തർജിമകളിൽ തർജിമ ചെയ്തിരിക്കുന്നത്, "നാനാ പ്രകാരമുള്ള സമയങ്ങളിൽ" (കെജെവി), "വിവിധ കാലങ്ങളിലും വിവിധ രീതിയിലും" (എൻകെജെവി), "പല കാലങ്ങളിലും പല രീതികളിലും" (എൻഐവി), "പല വിവിധ ക്ഷണികങ്ങളിലും" (ഫിലിപ്സ്).

ക്രിസ്തു വരുന്നതിന് മുൻപ്, ദൈവത്തിന്റെ നിത്യ തിരുവെഴുത്തുകൾ ഭാഗം ഭാഗമായിട്ടായിരുന്നു വെളിപ്പെടുത്തിയിരുന്നത്. *പോലുമെറോസ്* എന്നതിന്റെ അർത്ഥം "പല ഭാഗങ്ങൾ" "ഖണ്ഡം," അല്ലെങ്കിൽ "പീസ്മീൽ." ഭാഗമായും, ഖണ്ഡമായും, കഷണങ്ങളായും നൽകിയത് എന്തു തന്നെ ആയിരുന്നാലും അത് അപൂർണ്ണമായിരുന്നു; എന്നാൽ ബ്രൂക്ക് ഫോസ് നിരീക്ഷിച്ചു, "സത്തയിലും, രൂപത്തിലും പുത്രനായ ക്രിസ്തുവിന്റെ വെളിപ്പാട് തികവുള്ളതാണ്."[5] ആത്മീയ വരങ്ങളുടെ ഉദ്ദേശവും വ്യക്തമാക്കുന്നത് വെളിപ്പെടുത്തൽ "ഭാഗമായിട്ട്" ആയിരുന്നു എന്നാണ് (1 കൊ. 13:8-10). പ്രവാചകന്മാർക്ക് ലഭിച്ചത് മാഹാത്മ്യമുള്ള ശ്വാസിയതയായിരുന്നു എന്നാണ് ഏബി പറഞ്ഞിരിക്കുന്നത്-അതായത് ദൈവം അവരിൽകൂടെ മനുഷ്യരോട് സംസാരിച്ചു. എഫ്. എഫ്. ബ്രൂസ് അതേ സത്യം ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പുരോഹിതനും, പ്രവാചകനും, ജ്ഞാനിയും, ഗായകനും പല രീതിയിൽ ദൈവത്തിന്റെ വക്താക്കളായി തീർന്നിരുന്നു; വിവിധ രീതിയിലുള്ള എല്ലാ വിജയകരമായ പ്രവൃത്തികളും ക്രിസ്തുവിനു മുമ്പ് വെളിപ്പെടുത്തിയവയെല്ലാം തന്നെ ദൈവത്തിന് പൂർണ്ണമായി പറയുവാനുള്ളതായിരുന്നില്ല."[6]

അപ്പോൾ പിന്നെ, സത്യം ഇതാണ്: പഴയ നിയമം നൽകിയപ്പോൾ, ദൈവം **പണ്ട് ഭാഗം ഭാഗമായും വിവിധമായും** സംസാരിച്ചു. അവൻ ചിലപ്പോൾ പുരോഹിതന്മാരിൽ കൂടെയും, സ്വപ്നങ്ങളിൽകൂടെയും, സംഭവങ്ങളിൽ കൂടെയും ചരിത്രത്തിൽ കൂടെയും സംസാരിച്ചു. ചിലപ്പോൾ പ്രവാചകൻ സന്ദേശം എഴുതിയെടുക്കുകയും, മറ്റു ചിലപ്പോൾ ദൈവം പ്രവാചകന്റെ മൂകനാടകമായും സംസാരിച്ചു.

ദൈവം പിതാക്കന്മാരോടോ (**കുടുംബത്തലവന്മാർ**), യിസ്രായേലിനോടോ ദീർഘകാലം, തുടർച്ചയായി ഒരേ രീതിയിൽ സംഭാഷണം നടത്തിയിരുന്നില്ല, എന്നാൽ വിവിധ രീതിയിൽ, പല സമയങ്ങളിൽ, പല സ്ഥലങ്ങളിൽ, ഭാഗം ഭാഗമായിട്ടായിരുന്നു സംസാരിച്ചിരുന്നത്. ഒരു സമയത്ത് "യഹോവയുടെ വചനം ദുർല്ലഭവും," "ദർശനങ്ങൾ കുറയുകയും" ചെയ്തിരുന്നു (1 ശമു. 3:1). എന്നിരുന്നാലും, അവയെല്ലാം ചേർത്താൽ, മൊത്തത്തിൽ യോജിപ്പ് കാണാം.

എന്തുകൊണ്ട്? കാരണം അത് ഏക ദൈവത്തിൽനിന്ന് "ഒരേ ആത്മാവ്" ആണ് സംസാരിച്ചത്. അതുകൊണ്ട്, പഴയനിയമവും പുതിയനിയമവും ബന്ധപ്പെട്ടിരിക്കുന്ന മനുഷ്യർക്കുള്ള വെളിപ്പാടാണ്, രണ്ട് നിയമങ്ങൾ ഉണ്ടെങ്കിലും, "രണ്ട് വെളിപ്പാടുകളെ" കുറിച്ച് സംസാരിക്കേണ്ട കാര്യമില്ല.

**വാക്യം 2. ഈ അന്ത്യ കാലത്ത്** എന്ന പ്രയോഗം, അല്ലെങ്കിൽ "ഈ നാളുകളുടെ അവസാനം" (ഏഎസ്‌വി) എന്നതിന്റെ അർത്ഥം, "അടുത്ത കാലത്ത്" എന്നു പറയുന്നതിനേക്കാൾ അധികമാണ്. അവസാന കാലം ആരംഭിച്ചിരിക്കുന്നു എന്നാണ് ആ പ്രയോഗം അന്തർലീനമാക്കിയിരിക്കുന്നത്. "അന്ത്യ കാലം" (പ്രവൃ. 2:17; യാക്കൊ. 5:3), "ഈ അന്ത്യ കാലം" (1 പത്രൊ. 1:20), അല്ലെങ്കിൽ "അന്ത്യ കാലം" (യൂദാ 18). വ്യക്തമായും നാം ജീവിക്കുന്ന ഈ കാലമാണ് അന്ത്യ കാലം. അത് യേശു സ്വർഗാരോഹണം ചെയ്തു പോയി പരിശുദ്ധാത്മാവിനെ അയച്ചതുമുതൽ തുടങ്ങിയിരിക്കുകയാണ്. യേശു സ്വർഗാരോഹണം ചെയ്ത ശേഷമുള്ള ആദ്യ പെന്തെകൊസ്തുനാളിൽ അന്ത്യകാലം വന്നതായി പ്രഖ്യാപിച്ചു, കർത്താവ് മടങ്ങി വരുന്നതുവരെ അത് തുടരും.

അതുകൊണ്ട്, ഇവിടെ പറഞ്ഞിരിക്കുന്ന "അന്ത്യകാലം" എന്ന പ്രയോഗം മശിഹാ കാലത്തെയാണ് പറയുന്നത്, അതിനുശേഷം ഒരു ആയിരം വർഷം ഒന്നും വരുവാനില്ല, കാരണം അങ്ങനെയെങ്കിൽ ഇതിനെ അന്ത്യകാലം എന്നു പറയുകയില്ലല്ലൊ. "ഈ" അന്ത്യകാലം എന്നു ലേഖകൻ പറഞ്ഞതിൽനിന്ന് "തന്റെ കാലം കൂടെ ഉൾപ്പെടുത്തിയാണ് സൂചിപ്പിച്ചിരിക്കുന്നത്" എന്ന് ജാക്ക് പി. ലൂയിസ് പറഞ്ഞു.[7] മുൻ കാലങ്ങളിൽ ദൈവം പ്രവാചകന്മാരിൽ കൂടെ സംസാരിച്ചതു "പ്രാഥമികവും" ഈ അവസാനകാലത്ത് ദൈവം സംസാരിച്ചത് "അന്തിമവുമാണ്."[8] അവസാനത്തെ സന്ദേശം അന്തിമമാണ്, സർവ്വശക്തിയുള്ള ദൈവത്തിന്റെ തീർച്ചയുള്ള വാക്കുമാണ്. അതുകൊണ്ട്, നാം മറ്റൊന്ന് പ്രതീക്ഷിക്കരുത്. പുതിയ നിയമം "പഴയ നിയമത്തിൽനിന്നു വ്യത്യസ്തമായി, അവസാനത്തേതും സ്ഥിരമായി ഇരിക്കുന്നതുമാണ് കാരണം അതിന്റെ നായകത്വം, അതിന്റെ പൗരോഹിത്യം, എന്നേക്കുമുള്ള പുത്രന്റെ രാജ്യമാണ് അത്"[9] ക്രിസ്തുവിന്റെ വെളിപ്പാടിന്നു ശേഷം വേറൊരു വെളിപ്പാടിന്റെ ആവശ്യമില്ല. പഴയതും പുതിയതുമായ നിയമങ്ങൾ നൽകിയത് ദൈവമാണ്, പക്ഷെ അന്തിമ നിയമത്തിനു മുൻപ് പല രീതിയിലാണ് സംസാരിച്ചത്.

ക്രിയയുടെ ഗ്രീക്ക് അയോറിസ്റ്റ് ടെൻസ് *ലാലെയോ* ഉപയോഗിച്ച് ദൈവം പ്രവാചകന്മാരിൽ കൂടെയും പുത്രൻ മുഖാന്തരവും സംസാരിച്ചശേഷം, ഇനി അവൻ ഒരിക്കലും മനുഷ്യരോട് സംസാരിക്കുകയില്ല എന്നാണ് എബ്രായ ലേഖകൻ പറയുന്നത്. ബ്രൂസ് ശരിയായി പറഞ്ഞു, "ദൈവത്തിന്റെ വെളിപ്പാട് സംഭവങ്ങൾ ക്രിസ്തുവിലേക്കുള്ള പുരോഗമനമായിരുന്നു, എന്നാൽ അവന്ന് അപ്പുറമായി ഒരു പുരോഗമനം ഇല്ല."[10] മനുഷ്യരോടുള്ള ഈ അന്തിമ വെളിപ്പാടിന്റെ പ്രാധാന്യം നിർണ്ണയിക്കുന്നതാണ് അത്. ഈ സുപ്രധാന സത്യത്തെ നിഷേധിക്കുന്നവർ നമുക്ക് ലഭിച്ചു കഴിഞ്ഞ തികവുള്ള അന്തിമമായ വെളിപ്പാടിനപ്പുറമായി പുതിയ ബൈബിളോ അല്ലെങ്കിൽ വേറൊരു വെളിപ്പാടോ അവകാശപ്പെടുന്നവരാണ്!

മുൻകാലങ്ങളിലെ ശബ്ദങ്ങളെല്ലാം യേശുവിന്റേതിനേക്കാൾ കുറവുള്ളതായിരുന്നു. അതിൽ ദൂതന്മാരും (1:4–2:18), മോശെയും (3:1–4:7), യോശുവയും (4:8–13), അഹരോന്റെ പൗരോഹിത്യവും (4:14–7:28) ഉൾപ്പെടുന്നു. ലേഖകൻ മാനുഷിക ഏജന്റിനെ പറയുന്നുവെങ്കിലും, പഴയ നിയമം വാസ്തവത്തിൽ

സംസാരിച്ചത് ദൈവം ആയിരുന്നു (3:7 നോക്കുക; 95:7 ഉദ്ധരിച്ചിരിക്കുന്നു). ദൈവശ്വാസിയതയെ സംബന്ധിച്ച് ക്രിസ്തുവിന്റെ കാഴ്ച്ചപ്പാടും അതു തന്നെയായിരുന്നു. പഴയ നിയമ വേദഭാഗങ്ങൾ "ദൈവം നിങ്ങളോട് സംസാരിച്ചതാണ്" എന്നത്രെ കർത്താവ് പറഞ്ഞത് (മത്താ. 22:31, 32). കൂടാതെ, യോഹന്നാൻ 10:35 ൽ, തിരുവെഴുത്തിന്റെ ജീവനുള്ള ശക്തിയെ സംബന്ധിച്ച് പറഞ്ഞു, "ദൈവ വചനം ആർക്ക് വെളിപ്പെട്ടിരിക്കുന്നുവോ, അത് ലംഘിക്കാവുന്നതല്ല)." ദൈവത്തിന്റെ വചനം എന്നേക്കും ഉള്ളതാണ്. അത് എല്ലായ്പ്പോഴും പ്രായോഗികവും ഫലപ്രദവുമാണ്.

പഴയ നിയമത്തിൽ ദൈവം പറഞ്ഞത് ഈ പുസ്തകത്തിന്റെ ലേഖകനും ആരംഭ ക്രിസ്ത്യാനികളും വായിച്ചത് LXX ൽനിന്നാണ്. ബൈബിളിലെ പുസ്തകം ശരിയായി തർജിമ ചെയ്ത് ജനങ്ങളിൽ എത്തിച്ചാൽ, ദൈവം തന്റെ ജനത്തോടും ലോകത്തോടും സംസാരിച്ചിരുന്നത് മനസിലാക്കുവാൻ കഴിയും എന്നാണ് ആ വസ്തുത വെളിപ്പെടുത്തുന്നത്. എങ്ങനെയായാലും, അതിനർത്ഥം ഏതു തർജിമയും അല്ലെങ്കിൽ പുരാതനവും ആധുനികവുമായ വെർഷൻസ് ദൈവശ്വാസിയമായിരിക്കും എന്നല്ല! എല്ലാ സത്യത്തിന്റേയും അന്തിമ ഉറവിടം ഒന്നുമാത്രമാണ്.

ക്രിസ്തുവിന്റെ ഉപദേശത്തോട് കൂട്ടു ചേർക്കാതെയായിരുന്നു അപ്പൊസ്തലന്മാർ പഠിപ്പിച്ചത്. അത് മുൻപ് സ്വർഗം അധികാരപ്പെടുത്തിയതും, കർത്താവിൽനിന്നുള്ളതു തന്നെ എന്നു കണക്കാക്കുകയും ചെയ്തിരുന്നു. അപ്പൊസ്തലന്മാർ ഉപദേശിച്ചതെല്ലാം യേശുവിന്റെ അധരത്തിൽനിന്നു പുറപ്പെട്ട വചനം ആയിരുന്നു (മത്താ. 10:19, 20, 40). മത്തായി 16:19 ന്റെ ഗ്രീക്ക് ഹൂഗോ മെക്കാർഡ് പറഞ്ഞത്, അപ്പൊസ്തലന്മാർ ഭൂമിയിൽ കെട്ടിയതെല്ലാം "സ്വർഗത്തിൽ കെട്ടപ്പെട്ടിരുന്നു" എന്നാണ്.[11] ഇത് പഴയ നിയമ എഴുത്തുകളുടെ പ്രാധാന്യത്തെ കുറച്ചു കാണിക്കുന്നില്ല; കാരണം എബ്രായ ലേഖനത്തിലുട നീളം പഴയ നിയമ ഉദ്ധരണികളോ വാക്യങ്ങളോ കാണാം. ആ എഴുത്തുകളിൽ കൂടെയും ദൈവം ആണ് സംസാരിച്ചത് എന്നാണ് അത് സൂചിപ്പിക്കുന്നത്.

ക്രിസ്തു വരുന്നതിനെ കുറിച്ചുള്ള സൂചനകൾ ഉൽപത്തി 3:15; 12:1-3 ലും; 49:10 ലും കാണാം.[12] ആവർത്തനപുസ്തകം 18:15 ൽ കൂടുതൽ വ്യക്തമാക്കുന്നു (പത്രൊസ് പ്രവൃത്തികൾ 3:22 ൽ ഉദ്ധരിച്ചിരിക്കുന്നു), മോശെയെ പോലെ ഒരു പ്രവാചകനെ അയക്കും എന്നതായിരുന്നു പ്രഖ്യാപനം. പിന്നീട് മശിഹയുടെ സ്വഭാവവും പ്രവൃത്തികളും കൂടുതൽ പ്രത്യേകതയുള്ളതായി വെളിപ്പെടുത്തി. സങ്കീർത്തനങ്ങൾ 22:14-18 ൽ ക്രൂശീകരണ വിവരണം പ്രവചിച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ഉയർത്തെഴുന്നേൽപ് സങ്കീർത്തനങ്ങൾ 16:8-11 ൽ പ്രവചിച്ചിരുന്നു, ആ പ്രവചനം പത്രൊസ് പ്രവൃത്തികൾ 2:25-28 ൽ ഉദ്ധരിച്ചിരുന്നു.

ദൈവത്തിന്റെ വെളിപ്പാട് മുഴുവനും-അവന്റെ സ്വഭാവവും, ശക്തിയും, ഇഷ്ടവും, യേശുക്രിസ്തു മുഖാന്തരം മാത്രമെ പഠിക്കുവാൻ കഴിയു (യോഹ. 10:30; 14:9; 17:3-8). അതുകൊണ്ടാണ്, പുതിയ നിയമം, ഒരിക്കൽ പൂർത്തിയാക്കിയ ശേഷം, ഇത് എല്ലാ വെളിപ്പാടുകളുടേയും അവസാനം എന്നു പറഞ്ഞത്. ക്രിസ്തു വന്നപ്പോൾ, അവൻ അപ്പൊസ്തലന്മാർക്ക് ദൈവത്തെ വെളിപ്പെടുത്തി. ക്രിസ്തു സ്വർഗാരോഹണം ചെയ്ത ശേഷം, പരിശുദ്ധാത്മാവിനെ അയച്ചു വെളിപ്പാട് പൂർത്തിയാക്കുകയും അപ്പൊസ്തലന്മാരുടെ വചനങ്ങൾ അത്ഭുതങ്ങളാൽ ഉറപ്പിക്കുകയും ചെയ്തു (മർ. 16:20; യോഹ. 16:12, 13; എബ്രാ. 2:1-4). ഇന്നും തുടർച്ചയായ വെളിപ്പാട് ആവശ്യപ്പെ

ടുന്നവർ ദൈവം ക്രിസ്തുമുഖാന്തരം അന്തിമമായിട്ടാണ് വെളിപ്പാട് നൽകിയിരിക്കുന്നത് എന്ന വസ്തുത മറന്നുകളയുകയാണ്!

ആളുകളിൽ വിശ്വാസമുള്ള രക്ഷ വരേണ്ടതിന്ന് അവസാന വെളിപ്പാടും അത്ഭുതവും ഒപ്പത്തിനൊപ്പം പ്രാവൃത്തികമാക്കുകയായിരുന്നു (മർ. 16:15–20; യോഹ. 20:30, 31), "വരുവാനുള്ള ലോകത്തിന്റെ ശക്തി" ആസ്വദിക്കയിൽ (എബ്രാ. 6:5), ആരംഭ ക്രിസ്ത്യാനികൾ നിത്യ "യുഗത്തിന്റെ" ആദ്യ ഭാഗത്തിലായിരുന്നു, വലിയ ശക്തി നമുക്ക് വരുവാനിരിക്കുന്നതേയുള്ളു.

പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ഈ അന്തരങ്ങൾ നോക്കുക:[13]

| **പഴയത്:**<br>**പ്രവാചകന്മാർ** | **പുതിയത്:**<br>**ക്രിസ്തു** |
|---|---|
| മനുഷ്യർ ദൈവത്താൽ വിളിക്കപ്പെട്ടു | പുത്രനായ ദൈവം |
| പല പ്രവാചകന്മാർ | ഏക പുത്രൻ |
| ഭാഗികവും അപൂർണ്ണവുമായ സന്ദേശം | അവസാനത്തെ പൂർണ്ണമായ സന്ദേശം |

ദൈവം ഇപ്പോൾ തന്റെ **പുത്രനിൽ കൂടെ നമ്മോട് സംസാരിക്കുന്നു**. "സംസാരിക്കുന്നു" എന്ന വാക്ക് ഇവിടെ തർജിമ ചെയ്തിരിക്കുന്നത് (*ലാലെയോ*) എബ്രായലേഖനത്തിലുട നിളം ദൈവത്തിന്റെ അരുളപ്പാടുകൾക്കാണ് ഉപയോഗിച്ചിരിക്കുന്നത് (2:2, 3; 3:5; 7:14; 9:19; 11:16; 12:24, 25). ഇതേ ആശയം യൂദാ 3 ലും പറഞ്ഞിരിക്കുന്നു, "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേൽപിച്ച വിശ്വാസം."

ഈ ജീവിതത്തിൽ ഒരാൾക്ക് ദൈവത്തോട് ഏറ്റവും അടുക്കുവാനുള്ള മാർഗം അവന്റെ നിത്യ പുത്രൻ മുഖാന്തരം മാത്രമാണ്. പിതാവിങ്കലേക്കുള്ള ഏക മാർഗം പുത്രൻ മുഖാന്തരം മാത്രമാണ് (യോഹ. 14:1–6). പഴയ നിയമത്തിൽ ദൈവമാണ് സംസാരിച്ചത്, പുതിയ നിയമത്തിലും ദൈവമാണ് സംസാരിച്ചിരിക്കുന്നത്. യേശുക്രിസ്തു മുൻപ് പഠിപ്പിച്ച കാര്യങ്ങളെയാണ് പൗലൊസിന്റെ ലേഖനങ്ങളിലെല്ലാം "കർത്താവിന്റെ വചനം" എന്നു പറഞ്ഞിരിക്കുന്നത് (1 തെസ്സ. 1:8; 4:15). "ഞാനല്ല, കർത്താവ് തന്നെ കൽപിക്കുന്നത്" എന്നു പറഞ്ഞിരിക്കുന്നത് "കർത്താവിന്റെ വചനം ആണ്" (1 കൊ. 7:10; 14:37 നോക്കുക).

പുറപ്പാട് 3:6 ൽ ദൈവം മോശെയോട് സംസാരിച്ചു (പിന്നീട് യേശു LXX ൽ നിന്ന് ഉദ്ധരിച്ചു) പറഞ്ഞു, "മരിച്ചവരുടെ പുനരുത്ഥാനത്തെ കുറിച്ച്, ദൈവം നിങ്ങളോട് അരുളിച്ചെയ്തതു നിങ്ങൾ വായിച്ചിട്ടില്ലയോ? : *ഞാൻ അബ്രാഹാമിന്റേയും, യിസഹാക്കിന്റേയും, യാക്കോബിന്റേയും ദൈവം അല്ലയോ?* അവൻ മരിച്ചവരുടെ ദൈവം അല്ല, ജീവനുള്ളവരുടെ ദൈവം ആകുന്നു." (എംഫസിസ് ആഡഡ്). എബ്രായ വേദപുസ്തകത്തിൽകൂടെ ഒന്നാം-നൂറ്റാണ്ടിലെ ജനങ്ങളോട് ദൈവം സംസാരിച്ചു എന്നതിന്റെ തെളിവായിരുന്നു അത്.

അവൻ ഇന്ന് അതേ രീതിയിൽ-ദൈവം തന്റെ പുത്രനിൽ കൂടെ അപ്പൊ

സ്തലന്മാരും പ്രവാചകന്മാരും മുഖാന്തരം സംസാരിച്ച് എഴുതിയതിൽ കൂടെ സംസാരിക്കുന്നു. അവരുടെ വാക്കുകൾ പല തർജ്ജിമകളിൽകൂടെയും വെർഷനുകളിൽകൂടെയുമാണ് നമുക്ക് ലഭ്യമായിരിക്കുന്നത്. അത്തരം വെർഷനുകളിൽ യേശുവും അപ്പൊസ്തലന്മാരും സംസാരിച്ചിരിക്കുന്നു (LXX), അതായത് നമുക്ക് ലഭിച്ചിരിക്കുന്ന മൂല എബ്രായ പുസ്തകമല്ല എന്നർത്ഥം. തീർച്ചയായും, ദൈവം നമ്മോട് ആ തർജ്ജിമകളിൽ കൂടെ സംസാരിക്കുകയാണ്!

യേശുവിന്റെ ശ്രേഷ്ഠമായ വീക്ഷണത്തെ മലിനപ്പെടുത്തുവാൻ അവൻ അനുവദിക്കുന്നില്ല. അവന്റെ പ്രാധാന്യം കാണാതിരിക്കുവാനുള്ള അപകടം നേരിട്ടവരായിരുന്നു പ്രാരംഭ ക്രിസ്ത്യാനികൾ, നാമും സംശയമോ, അവിശ്വാസമോ നിമിത്തം അവനെ കാണേണ്ടതുപോലെ കാണാതിരിക്കത്തക്കവണ്ണം നമ്മുടെ കണ്ണുകൾക്ക് മങ്ങലേൽക്കുവാൻ അനുവദിക്കരുത്.

യേശുവിനെ എന്തുകൊണ്ട് ദൈവപുത്രൻ എന്ന് വിളിക്കുന്നു എന്ന വിഷയം വിപുലമായി റോബെർട്ട് മില്ലിഗൻ വിശദീകരിച്ചിരിക്കുന്നു: (1) കന്യക മറിയാമിൽ കൂടെയുള്ള അവന്റെ അസ്വാഭാവിക ഗർഭധാരണവും ജനനവും (ലൂക്കൊ. 1:35); (2) പൗലൊസ് പ്രവൃത്തികൾ 13:33 ൽ പറഞ്ഞതനുസരിച്ച് അവൻ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേറ്റതിനാൽ (വെളി. 1:5 നോക്കുക); (3) "അവൻ പിതാവിൽനിന്നു നിത്യനായി ജനിച്ചിരിക്കയാൽ."[14] പിതാവിൽ നിന്ന് സൃഷ്ടിക്കപ്പെട്ട രീതിയിലാണ് യേശു "ജനിച്ചതെങ്കിൽ," ദൈവത്തിന് അവൻ മുഖാന്തരം സകലവും സൃഷ്ടിക്കുവാൻ സാധ്യമല്ല (എബ്രാ. 1:2; യോഹ. 1:1–3).

മില്ലിഗൺ പറഞ്ഞതനുസരിച്ച് യേശു അവതാരം എടുത്തപ്പോഴായിരുന്നു ജനിച്ചത്, എന്നാൽ അവൻ അവതാരം എടുക്കുന്നതിനു മുൻപ് "ലോഗോസ്" ആയിരുന്നു (യോഹ. 1:1, 2), അതിനു മുൻപ് അവൻ പിതാവിനോടുകൂടെ ആയിരുന്നു. അവൻ തന്റെ നിത്യ സ്വഭാവത്തിലായിരുന്നതിനാൽ "ദൈവപുത്രൻ" എന്ന് യേശുവിനെ വിളിക്കുന്നു. "അബ്രഹാം കൽദയരുടെ ഊർ വിട്ടുപോയി" എന്നു നാം പറയുന്നതുപോലെയാണ്. അവൻ അപ്പോഴും അബ്രാം തന്നെയായിരുന്നു. പിന്നീടാണ് അവന്റെ പേർ അബ്രഹാം എന്നാക്കി മാറ്റുന്നത്. അവൻ ഭൗതികമായി വരുന്നതിനു മുൻപുള്ളവനുമാകയാലാണ് യേശുവിനെ നാം "ദൈവപുത്രൻ" എന്നു വിളിക്കുന്നത്. മത്തായി 4:3, 6 ൽ, സ്പഷ്ടമായ സംശയരൂപേണയായാലും സാത്താൻ ആ പ്രയോഗം അവനിൽ ഉപയോഗിച്ചിട്ടുണ്ട്; മത്തായി 14:33 ൽ അപ്പൊസ്തലന്മാർ ആദരവോടെ ക്രിസ്തുവിനെ "ദൈവപുത്രൻ" എന്നു വിളിച്ചു. പുകഴ്ച്ചയായി പൗലൊസ് റോമ. 1:4–ൽ ആ പ്രയോഗം നടത്തിയിരിക്കുന്നു. "ദൈവപുത്രൻ" എന്നു വെച്ചാൽ ദൈവത്തോടുകൂടെ, പിതാവിന്റെ പൂർണ്ണ മഹത്വത്തോടുകൂടെ ആണെന്ന അർത്ഥം എബ്രായലേഖനം മനസിലാക്കിയിരുന്നു. യേശുവിന്റെ മുഴുവൻ സ്വഭാവത്തെയും സൂചിപ്പിക്കുന്നതാണ് "ദൈവപുത്രൻ" എന്ന പേർ.

ദൈവം തന്റെ പിതാവ് എന്നു യേശു പറഞ്ഞപ്പോൾ, അവൻ ദൈവമാണെന്ന് അവകാശപ്പെടുന്നതായി യെഹൂദന്മാർ കരുതി (യോഹ. 10:33). അത് അവൻ വ്യാജമായി അവകാശപ്പെട്ടതെങ്കിൽ, മരണശിക്ഷക്ക് യോഗ്യനായിരുന്നു. "ദൈവപുത്രൻ" എന്നു പറയുന്നത് "ദൈവത്തോടുകൂടെയുള്ളവൻ" എന്നാൽ, പിതാവിന്റെ ദൈവികത്വം മുഴുവനായും ഉള്ളവൻ എന്നർത്ഥം. അവൻ "പുത്രൻ" ആകയാൽ, അവൻ "സകല [സൃഷ്ടികളുടേയും] കർത്താവ് ആണ്." (പ്രവൃ. 10:36). വാക്യം 2 ലെ ആ പ്രയോഗം അക്ഷരികമായി തർജ്ജിമ

ചെയ്തിരിക്കുന്നത് "പുത്രനാൽ" എന്നാണെങ്കിലും, "ആ വാക്കിന്റെ നാമം തികഞ്ഞ അർത്ഥത്തിലും സർവ്വനാമത്തിന് തുല്യവുമായ വിധത്തിലാണ്."[15]

മുഴുവൻ പുസ്തകത്തിന്റേയും വിഷയം എബ്രായ ലേഖനത്തിന്റെ ആദ്യ മൂന്നു വാക്യങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രീതി, സമയം, ദൈവത്തിന്റെ വെളിപ്പാട് ഏജന്റുമാർ എന്നിവയെയും പറഞ്ഞിരിക്കുന്നു.[16] വാക്യം 1 ലും 2 ലും വിഷയം പ്രത്യേകമായി പറഞ്ഞിട്ട്, 2 ലും 3 ലും ക്രിസ്തുവിന്റെ സ്വഭാവ ഗുണങ്ങളെ എടുത്തു കാണിച്ചിരിക്കുന്നു.

**പുത്രന്റെ സ്വഭാവവും മഹത്വവും (1:2, 3)**

**2... ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു. അവനെ താൻ സകലത്തിന്നും അവകാശിയാക്കി വെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. 3അവൻ അവന്റെ തേജസിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ട് പാപങ്ങൾക്ക് പരിഹാരം ഉണ്ടാക്കിയശേഷം ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു.**

ക്രിസ്തുവിന്റെ ദൈവിക സ്വഭാവവും മഹിമയും വെളിപ്പെടുത്തുന്ന അത്ഭുതകരമായ ഏഴ് പ്രസ്താവനകൾ ഈ ചെറിയ വേദഭാഗത്ത് നൽകിയിരിക്കുന്നു. നമുക്ക് അവനോടുള്ള ബന്ധത്തിൽ ആ സ്വഭാവഗുണങ്ങൾ ഓരോന്നും നമുക്ക് വിശദമായി പരിശോധിക്കാം.

**വാക്യം 2. യേശു സകലത്തിന്നും അവകാശി** എന്നു പറഞ്ഞിരിക്കുന്നു. ആ പ്രയോഗം സങ്കീർത്തനങ്ങൾ 2:8 ന്റെ പ്രതിധ്വനിയാണ്, "ജാതികളടക്കം"അവയെല്ലാം അവൻ വാഗ്ദാനം ചെയ്തിരിക്കുകയാണ്. യേശു ഇപ്പോൾ സകലത്തെയും വാഴുന്ന പരമാധികാരിയാണ് (കൊലൊ. 1:18; എഫെ. 1:22, 23). "സകലവും തന്റെ കാൽക്കീഴിലാക്കി വെച്ചിരിക്കുന്ന അവസാനത്തെ ആദാമാണ്" ക്രിസ്തു എന്നു പറഞ്ഞ് ലേഖകൻ ആ സത്യം 2:5–9 ൽ വിപുലമാക്കിയിരിക്കുകയാണ്. "സകലവും" (*പാസ്* എന്ന വാക്കിൽനിന്നുള്ള **പാന്റൺ** ആണ്) ആ വിശാലമായ പ്രയോഗത്തിന്റെ അർത്ഥം, "മനുഷ്യവർഗം" എന്നോ അല്ലെങ്കിൽ സ്വർഗത്തിലും ഭൂമിയിലും ഉള്ള എല്ലാം എന്നോ ആയിരിക്കാം. "സകലവും" എന്നു പറഞ്ഞിരിക്കുന്നതിൽ എല്ലാ കാലത്തെയും വീണ്ടെടുക്കപ്പെട്ടവരും ഉൾപ്പെടും. അതുകൊണ്ട്, ക്രിസ്തു ദൈവത്തിന്റേതും ക്രിസ്തുവിനുള്ളതെല്ലാം നമ്മുടേതുമാണ് (1 കൊ. 3:21–23). അവൻ "അവകാശി" ആണ് കാരണം ദൈവത്തിന് ഒരു "മകൻ" മാത്രമാണ് ഉള്ളത്. ക്രിസ്തുവിനപ്പുറമായി നമുക്ക് പുത്രത്വവുമില്ല അവകാശവുമില്ല. ദൈവം വീണ്ടെടുക്കപ്പെടുന്നവർക്ക് നൽകുന്ന തുറന്ന വാതിലാണ് ക്രിസ്തു. ഈ അതിശയകരമായ സത്യത്തെ അതിരില്ലാത്ത സന്തോഷത്തോടെ മാത്രമെ ഒരാൾക്ക് മനസിലാക്കുവാൻ കഴിയു.

യേശുവിന് ഇപ്പോഴത്തെ സ്ഥാനം എപ്പോഴാണ് ലഭിച്ചതെന്ന് കൃത്യമായി നമുക്ക് പറയുവാൻ സാധ്യമല്ല, എന്നാൽ "സകല അധികാരവും തനിക്ക് ലഭിച്ചിരിക്കുന്നു" എന്നു പറഞ്ഞപ്പോൾ തീർച്ചയായും അത് സംഭവിച്ചിരുന്നു (മത്താ. 28:18). അവന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയുടെ അനന്തര ഫലമായിട്ടാണ് ക്രിസ്തുവിനെ ഉയർത്തിയത് എന്ന് അപ്പൊസ്തലനായ

പൗലൊസ് ഫിലിപ്പിയർ 2:5-9 ൽ പറഞ്ഞിരിക്കുന്നു. ഈ വാകൃങ്ങളിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും നമുക്ക് വ്യക്തമായി മനസിലാകുന്നില്ലെങ്കിലും, "സകലവും" (*പാന്റൺ* എന്ന വാക്ക് *പാസിൽ* നിന്നും വന്നതാണ്), അത് വിശാലമായ പ്രകടനവും "മനുഷ്യർ" അല്ലെങ്കിൽ ഭൂമിയിലും സ്വർഗ്ഗത്തിലും ഉള്ള എല്ലാം എന്നും അർത്ഥം വരും. നാം ക്രിസ്തുവിനുള്ളവരും, ക്രിസ്തു ദൈവത്തിനുള്ളവനും, ക്രിസ്തുവിനുള്ളതെല്ലാം നമുക്കുള്ളതും ആകുന്നു. ദൈവത്തിന് ഏക "പുത്രൻ" മാത്രമുള്ളതുകൊണ്ട് അവൻ "അവകാശി" ആണ്. അവൻ അനേകനിധികളുടെ തുറന്നവാതിലാണ്, ദൈവം വീണ്ടെടുക്കപ്പെട്ടവർക്ക് അവ നൽകുന്നു. ഈ മഹത്വകരമായ സത്യം സന്തോഷത്തിലേക്ക് നയിക്കുന്നതാണ്.

ലേഖകൻ പറഞ്ഞു, [ക്രിസ്തു] **മുഖാന്തരം ദൈവം ലോകത്തെ സൃഷ്ടിച്ചു**. "ലോകം" (*അയിയോനാസ്*) ബഹുവചനമാണെങ്കിലും, അതിനെ "ലോകം" എന്നോ "പ്രപഞ്ചം" എന്നോ ആണ് എൻഐവിയിലും മൊഫാത്തിലും തർജിമ ചെയ്തിരിക്കുന്നത്.

സൃഷ്ടിത്വത്തിൽ ക്രിസ്തു പങ്കെടുത്തിരുന്നു, അവനെ കൂടാതെ യാതൊന്നും ഉളവായില്ല (യോഹ. 1:1-3). അലെക്സന്ദ്രിയക്കാരനായിരുന്ന ആരിയസ് (ഏ. ഡി. സി. 250-സി. 336) പറഞ്ഞത് ക്രിസ്തു സൃഷ്ടിക്കപ്പെട്ടവനാണ് എന്നത്രെ. അതിനെ എതിർത്ത് ഗ്രീക്ക് പിതാവായ അത്തനാസിയസ് (ഏ. ഡി. സി. 293-സി. 373) യോഹന്നാൻ ഒന്നാം അദ്ധ്യായത്തിൽനിന്ന് അതിനു മറുപടി പറഞ്ഞു: യേശു സകലത്തേയും സൃഷ്ടിക്കുന്നതിൽ പങ്കുകാരനായതിനാൽ, അവന് സൃഷ്ടിയാകുവാൻ നിർവ്വാഹമില്ല; ഇന്ന് ആരെങ്കിലും യേശു പ്രധാന ദൂതൻ ആയി സൃഷ്ടിക്കപ്പെട്ടവനാണെന്ന് പറഞ്ഞാൽ അതേ വിവേചനത്താൽ തന്നെയാണ് പ്രതിരോധിക്കേണ്ടത്. പലരും അത് സംശയിക്കുന്നുണ്ടെങ്കിലും, ദൈവികത്വത്തിൽ യേശുവിന്റെ സാന്നിധ്യം ഉറപ്പാക്കിയാണ് ദൈവം എന്ന വാക്ക് ഉൽപത്തി 1:1, 26-ൽ ബഹുവചനത്തിൽ ഉപയോഗിച്ചത് ("*ലോഹിം*").

സൃഷ്ടിത്വത്തിൽ കാണിച്ച അഭൂതപൂർവ്വമായ ശക്തി കാണുമ്പോൾ, ദൈവത്തെ നാം ഒരു വിധത്തിലും പരിമിതപ്പെടുത്താവുന്നതല്ല. ഓരോ അവിശ്വാസിയും അതാണ് ചെയ്യുന്നത്, കാരണം വളരെ വിസ്തൃതമായ സ്ഥലവും അതിൽ ഉൾപ്പെത്താവുന്നതെല്ലാം നൽകുകയും ചെയ്തു. യേശു സകലവും സൃഷ്ടിച്ചു എന്ന കാര്യത്തെ വിശ്വസിക്കുന്നതിന് വിശ്വാസിക്ക് പ്രയാസം നേരിടുകയില്ല. അയാൾക്ക് ശൂന്യാകാശത്തിൽ ഇരുണ്ട ദ്വാരങ്ങളോ പുതിയ ഗ്രഹങ്ങളോ കണ്ടെത്തി എന്നു പറയുമ്പോൾ അതിൽ യാതൊരു ചഞ്ചലിപ്പും ഉണ്ടാകുകയില്ല. പുതിയ വിവരങ്ങൾ ലഭിക്കുമ്പോൾ, ദൈവത്തിന്റെ ശക്തിയും, വീര്യവും ജ്ഞാനവും എത്ര വലുതാണെന്ന് തിരിച്ചറിഞ്ഞ് അത്ഭുതത്തോടെ നമുക്ക് അവനെ നമസ്ക്കരിക്കുവാൻ കഴിയും.

പുതിയ കണ്ടെത്തലുകൾ വിശ്വാസത്തെ ഇളക്കുമെങ്കിൽ, ദൈവത്തിന്റെ അത്ഭുതശക്തി, ഭുജവീര്യം എന്നിവയെ കുറിച്ചുള്ള നമ്മുടെ അറിവ് പരിമിതമാണ് എന്നർത്ഥം. സൃഷ്ടികർത്താവിന്റെ ശക്തിയും കഴിവും നമ്മുടെ ശരീരത്തിലെ ഓരോ കോശത്തിലും അന്തർലീനമായിരിക്കുന്നത് കാണാം. നമ്മുടെ തലയിലെ ഓരോ മുടിയും എണ്ണുവാൻ കഴിവുള്ള ദൈവത്തിന് നമ്മുടെ ഏറ്റവും ചെറിയ കാര്യങ്ങൾ പോലും ശ്രദ്ധിക്കുവാൻ കഴിയും എന്നു തിരിച്ചറിയുക (ലൂക്കൊ. 12:6, 7).

എഫ്.എഫ്.ബ്രൂസ് ആ പ്രയോഗത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു, “അവൻ മുഖാന്തരം ലോകത്തെയും സൃഷ്ടിച്ചു” എന്നത് പ്രാരംഭ സഭയുടെ വിശ്വാസം ഏറ്റു പറയുന്നതിലും ക്രിസ്തീയ ഗീതങ്ങളിലും അടങ്ങിയിരുന്നു (യോഹ. 1:3; കൊലൊ. 1:16 നോക്കുക).[17] 1 മുതൽ 3 വരെയുള്ള വാക്യങ്ങളിലെ ഭാഷ ക്രിസ്തുവിന്ന് ഉയർന്ന പുകഴ്ച്ച കൊടുക്കുന്ന വിധത്തിൽ ആരംഭ ക്രിസ്തീയ ഗീതങ്ങളിൽ പ്രതിധ്വനിച്ചിരുന്നു.

**വാക്യം 3.** തന്റെ **തേജസിന്റെ പ്രഭയാണ്** പുത്രൻ, പിതാവിന്റെ തേജസ് ജ്വലിപ്പിക്കുന്നതിനാൽ യേശുവിന്റെ മാഹാത്മ്യം നമുക്ക് കാണാം. “പ്ര’ ” (*അപൗഗാസ്മാ*), അർത്ഥം “പ്രകാശിക്കൽ,” അല്ലെങ്കിൽ “ദൈവത്തിന്റെ തേജസ് പ്രതിഫലിപ്പിക്കൽ” (ആർഎസ്‌വി). യെരുശലേം ബൈബിളിൽ “ദൈവതേജസിന്റെ പ്രഭയും അവന്റെ സ്വഭാവത്തിന്റെ തികഞ്ഞ പതിപ്പുമാണ്” എന്നത്രെ. അവൻ തേജസ് പ്രതിഫലിപ്പിക്കുന്നത് ചന്ദ്രൻ സൂര്യന്റെ പ്രകാശം പ്രതിഫലിപ്പിക്കുന്നതുപോലെയാണ് എന്നു പറഞ്ഞാൽ അത് തെറ്റാകും. “നേരിട്ടുള്ള പ്രകാശം” എന്നു പറയുന്നതാണ് ശരി.

“തേജസിന്റെ പ്ര’ ” എന്നതിന്റെ സമാന്തരപ്രയോഗമാണ് “അദൃശ്യനായ ദൈവത്തിന്റെ പ്രതിമ” (കൊലൊ. 1:15), “ദൈവരൂപത്തിൽ” എന്നിവ (ഫിലി. 2:6). പഴയനിയമത്തിൽ ദൈവത്തിന്റെ തേജസ് കണ്ണിനെ അന്ധത പിടിപ്പിക്കുന്നതായിരുന്നു (പുറ. 34:29–35). യേശുവിന് മറുരൂപമലയിൽ പ്രത്യക്ഷമായത് അതിനെ ഓർമ്മിപ്പിക്കുന്നതായിരുന്നു (മത്താ. 17:2; മർ. 9:2; ലൂക്കൊ. 9:29) ആ സമയത്ത് അവൻ *ഷെക്കിനാ*യോടുകൂടെ ജ്വലിക്കുകയായിരുന്നു (അക്ഷരികമായി “വസിക്കുക”), അതായത്, പഴയ നിയമത്തിൽ ദൈവത്തിന്റെ സാന്നിധ്യം വെളിപ്പെട്ടിരുന്നു എന്നർത്ഥം. ആ സാന്നിധ്യം അപ്പൊസ്തലന്മാർ ഇനി മോശെയല്ല, മറിച്ച് അന്തിമാധികാരമായി യേശുവിനെയാണ് കൈക്കൊള്ളേണ്ടത് എന്ന് അവർക്ക് ബോധ്യമായി. ആ സത്യം ഊന്നിയാണ് “ഇവന് ചെവി കൊടുപ്പിൻ” എന്നു ദൈവം അവരോട് പറഞ്ഞത്.

ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ക്രിസ്തുവിൽ വസിക്കുന്നു എന്ന സത്യമായിരുന്നു ആ തേജസ് അവർക്ക് കാണിച്ചുകൊടുത്തത് (കൊലൊ. 2:9). അവന്റെ സ്വഭാവത്തിൽകൂടെ യേശു ദൈവം ആണെന്ന് തെളിയിക്കുക എന്നതായിരുന്നു ലേഖകന്റെ ഉദ്ദേശം.

ക്രിസ്തുവിന്റെ സ്വഭാവം തെറ്റിദ്ധരിക്കപ്പെട്ടാൽ സുവിശേഷശക്തിയെ ദുർബ്ബലപ്പെടുത്തും എന്നതിനാലാണ് നാലാം നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ ദൈവികത്വം വാദിച്ച് തെളിയിക്കേണ്ടി വന്നത്. അവൻ ദൈവത്തെ “പ്രദർശിപ്പിച്ചതല്ലാതെ” ദൈവസാന്നിധ്യമായിരുന്നില്ല എന്നു തെറ്റിദ്ധരിച്ചാൽ, വാസ്തവത്തിൽ നമ്മുടെ ജീവിതം മൊത്തത്തിൽ തെറ്റിപ്പോകും എന്നതിന് സംശയമില്ല. ആ തെറ്റിദ്ധാരണ പൂർണ്ണമായി നീക്കം ചെയ്യുന്നതാണ് “വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു” എന്ന പ്രഖ്യാപനം (യോഹ. 1:1).

ദൈവം തന്റെ ഇഷ്ടം നമ്മോട് ആശയവിനിമയം ചെയ്യുന്നത് എങ്ങനെ എന്ന് കാണിച്ചശേഷം, ക്രിസ്തുവിൽ പ്രദർശിപ്പിച്ച ദൈവതേജസിനാണ് ലേഖകൻ ഊന്നൽ കൊടുത്തത്. എന്തുകൊണ്ടായിരുന്നു ആ സത്യം ഒന്നാം നൂറ്റാണ്ടിൽ പ്രാധാന്യമുള്ളതായിരുന്നത്? യെഹൂദന്മാർ ദൈവാലയത്തിന്റെ മനോഹാരിതയിലായിരുന്നുശ്രദ്ധിച്ചത്, കാരണം ദൈവസാന്നിധ്യം അവർക്ക് പ്രദർശിപ്പിച്ചത് അവിടെയായിരുന്നു. ദൈവാലയത്തേക്കാൾ വലിയ

വനായി ക്രിസ്തുവിലുള്ള മഹത്വം അതിനേക്കാൾ ശ്രേഷ്ഠമാണെന്ന് യെഹൂദ ക്രിസ്ത്യാനികൾ മനസിലാക്കേണ്ടിയിരുന്നു, കാരണം ദൈവാലയം (എ. ഡി. 70 ൽ) എന്നേക്കുമായി നശിപ്പിക്കുവാനിരിക്കയായിരുന്നു.

അവന്റെ **സ്വഭാവത്തിന്റെ ശരിയായ പ്രതിരൂപമായിരുന്നു** ക്രിസ്തു. ഒരു നാണയത്തിലെ പ്രതിരൂപം അത് ഉണ്ടാക്കിയ അച്ചിന്റേതായിരിക്കും,[18] അതു പോലെ, ദൈവപുത്രനിൽ ഉള്ളത് ദൈവത്തിന്റെ "സ്വഭാവരൂപം തന്നെയാണ്." (ആർഎസ്വി), "രൂപം" (*ക്യാരക്ടെർ*) പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത്, സൂചിപ്പിക്കുന്നത് ശരിയായ പ്രത്യുൽപാദനം എന്നാണ്. ഇംഗ്ലീഷിലെ "ക്യാരക്ടർ" എന്ന വാക്കിന്റെ അർത്ഥമല്ല അതിനുള്ളത്. മറ്റു ഭാഗങ്ങളിൽ യേശുവിനെ പറഞ്ഞിരിക്കുന്നത് *എയിക്കെൻ* "ദൈവത്തിന്റെ ("തനി സ്വരൂപം")" (2 കൊ. 4:4; കൊലൊ. 1:15). 1 കൊരിന്ത്യർ 11:7 ൽ മനുഷ്യൻ ദൈവത്തിന്റെ ... രൂപം [*എയികോൺ*] എന്നു പറഞ്ഞിരിക്കുന്നു. *എയിക്കോൺ* സൂചിപ്പിക്കുന്നത് പ്രതിനിധി *സ്വഭാവം* മാത്രമായിട്ടാണ്, എന്നാൽ യേശുവിന് അവന്റെ പിതാവായ, ദൈവത്തിന്റെ സർവ്വഗുണങ്ങളും ഉണ്ടായിരുന്നു. പുരാതന എഴുത്തുകാരനായിരുന്ന മോപ്സുസെറ്റിയക്കാരനായിരുന്ന തെയോഡർ (എ. ഡി. 350–428) പറഞ്ഞത് "വചനം ദൈവത്തോടുകൂടെ ആയിരുന്നു" (യോഹ. 1:1) എന്നത് "അവൻ അവന്റെ സ്വഭാവത്തിന്റെ യഥാർത്ഥ പ്രതിനിധാനം ആയിരുന്നു" എന്നതിനു തുല്യമാണ്"[19] എന്നത്രെ.

ഈ ഭാഷ പ്രകാരം, അപ്പോൾ യേശു "പതിപ്പ്" ആണ്-പക്ഷെ അതു കൊണ്ട് യഥാർത്ഥത്തിൽനിന്നു വ്യത്യാസമുള്ളത് എന്ന് അർത്ഥമാക്കരുത്. "അത്യുൽകൃഷ്ടമായതിനെ കൃത്യതയോടെ വിവരിക്കുവാൻ മനുഷ്യ ഭാഷ അപര്യാപ്തമായതുകൊണ്ടാണ് ആവാക്ക് ഉപയോഗിച്ചെന്നാണ് ക്രിസോസ്റ്റം പറഞ്ഞത്."[20] വ്യക്തമായ മറ്റു വേദഭാഗങ്ങളെ തെറ്റായ തീർപ്പിലെത്തുവാൻ തർജിമ ചെയ്ത വാക്കുകളെ നാം അനുവദിക്കരുത്! പിതാവുമായുള്ള അവന്റെ ബന്ധം നിമിത്തം യേശു മറ്റെല്ലാ വ്യക്തികളേക്കാളും ദൂതന്മാരേക്കാളും ശ്രേഷ്ഠനാണ്. പിതാവിൽനിന്നു വേറിട്ടു നിൽക്കുന്ന ഒരു വ്യക്തിയാണെങ്കിലും, അവൻ ദൈവത്തിന്റെ സത്തയാണ് (യോഹ. 10:30; 17:20, 21).[21] പുരാതന കാലത്തെ ആയാലും ആധുനികകാലത്തെ ആയാലും നടക്കുന്ന മറ്റു മത സമ്പ്രദായങ്ങളും യേശുവിനെ ഒരു മനുഷ്യൻ ആയോ അല്ലെങ്കിൽ ഒരു ദൂതൻ ആയോ മാത്രം പ്രഖ്യാപിക്കുന്നവർ എബ്രായ ലേഖനത്തിലെ അർത്ഥം നഷ്ടമാക്കിയിരിക്കുകയാണ്. യേശുവിന് പിതാവിന്റെ സ്വഭാവം ആണ് ഉള്ളത്. അത് വിസ്മയാവഹമാണ്, പക്ഷെ തിരുവെഴുത്ത് വെളിപ്പെടുത്തുന്ന വ്യക്തമായ സത്യമാണ്! ക്രിസ്തുവിന്റെ ദൈവികത്വത്തെ സംബന്ധിച്ച ഏറ്റവും വലിയ പ്രകടനമാണ് ഇത്. "വ്യക്തി," അല്ലെങ്കിൽ "സ്വഭാവം" (*ഹൂപോസ്റ്റാസിസ്*), ജീവനുള്ള അല്ലെങ്കിൽ സത്ത എന്നാണ് സൂചിപ്പിക്കുന്നത്. ദൈവത്തിനുള്ള, അതേ സ്വഭാവമാണ് യേശു എന്നതിനെ പിന്തുണക്കുന്നതാണ്, ഈ വേദഭാഗം എന്നു നിസംശയം പറയാം.

അടുത്തത്, **തന്റെ ശക്തിയുള്ള വചനത്താലാണ് അവൻ സകലത്തെയും വഹിക്കുന്നത്** എന്നാണ് ലേഖകൻ പറഞ്ഞത്. ഇതേ സത്യമാണ് കൊലൊസ്യർ 1:17-ൽ കാണുന്നത്: "അവൻ സകലത്തിന്നും മുമ്പെയുള്ളവൻ; അവൻ സകലത്തിന്നും ആധാരമായിരിക്കുന്നു." കരുണാധിക്യപ്രകാരമുള്ള പ്രവൃത്തിയെയാണ് അത് വ്യക്തമാക്കുന്നത്. ദൈവത്തിന്റെ "വചനത്താൽ" *(രേമാ)* അവൻ ലോകത്തെ നിർമ്മിച്ചതുകൊണ്ട്, അവ നിലനിൽക്കുന്നതും-അവന്റെ

വചനത്താലത്രെ-ശക്തിയുള്ള അവന്റെ വചനമാണ്. തീർച്ചയായും അവൻ സകലവും സൃഷ്ടിച്ചതിനാൽ, അവനെ കൂടാതെ ഒന്നും നിലനിൽക്കുകയുമില്ല.

പ്രപഞ്ചത്തിന്റെ ക്രമവും എല്ലാത്തിന്റേയും ക്ഷേമവും അവനാണ് നിലനിർത്തുന്നത് എന്നതും ആ പ്രസ്താവനയിൽ അന്തർലീനമായിരിക്കുന്നു. "സകലവും" എന്നതിൽ ദൂതന്മാരും, മനുഷ്യരും, സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും ഉൾപ്പെടുന്നു (ഉല്. 1:14-19). അതിനർത്ഥം യേശു ഓരോ ദിവസവും, വ്യത്യസ്തമായി അത്ഭുതങ്ങൾ ചെയ്തോ വാക്കുകൾ ഉച്ചരിച്ചോ ലോകത്തിന്റെ ക്രമം നിയന്ത്രിക്കുമോ? ഇല്ല. അവൻ പ്രപഞ്ചത്തിൽ എല്ലാം ക്രമമായി ചലിക്കുവാൻ ഒരു ഭൗതിക വ്യവസ്ഥ വെച്ചിരിക്കുകയാണ്. ആരംഭം മുതൽ ഓരോ ദിവസവും സൂര്യൻ പ്രത്യക്ഷപ്പെടുന്നത്, യേശു ഓരോ ദിവസവും ക്രമം മാറ്റാതിരിക്കുന്നതുകൊണ്ടാണ്. നാം അതിനെ ദൈവത്തിന്റെ പൊതുവായ കരുണാകരമായ പ്രവൃത്തി എന്നു വിളിക്കുന്നു.

ഒന്നുമില്ലായ്മയിൽനിന്നു തന്റെ വചനത്താൽ ദൈവം ലോകത്തെ സൃഷ്ടിച്ചു (എബ്രാ. 11:3) "നിയമിച്ചിരിക്കുന്നതുപോലെ എല്ലാം ക്രമമായി മുൻപോട്ട് ചലിപ്പിക്കുന്നത് ക്രിസ്തു ആണ്."[22] തന്റെ ശക്തിയുള്ള ഫലപ്രദമായ വചനത്താലാണ് ഗ്രഹങ്ങളെ ഓരോ സ്ഥാനങ്ങളിൽ നിർത്തിയിരിക്കുന്നത്. ദൈവം സൃഷ്ടികർത്താവാണ് എന്ന ആശയം വിശ്വസ്തരായ പഴയനിയമ യെഹൂദന്മാർക്ക് സുപരിചിതമായിരുന്നു (യെശ. 40:21, 22 നോക്കുക). നാം ആ ചിന്തകളിൽ കൂടുതൽ ആശ്രയിച്ച്, ദൈവത്തിന്റെ സൃഷ്ടിപരമായ ശക്തിയിലും അവന്റെ കരുണയിലും നമുക്ക് ആശ്രയിക്കാം.

ക്രിസ്തു **പാപങ്ങളിൽനിന്നു ശുദ്ധീകരണം വരുത്തി**. എൻഐവി പറയുന്നത് അവൻ "പാപങ്ങൾക്ക് ശുദ്ധീകരണം നൽകി." ആ ഒറ്റ പ്രയോഗത്തിൽ സുവിശേഷത്തിന്റെ പ്രാധാന്യം ഉൾപ്പെടുത്തിയിരിക്കുന്നു. മോശെയുടെ ന്യായപ്രമാണത്തിൻ കീഴിൽ ധാർമ്മിക ശുദ്ധീകരണം വരുത്തിയിരുന്നത് യാഗങ്ങളാൽ ആയിരുന്നു (എബ്രാ. 9:22). യേശു ക്രൂശിൽ ചിന്തിയ രക്തം മുഖാന്തരമാണ് പാപമോചനം നൽകുന്നത്. തൽഫലമായി നമുക്ക് തുടർച്ചയായ പാപമോചനം ലഭിക്കുന്നു എന്നതാണ് പ്രയോജനം (1 യോഹ. 1:7). "ഉണ്ടാക്കിയ ശേഷം" (*പോയിയെസമേനോസ്*, *പോയിയെയോ* ൽ നിന്നാണ്), അയോറിസ്റ്റ് പാർട്ടിസിപ്പിൾ ഉപയോഗിച്ചിരിക്കുന്നതിനാൽ, കഴിഞ്ഞ കാലത്ത് പൂർത്തിയാക്കിയ പ്രവൃത്തിയെയാണ് സൂചിപ്പിക്കുന്നത്. എബ്രായ ലേഖനത്തിന്റെ മുഖ്യ പോയന്റായ, ക്രിസ്തുവിന്റെ വീണ്ടെടുപ്പ് പൂർത്തിയാക്കി എന്ന് അത് ഊന്നി പറയുന്നതാണ്.

യേശു വന്നത് ധാർമ്മിക നീതി പഠിപ്പിക്കുന്നതിനു മാത്രമോ അല്ലെങ്കിൽ വെറുമൊരു മാതൃകയാകുവാനോ, രക്തസാക്ഷിയാകുന്നതിനോ മാത്രമോ അല്ല. നമ്മുടെ പാപങ്ങളെ നീക്കം ചെയ്ത് നമുക്ക് നിത്യജീവൻ നൽകുവാൻ ആണ് അവൻ വന്നത്. എങ്ങനെയായാലും, ഇവിടെ, പാപങ്ങളെ ശുദ്ധീകരിക്കുവാൻ മറ്റാർക്കും കഴിയാതിരുന്നത് ദൈവപുത്രനു കൈവരിക്കുവാൻ കഴിഞ്ഞു എന്നതാണ് വലിയ സത്യം. മഹാപുരോഹിതന്മാർക്ക് ചെയ്യുവാൻ കഴിയാതിരുന്നതാണ് യേശു ചെയ്തത്. അവർക്ക് പാപമോചനം ഒരു വർഷത്തേക്ക് മാത്രമാണ് നൽകുവാൻ കഴിഞ്ഞിരുന്നത്. എന്നാൽ, യേശുവിന് എല്ലാ കാലത്തേക്കും നമ്മുടെ പാപങ്ങൾ മോചിക്കുവാൻ കഴിഞ്ഞു. അവൻ തന്റെ വീണ്ടെടുപ്പ് പ്രവൃത്തി തുടരുവാനായി സദാകാലത്തേക്കും നമുക്ക് വേണ്ടി പക്ഷവാദം ചെയ്തുകൊണ്ടിരിക്കുന്നു (എബ്രാ. 7:25).

പുത്രൻ നമ്മുടെ വീണ്ടെടുപ്പുകാരൻ ആണ്. നമ്മുടെ പാപങ്ങളിൽനിന്നു നമ്മെ ശുദ്ധീകരിച്ചശേഷം, **അവൻ** [ദൈവത്തിന്റെ] **വലത്തുഭാഗത്ത് ഇരുന്നു.** യേശു സ്തെഫാനോസിന് പ്രത്യക്ഷനായപ്പോൾ, അവൻ സ്വർഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്ത് നിൽക്കുകയായിരുന്നു (പ്രവൃ. 7:56)! എബ്രായ ലേഖനത്തിൽ ക്രിസ്തു "ഇരിക്കുന്നു" എന്നു പറഞ്ഞതിനാൽ അവന്റെ പ്രവൃത്തി പൂർത്തിയാക്കി എന്നു തെളിയിക്കുകയാണ്, അങ്ങനെ യേശു തുടർച്ചയായി യാഗമർപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന ഉപദേശത്തെയാണ് തോൽപിക്കുന്നത്.

ഇവിടെ പറഞ്ഞത്, സങ്കീർത്തനങ്ങൾ 110:1 ആണ്, അത് എബ്രായ ലേഖനത്തിൽ മുഖ്യമായും ആവർത്തിച്ച് ഉദ്ധരിച്ചിരിക്കുന്ന വാക്യമാണ് (1:13, 8:1; 10:12, 13; 12:2). ദിവസേന അഹരോന്യ പുരോഹിതന്മാർ നിന്നു യാഗം ചെയ്യുന്നതിൽനിന്നു വ്യത്യസ്തമായി, ക്രിസ്തു ഇരിക്കുന്നു എന്നാണ് എബ്രായർ 10:11 ൽ വ്യക്തമാക്കിയത്. യെഹൂദ പുരോഹിതന്മാർക്ക് ഇരിക്കുവാനുള്ള അനുവാദമില്ലായിരുന്നു; സമാഗമന കൂടാരത്തിൽ കസേരയില്ലായിരുന്നു. അപര്യാപ്തമായ രക്ഷക്കുവേണ്ടി ആയിരുന്നു യെഹൂദ പുരോഹിതന്മാർ തുടർച്ചയായി യത്നിച്ചത്. എന്നാൽ ക്രിസ്തു ക്രൂശിൽ തന്റെ വീണ്ടെടുപ്പു പൂർത്തിയാക്കി ഒരിക്കൽ അർപ്പിച്ച യാഗത്താൽ പൂർണ്ണമായും നമ്മെ രക്ഷിച്ചു!

ദാവീദിന്റെ ഭവനത്തിലെ പ്രഭുവിനെ സംബോധന ചെയ്യുന്നതായിരുന്നു സങ്കീർത്തനങ്ങൾ 110. "വിശേഷമായ അധികാരത്താൽ 'ദാവീദ് ദൈവ സന്നിധിയിൽ ചെന്നിരുന്നു' " (2 ശമു. 7:18).[23] യേശുവിന്റെ മശിഹാത്വം ആരംഭ സഭക്ക് പ്രദർശിപ്പിക്കുന്നതായിരുന്നു സങ്കീർത്തനങ്ങൾ. (മർ. 12:37; പ്രവൃ. 2:34; 1 കൊ. 15:25; എഫെ. 1:20). അത് അവന്റെ പ്രവൃത്തി പൂർത്തിയാക്കിയെന്നു മാത്രമല്ല, അവൻ വിശ്രമിക്കയാണ് എന്നും തെളിയിക്കുന്നു, എന്നാൽ അവൻ ദൈവത്തോടുകൂടെ ഇരുന്നു വാഴുന്നു എന്നും സൂചിപ്പിക്കുന്നു (പ്രവൃ. 2:33–36). കൂടാതെ അവൻ പിതാവിനോടുകൂടെ സിംഹാസനത്തിലിരിക്കുന്ന "പ്രഭുവും രക്ഷിതാവും ആണ്" (പ്രവൃ. 5:31).

## ദൈവപുത്രനായ, ക്രിസ്തു ദൂതന്മാരേക്കാൾ വലിയവൻ (1:4-14)

**1:4–7**

**4അവൻ ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന്ന് അവകാശിയായതിന്ന് ഒത്തവണ്ണം അവരേക്കാൾ ശ്രേഷ്ഠനായി തീരുകയും ചെയ്തു.**

**5"നീ എന്റെ പുത്രൻ;**
**ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു"**
**എന്നും,**
**"ഞാൻ അവന്നു പിതാവും**
**അവൻ എനിക്കു പുത്രനും ആയിരിക്കും" എന്നും**
**ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ?**
**6ആദ്യജാതനെ പിന്നെയും ഭൂതലത്തിലേക്ക് പ്രവേശിപ്പിക്കുമ്പോൾ,**
**"ദൈവത്തിന്റെ സകല ദൂതന്മാരും അവനെ നമസ്ക്കരിക്കേണം"**
**എന്നു ഞാൻ അരുളിച്ചെയ്യുന്നു.**
**7"അവൻ കാറ്റുകളെ തന്റെ ദൂതന്മാരും അഗ്നിജ്വാലയെ തന്റെ**
**ശുശ്രൂഷകന്മാരും ആക്കുന്നു"**
**എന്നു ദൂതന്മാരെ കുറിച്ചു പറയുന്നു.**

വാക്യം 4, 5–ൽ, ദൂതന്മാരേക്കാൾ ഉയർന്ന സ്ഥാനമാണ് യേശുവിനുള്ളത് എന്നാണ് ലേഖകൻ വ്യക്തമാക്കിയത്. ക്രിസ്ത്യാനിത്വത്തിൽനിന്ന് ആരും പിന്മാറി പോകരുത്, കാരണം ക്രിസ്തു ദൂതന്മാരേക്കാളും പ്രവാചകന്മാരേക്കാളും വലിയവൻ എന്നതായിരുന്നു അവന്റെ പോയിന്റ്. ആ ചിന്തയിൽ മൂന്നു കാര്യങ്ങൾ അവൻ ഊന്നി പറഞ്ഞിരിക്കുന്നു. (1) അവൻ എന്തായി തീർന്നു എന്നത് (2) അവൻ ആരാണ് എന്നത് (3) അവന്റെ ആദരണിയ സ്ഥാനം.

നാം ചോദിച്ചേക്കാം,"ദൂതന്മാരേക്കൾ യേശുവിനുള്ള ശ്രേഷ്ഠത എന്തു കൊണ്ട് പറയണം?" യെഹൂദ മതത്തിന്റെ അവസാനകാലത്ത് അവർ വിശ്വസിച്ചിരുന്നത് തങ്ങളാണ് ഏറ്റവും ഉയർന്നവർ എന്നാണ്.[24] സ്വർഗത്തിലെ വിശുദ്ധസ്ഥലത്ത്, അവർക്കു വേണ്ടി പൗരൊഹിത്യശുശ്രൂഷ ചെയ്തത് മിഖായേലായിരുന്നു എന്നും കണക്കാക്കപ്പെട്ടിരുന്നു.[25] ആ ആത്മിയ ശുശ്രൂഷക്ക് വലിയ ദൂതന്മാർ ആവശ്യമാണെന്നും യെഹൂദന്മാർ ധരിച്ചിരുന്നു.

ദൈവശ്വാസിയമല്ലാത്ത പുസ്തകങ്ങളിലും ദുതന്മാരെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ പരത്തിയിരുന്നു, ചാവുകടൽ ചുരുളുകളിൽ രണ്ട് മശിഹാ അലങ്കാരങ്ങൾ കൊടുത്തിരുന്നു. അവയിൽ ഒന്ന് രാജകിയ വ്യക്തിയും മറ്റൊന്നു പൗരോഹിത്യ വ്യക്തിയുമായിരുന്നു, അതിൽ രാജകിയ വ്യക്തി പൗരോഹിത്യ വ്യക്തിയേക്കാൾ താഴ്ന്നവൻ ആയിരുന്നു. ആ രണ്ട് അലങ്കാരങ്ങളും പ്രധാന ദൂതനായിരുന്ന മിഖായേലിന്റെ കീഴിൽ വരുന്നതാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, "വരുവാനുള്ള ലോകം"[26] വാഴുന്നത് ഒരു ദൂതനായിരിക്കുമെന്നാണ് അവരുടെ ഉപദേശം.

ന്യായപ്രമാണം നൽകുന്നതിൽ ദൂതന്മാർക്ക് പങ്കുണ്ടായിരുന്നതിനാൽ, യെഹൂദന്മാർക്കിടയിൽ ദൂതന്മാർക്ക് ഉയർന്ന ആദരവാണ് ഉണ്ടായിരുന്നത്. ദൂതന്മാരേക്കുറിച്ചുള്ള അത്തരം ധാരണകൾ ഉണ്ടായിരുന്നതു നിമിത്തമായിരുന്നു ലേഖകൻ ഈ സത്യം അവതരിപ്പിച്ചത്.

**വാക്യം 4**. അവൻ എന്തായി തീർന്നു എന്നതു നിമിത്തമായിരുന്നു ക്രിസ്തു ദൂതന്മാരേക്കാൾ ശ്രേഷ്ഠൻ എന്നു പറഞ്ഞത്: **അവൻ ദൈവദൂതന്മാരേക്കാൾ വിശിഷ്ടമായ നാമത്തിന്നു അവകാശിയായി തീർന്നു**. "തീർന്നു" എന്നതിനേക്കാൾ നല്ല തർജിമ "ആയിത്തീർന്നു" എന്നാണ്, കാരണം രണ്ടാമത്തേത് പറയുന്നത് അവൻ "നിർമ്മിക്കപ്പെട്ടവാണ്" എന്നത്രെ. "ബീയിങ് മെയിഡ്" എന്നു പറയുന്നത് യോഹന്നാന്റെ സാക്ഷ്യത്തിന് വിപരീതമാണ്; അതായത് അവൻ "സകലവും" സൃഷ്ടിച്ച ദൈവികത്വത്തിലെ രണ്ടാമത്തെ വ്യക്തിയാണ് (യോഹ. 1:3). "ബീയിങ് മെയിഡ്" എന്നാണ് തർജിമയെങ്കിൽ അവൻ മനുഷ്യസ്വഭാവമുള്ളവൻ എന്ന അർത്ഥമേ വരുന്നുള്ളു. ദൈവമായിരുന്ന, നിത്യപുത്രൻ മനുഷ്യനായിതീർന്നു.

യേശുവിന് ഉയർന്ന "നാമം" ലഭിച്ചത് അവന്റെ അനുസരണവും മഹത്വീകരണവും നിമിത്തമാണ് (ഫിലി. 2:8–11). അവൻ എന്തെല്ലാം ആണ് എന്നതിനാലും, അവൻ എന്തെല്ലാം ചെയ്തു എന്നതിനാലുമാണ്. ദൂതന്മാരെ വിവരിക്കുന്നതിനേക്കാൾ ശ്രേഷ്ഠമായ നാമം ആയിരുന്നു "പുത്രൻ" എന്നത്.

പുത്രന് ദൂതന്മാരേക്കാൾ വലിയ സ്ഥാനവും, നേട്ടവും, അധികാരവും ആണ് ഉള്ളത്. ദൈവത്തിന്റെ സൃഷ്ടികളിൽ ദൂതന്മാർ വെറും ശുശ്രൂഷകന്മാർ അല്ലെങ്കിൽ ദാസന്മാർ മാത്രമാണ്. "ശ്രേഷ്ഠം" (*ക്രെയിറ്റോൺ*) എന്നു പറഞ്ഞാൽ "ഉയർന്ന," എന്ന് ആർഎസ്‌വി തർജിമ ചെയ്തിരിക്കുന്ന അർത്ഥവു

മുണ്ട്. *ടോസൗറ്റോസ്* എന്ന വാക്കിന് "അത്രത്തോളം" എന്നും *ക്രെയിറ്റോൺ* എന്നതിന് "ശ്രേഷ്ഠം" എന്നുമാണ് അർത്ഥം, അത് പുത്രൻ എന്ന സ്ഥാനത്തെ വിവരിക്കുന്നു. ശ്രേഷ്ഠമായത് എന്ന വാക്ക് പല സന്ദർഭങ്ങളിലായി എബ്രായ ലേഖനത്തിൽ പതിമൂന്നു പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു (പന്ത്രണ്ട് വാക്യങ്ങളിൽ: 1:4; 6:9; 7:7 ["വലിയത്"], 19, 22; 8:6; 9:23; 10:34; 11:16, 35, 40; 12:24).

"ദൈവ പുത്രൻ" എന്നു പറഞ്ഞിരിക്കയാൽ, ആ അർത്ഥത്തിൽ യേശു ഒരു ദൂതൻ ആണെന്ന് ചിലർ ചിന്തിച്ചേക്കാം (ഇയ്യോ. 1:6; 2:1; 38:7). അതിൽ നിന്നു വ്യത്യസ്തമായാണ്, യേശു ദൈവത്തോടുകൂടെ ഏറ്റവും അടുത്ത ബന്ധത്തിൽ, അവൻ ദൂതന്മാരേക്കാൾ ഏറ്റവും ശ്രേഷ്ഠനാണെന്ന് കാണിച്ചിരിക്കുകയാണ്. യേശുവിന്റെ സ്വഭാവം ശരിയായി മനസിലാക്കിയില്ലെങ്കിൽ, ഉപദ്രവം നിമിത്തം വിശ്വാസക്കുറവ് നരിട്ട് ചിന്താക്കുഴപ്പം നേരിട്ടേക്കാമെന്ന മുന്നറിയിപ്പാണ് ലേഖകൻ തന്റെ വായനക്കാർക്ക് നൽകുന്നത്.

അവന്റെ അവതാരത്തിന് മുൻപ് യേശുവിനെ "ലോഗോസ്" എന്നാണ് വിളിച്ചിരുന്നത് (*ലോഗോസ്*). ആ പേരാണ് അവന് യോഹന്നാൻ 1:1, 14–ൽ പറഞ്ഞിരിക്കുന്നത്. ഒരുപക്ഷെ അതിനെ കുറിച്ച് ഒരു സാമ്യം എന്തെന്നാൽ, ദൈവത്തിൽ നിന്നും നമുക്ക് ലഭ്യമാകുന്ന എല്ലാ ജ്ഞാനവും ഉൾപ്പെട്ടിരിക്കാം, അവൻ-ദ "ലോഗോസ്" - പ്രകടിപ്പിക്കുന്നത് അതാണ്. യേശു, അതുകൊണ്ട്, ദൈവത്തിന്റെ അതേ പ്രതിരൂപമാണ് (യോഹ. 14:7–11). അവനെ കുറിച്ചുള്ള ഇതേ സത്യം അപ്പൊസ്തലനായ പൗലൊസ് എഫെസ്യർ 1:19–21 ലും ഫിലിപ്പിയർ 2:9–11 ലും പറഞ്ഞിരിക്കുന്നതു കാണാം.

വാസ്തവത്തിൽ ലേഖകൻ ഒരു നിശബ്ദ വാദം നടത്തിയിരിക്കുന്നു. വാസ്തവത്തിൽ, അവൻ പറഞ്ഞു, "പുത്രനെ കുറിച്ച്, 'നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു' എന്നു ദൂതന്മാരോട് ആരോടും ഒരിക്കലും പറഞ്ഞിട്ടില്ലാത്തതിനാൽ, ദൂതന്മാർ പുത്രനേക്കാൾ താഴെയുള്ളവർ തന്നെയാണ്." ഒരാൾ താഴെ കൊടുത്തിരിക്കുന്നതുപോലെ ഊഹിക്കുവാൻ പാടില്ല എന്നാണ് അവൻ അന്തർലീനമാക്കിയിരിക്കുന്നത്: "ഒരു ദൂതനെയെങ്കിലും 'പുത്രൻ' എന്നു വിളിച്ചിട്ടില്ലെങ്കിലും (ഈ പ്രത്യേക അർത്ഥത്തിൽ), നമുക്ക് ഒരാളെ 'പുത്രൻ' എന്നു വിളിക്കാം കാരണം അങ്ങനെ ചെയ്യരുതെന്ന് നമ്മോട് ഒരിടത്തും പറയുന്നില്ലല്ലോ." ഇല്ല, എന്നാൽ ഈ ലേഖനം താത്വികമായി പറയുന്നത് ശ്രദ്ധിക്കുക: "ദൂതന്മാരെ കുറിച്ച് അങ്ങനെ പറഞ്ഞിട്ടില്ലാത്ത സ്ഥിതിക്ക്, അങ്ങനെ പറയുന്നത് സത്യമാകുകയില്ല." ഉയർന്നവരെ താഴ്ന്നവരെന്നോ, താഴ്ന്നവരെ ഉയർന്നവരെന്നോ പറയുവാൻ നമുക്ക് അവകാശമില്ല.

**വാക്യം 5**. അവൻ ആരാണ് എന്നതിന്റെ അടിസ്ഥാനത്തിലുള്ളതാണ് യേശു ദൂതന്മാരേക്കാൾ വലിയവൻ എന്ന എബ്രായലേഖനത്തിലെ രണ്ടാമത്തെ സത്യം: "**നീ എന്റെ പുത്രൻ, ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്ന് ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ"?** എന്നും **"ഞാൻ അവന്നു പിതാവും അവൻ എനിക്ക് പുത്രനും ആയിരിക്കും"** എന്നും അരുളിച്ചെയ്തിരിക്കുന്നു.

അദ്ധ്യായം 1 ലെ പഴയ നിയമത്തിലെ ഏഴ് ഉദ്ധരണികളിൽ ഒന്നാമത്തേതാണ് "നീ എന്റെ പുത്രൻ," ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്ന് സങ്കീർത്തനങ്ങൾ 2:7 ൽ പറയുന്നത്. ആ പ്രത്യേക സങ്കീർത്തനം യേശുവിനെ പ്രായോഗികമാക്കി വെളിപ്പാട് 12:5 ലും 19:15 ലും അവന്റെ വാഴ്ച്ചയിൽ അവനോട് പങ്കു ചേരുന്നവരെ കുറിച്ചു പറഞ്ഞ വെളിപ്പാട് 2:27 ലും ഉപയോഗിച്ചിരിക്കു

ന്നത് കാണാം.

ഒരു പ്രത്യേക ദൂതനെ കുറിച്ചാണ് സങ്കീർത്തനങ്ങൾ 2:7 ൽ പറയുന്നതെന്നായിരിക്കാം യെഹൂദന്മാർ വിശ്വസിച്ചിരുന്നത്. ഉദാഹരണമായി, " 'പുത്രൻ' എന്നു ദൈവം ആരെയായിരിക്കും സംബോധന ചെയ്യുന്നത്?" എന്ന് ഒരു റബ്ബിയോട് ചോദിച്ചാൽ, "തീർച്ചയായും ദൈവം അങ്ങനെ സംബോധന ചെയ്യുന്നത് ഒരു ശക്തനായ ദൂതനെ ആയിരിക്കും, കാരണം ദൂതന്മാരെ 'ദൈവപുത്രന്മാർ' " എന്നാണ് വിളിച്ചിരുന്നത് (ഇയ്യോ. 1:6; 2:1; 38:7). എങ്ങനെയായാലും, എബ്രായ ലേഖനം അത് തെറ്റാണെന്നു ബോധ്യമാക്കിയിരിക്കുന്നു, താഴെയുള്ള വേദഭാഗങ്ങൾ സ്പഷ്ടമായും പറയുന്നത് യേശു ദൂതനല്ല, ദൈവപുത്രനാണ് എന്നു തന്നെയാണ്. യേശു തന്റെ പുത്രനാണെന്ന് പിതാവ് രണ്ടു പ്രാവശ്യം സ്ഥിരീകരിച്ചിരിക്കുന്നു (മത്താ. 3:17; 17:5). ദൈവം ദൂതൻ എന്നു വിളിച്ച ഒരാളെ ആർക്കും "പുത്രൻ" എന്നു വിളിക്കുവാൻ സാധ്യമല്ല എന്നാണ് എബ്രായ ലേഖകൻ പറഞ്ഞത്.

ക്രിസ്തുവിന്റെ അവതാരത്തെ കുറിച്ചല്ല സങ്കീർത്തനങ്ങൾ 2:7 ൽ പ്രവചിച്ചിരിക്കുന്നത്, പിന്നെയോ അവന്റെ ഉയർത്തെഴുന്നേൽപിനെയാണ്. യേശു കല്ലറയിൽനിന്ന് ഉയർത്തെഴുന്നേറ്റ് സ്വർഗത്തിലെ സിംഹാസനത്തിലേക്ക് കയറിയത് തിരുവെഴുത്തിൽ അവതാരത്തേക്കാൾ പ്രാധാന്യമുള്ളതാണ്. പുതിയ നിയമത്തിൽ ഏറ്റവും ശ്രദ്ധയാകർഷിക്കുന്നത് മറിയയിൽകൂടെയുള്ള അവന്റെ ജനനം ആയിരുന്നില്ല, മറിച്ച് മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റതായിരുന്നു. വാസ്തവത്തിൽ, യേശു ദൈവപുത്രനാണെന്ന് ശക്തിയോടെ പ്രഖ്യാപിച്ചത് അവൻ മരിച്ചവരിൽനിന്നും ഉയർത്തെഴുന്നേറ്റതായിരുന്നു (റോമർ. 1:4).

"ഞാൻ അവന്നു പിതാവായിരിക്കും" എന്ന പ്രയോഗം 2 ശമുവേൽ 7:14–ൽ നിന്നും എടുത്തതാണ്. സൃഷ്ടികർത്താവും ദൂതന്മാരും തമ്മിലുള്ള ബന്ധത്തേക്കാൾ കൂടുതൽ അടുപ്പമുള്ള ബന്ധമാണ് പിതാവ്/പുത്രൻ എന്ന ബന്ധം.

2 ശമുവേലിലെ വാക്കുകൾ ആരംഭത്തിൽ ദാവീദിനെ കുറിച്ചോ അല്ലെങ്കിൽ ശലോമോനെ കുറിച്ചോ ആയിരിക്കാം പറഞ്ഞത്. പക്ഷെ എബ്രായ ലേഖനത്തിൽ "ഇരട്ട വാക്യമായി" ഉപയോഗിച്ചിരിക്കുന്നത് ദൈവം യേശുവിനോട് പറയുന്നതുമായിട്ടാണ്. ഒരുപക്ഷെ ആ പ്രവചനം ഇങ്ങനെ പറയുന്നതായിരിക്കും നല്ലത്: ആ പ്രവചനത്തിന്റെ ഭാഗികമായ നിറവേറൽ ദാവീദിലും ശലോമോനിലും ആയിരുന്നു, ദാവീദിന്റെ പുത്രനായ ശലോമോൻ ആയിരുന്നു ആദ്യ ദൈവാലയം പണിതത്. എങ്ങനെയായാലും, "അതിന്റെ പൂർണ്ണ നിറവേറൽ ദാവീദിന്റെ കൊച്ചുമകൻ ജനിച്ചപ്പോഴായിരുന്നു."[27]

ഇത്തരത്തിലുള്ള പ്രവചനങ്ങൾ പഴയ നിയമത്തിൽ ധാരാളം കാണാം, ആലങ്കാരികമായിട്ടും പ്രത്യേകമായിട്ടും. ആലങ്കാരികമായ നിറവേറലുകളിൽ ഒന്നായിരുന്നു, "മിസ്രയിമിൽനിന്നു ഞാൻ എന്റെ മകനെ വിളിച്ചു വരുത്തി" എന്നത് (ഹോശെ. 11:1 ൽനിന്നും മത്താ. 2:15) കാണിക്കുന്നത് യിസ്രായേൽ ജനം ക്രിസ്തുവിനെയും അവന്റെ പ്രവൃത്തികളെയും പ്രതിനിധീകരിക്കേണ്ടിയിരുന്നു എന്നാണ്. അങ്ങനെ ചില രീതിയിൽ യിസ്രായേൽ മക്കൾ ക്രിസ്തുവിനെ മാതൃകയാക്കേണ്ടവരായിരുന്നു. അതുപോലെ മരുഭൂമിയിൽ ഉയർത്തിയ സർപ്പം സൗഖ്യം കൊണ്ടുവന്നതുപോലെയായിരുന്നു ക്രൂശിൽ യേശുവിനെ ഉയർത്തുകയും അവനെ നോക്കുന്നവർ രക്ഷപ്രാപിക്കും എന്നതിന്റെ ദൃഷ്ടാന്തമായിരുന്നു (യോഹ. 3:14). മരുഭൂമിയിൽ വെച്ച് ഭക്ഷണവും ജലവും നൽകിയത് യേശുവിനെ പ്രതിനിധീകരിക്കുന്നതായിരുന്നു (1 കൊ.

10:1-4). അറുക്കപ്പെടുന്ന ഓരോ പെസഹക്കുഞ്ഞാടും യേശുവിനെയായിരുന്നു വിരൽ ചൂണ്ടിയിരുന്നത് (1 കൊ. 5:7). യെശയ്യാവ് 7:14 ("കന്യക ഗർഭിണിയായി മകനെ പ്രസവിച്ചു") ന് യെശയ്യാവിന്റെ കാലത്ത് ഒരു പ്രത്യേക അർത്ഥമുണ്ടായിരുന്നു, എന്നാൽ അതിന്റെ ഏറ്റവും വലിയ നിറവേറൽ, മത്തായി 1:21, 23-ൽ പറയുന്നതുപോലെ യേശുവിൽ ആയിരുന്നു.

അതിന്റെ ഒരു ഭാഗം 2 ശമുവേൽ 7:14-17 ൽ, ദാവീദിനേയോ അല്ലെങ്കിൽ ശലോമോനേയോ ബാധിക്കുന്നതായിരുന്നു, എങ്കിലും "ശലോമോനെക്കാളും" വലിയവനായ യേശുവിൽ ആയിരുന്നു അതിന്റെ പൂർണ്ണമായ നിറവേറൽ. എന്നാൽ "അവൻ കുറ്റം ചെയ്താൽ അവനെ മനുഷ്യരുടെ വടികൊണ്ട് അടിക്കും" എന്നത് തീർച്ചയായും യേശുവിനെ ബാധിക്കുന്നതല്ല, കാരണം അവൻ പാപം ചെയ്തിട്ടില്ല. ദാവീദ് ക്രിസ്തുവിന് മുന്നോടിയായിരുന്നു; പക്ഷെ അവൻ ചെയ്ത എല്ലാറ്റിലും അല്ലതാനും; അതുപൊലെയാണ് ഈ പ്രവചനവും. യെഹെസ്ക്കേൽ 34:23, 24-ൽ "ദാവീദിനെ" കുറിച്ചു പറയുമ്പോൾ അവന് ഒരു പിൻഗാമി ഉണ്ടാകുമെന്ന് മുന്നറിയിച്ചിരുന്നു, എന്നാൽ മരിച്ചുപോയ രാജാവിന്റെ വ്യക്തിപരമായ പിൻഗാമിയായിരുന്നില്ല, പിന്നെയോ മശിഹ എന്ന ക്രിസ്തുവിനെ കുറിച്ചായിരുന്നു പറഞ്ഞത്. ആ വാഗ്ദാനം നിറവേറുന്നത് ക്രിസ്തു വന്നപ്പോഴായിരുന്നു എന്ന് എബ്രായ ലേഖകൻ പറയുന്നു. അവൻ ദാവീദിന്റെ സന്തതിയും ദൈവപുത്രനുമായിട്ടാണ് വന്നത്. ചാവുകടൽ ചുരുളുകളിൽനിന്നു ലഭിച്ച ഒരു പുസ്തകമായ *ദ മിദ്രാ*[28] യിൽ 2 ശമുവേൽ 7:12-17 വ്യാഖ്യാനിച്ചിരിക്കുന്നത്, അന്ത്യകാലത്ത് "ദാവീദിന്റെ ഉദരത്തിൽ" നിന്നു വരുവാനിരിക്കുന്ന മശിഹയെ കുറിച്ചാണ് ആ വേദഭാഗം പറയുന്നത് എന്നാണ്.

മൂല ഗ്രന്ഥത്തിലെ ആദ്യ സന്ദർഭത്തിലെ അർത്ഥം നോക്കാതെ അവിചാരിതമായി ലേഖകൻ തെളിവ് നോക്കിയതല്ല. "പുതിയ നിയമത്തിലെ എല്ലാ പഴയ നിയമ ഉദ്ധരണികളും പ്രായോഗികമായി, ഓരോ സന്ദർഭത്തിൽനിന്നു കഷണം കഷണമായി എടുക്കുന്നതിനു പകരം-മൊത്തത്തിലുള്ള ഉറവിടവും സന്ദർഭവും നോക്കിയാണ് വേദഭാഗങ്ങൾ ഉദ്ധരിച്ചിരിക്കുന്നത്"[29] എന്നാണ് സി. എച്. ഡോഡ് പറഞ്ഞത്. എബ്രായ ലേഖകൻ വേദഭാഗങ്ങൾ ഉദ്ധരിച്ചതിനെ അന്യായമായി വിമർശിച്ചു എന്നാണ് ആർ. വി. ജി. ടാസ്കർ നിരീക്ഷിച്ചത്:

> ഒരു പ്രവാചകന്റെ പ്രഖ്യാപനത്തിന്റെ ചരിത്രപരമായ സാഹചര്യങ്ങളുടെ കൃത്യത അന്വേഷിക്കുന്നവർ ഒരു സത്യം മറക്കുകയാണ്. "ദൈവികമായ വെളിപ്പാട് ആദ്യം നൽകിയപ്പോൾ മുഴുവൻ നിബന്ധനകളും പറയുകയോ, അല്ലെങ്കിൽ അതിന്റെ ചരിത്രപരമായ സാഹചര്യങ്ങളെല്ലാം എങ്ങനെയായിരിക്കുമെന്ന് വ്യക്തമാക്കുകയോ ചെയ്തിട്ടില്ല, അക്കാരണത്താൽ അതിന് വിസ്തൃതമായ ഉദ്ദേശമാണുള്ളത് എന്നുസ്പഷ്ടം."[30]

ഈ ആശയം പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധത്തെ ബാധിക്കും:

> ഏറ്റവും ആദ്യം പഴയനിയമവും പുതിയ നിയമവും തമ്മിലുള്ള ബന്ധത്തെ വിജയകരമായി എടുത്തുകാണിച്ചത് എബ്രായലേഖനമാണ്, ... ആദ്യം പുഛിച്ചു തള്ളിക്കളഞ്ഞ വ്യാഖ്യാന രീതിയാണ് പുസ്തകം

അവലംബിച്ച വിലയുള്ള ഒരു ഭാഗം.[31]

ആദ്യസഭയുടെ പരിശീലനം പുസ്തകങ്ങൾ ബന്ധിപ്പിച്ച് ഉപയോഗിക്കുക എന്നതായിരുന്നു. ലേഖകൻ ഒരു വേദഭാഗം പരിചയപ്പെടുത്തി യെഹൂദ കാഴ്ച്ചപ്പാടിനെ പ്രതിരോധിക്കുകയും, അത് എങ്ങനെ ക്രിസ്തുവിൽ പ്രായോഗികമാകുന്നു എന്നു കാണിക്കുകയാണ്. ഇതിനുള്ള ഉദാഹരണം നമുക്ക് പ്രവൃത്തികൾ 2:25–28, 33–36; 13:34–37 ൽ കാണാം. പഴയ നിയമത്തിൽനിന്ന് ഏഴ് ഉദ്ധരണികൾ എബ്രായർ 1:5–13 ൽ എടുത്ത് ശരിയായി തിരുവെഴുത്ത് എങ്ങനെ ഉപയോഗിക്കാമെന്ന് കാണിച്ചിരിക്കുന്നു.

**വാക്യം 6**. ദൈവം ഈ സത്യം പ്രഖ്യാപിച്ചു! എന്നാണ് **അവൻ പറയുന്നതിന്റെ** അർത്ഥം എന്ന് ആമുഖം വ്യക്തമാക്കുന്നു. വേദപുസ്തകത്തിൽകൂടെ ദൈവം സംസാരിക്കുന്നു. ലേഖകൻെറ ദൈവശ്വാസിയത ആ പ്രയോഗം ഉൾക്കാഴ്ച്ച നൽകുന്നു. അതിൻെറ ദൈവികമായ അധികാരത്തെ മനസിലാക്കിയാണ് ലേഖകൻ ആ വേദഭാഗം ഉദ്ധരിച്ചത്.

ഈ വാക്യത്തിൽ ഉദ്ധരിച്ചത് സങ്കീർത്തനങ്ങൾ 97:7 ആണെന്ന് കരുതുന്നു, എങ്കിലും അതിലെ വാക്കുകൾ കൂടുതൽ യോജിക്കുന്നത് LXX ലെ ആവർത്തനപുസ്തകം 32:43 ആണ്. ഈ രീതിയിലുള്ള ഉപയോഗം ചാവുകടൽചുരുളുകളിലൊന്നിൽ കാണാം.[32] റോമർ 15:10 ലും ആവർത്തനപുസ്തകം 32:43 ഉദ്ധരിച്ചിട്ടുണ്ട്. അവിടെ പൗലൊസ് "അവൻ പറയുന്നു" എന്നാണ് അവതരിപ്പിച്ചത്, എബ്രായ ലേഖനത്തിന്റെ ആമുഖത്തിലാണ് ഉള്ളത്.[33] പൗലൊസാണ് ലേഖകൻ എന്ന് ഇത് വ്യക്തമാക്കുന്നുണ്ടോ? അതോ അത് പൊതുവായ ഉപയോഗം മാത്രമാണോ?

കൊലൊസ്യർ 1:15, 18 ൽ യേശുവിനെ **ആദ്യജാതൻ** എന്നു വിളിച്ചിരിക്കുന്നു. ആ വാക്യങ്ങളിലെ "ആദ്യജാതൻ" എന്നതിന്റെ അർത്ഥം "മരിച്ചവരിൽനിന്നുള്ള ആദ്യജാതൻ" എന്നാണ് അർത്ഥം. ഇവിടെയും അർത്ഥം അതു തന്നെയാണ്. ആ വിവരണമനുസരിച്ച് പിന്നീട് ഒരിക്കലും മരിക്കാതിരിക്കുന്നതിന് യോജിച്ചവനാണ് യേശു. മരിച്ചവരിൽനിന്ന് യേശു ലാസറെ ഉയർപ്പിച്ചിരുന്നു, പക്ഷെ അവൻ പിന്നെ മരിച്ചിരുന്നു (യോഹ. 11), അതുപോലെ യേശുക്രിസ്തു ഉയർത്തെഴുന്നേറ്റശേഷം കല്ലറയിൽനിന്നു ഉയിർത്തെഴുന്നേറ്റു വന്നവരും മരിച്ചു (മത്താ. 27:52, 53). മരണത്തിന്മേൽ യേശുവിനുള്ള അധികാരം തെളിയിച്ചുകൊണ്ടാണ് യേശു ഉയിർത്തെഴുന്നേറ്റു വന്നത്, "മരണത്തിന്റെ അധികാരിയായ, പിശാചിനെ" തോൽപിച്ചു (2:14).

ഏങ്ങനെയായാലും, അവന്റെ നാമത്തിൽ അതിൽ അധികവും ഉൾപ്പെടുന്നു എന്നു തോന്നുന്നു. എഫ്. എഫ്.ബ്രൂസ് പറഞ്ഞു, "അവനെ 'ആദ്യജാതൻ' എന്നു വിളിച്ചിരിക്കുന്നു കാരണം അവൻ സകല സൃഷ്ടിക്കും മുമ്പെയുള്ളവനാണ്, കാരണം സകല സൃഷ്ടിയും അവന്റെ പൈതൃകമാണ്."[34] മറ്റൊരു വ്യത്യാസം എന്തെന്നാൽ, ദൂതന്മാർ സൃഷ്ടിക്കപ്പെട്ടവരാണ്, പക്ഷെ ആദ്യജാതൻ "ഉളവാക്കിയവനാണ്."[35] സങ്കീർത്തനങ്ങൾ 2 ലെ മശിഹാത്വത്തിന്റെ അർത്ഥം, പ്രവൃത്തികൾ 4:25, 26 ലേതാണ്, അവിടെ സങ്കീർത്തനങ്ങളിലെ രണ്ട് വാക്യങ്ങൾ ഉദ്ധരിച്ച് യേശുവിന് പ്രായോഗികമാക്കിയിരിക്കുന്നു, ദൈവത്തിന്റെ അഭിഷിക്തനായ, "ക്രിസ്തു."

"ആദ്യജാതൻ" എന്നതിന്റെ പ്രത്യേകമായ അർത്ഥം "പരിശുദ്ധൻ," അല്ലെങ്കിൽ "യഹോവയുടെ അഭിഷിക്തൻ" കാരണം "ആദ്യജാതൻ" എന്ന്

ദൈവജനത്തിനായി ഉപയോഗിച്ചിരുന്നു (പുറ. 13:2; 22:29; സംഖ്യാ. 3:12, 13). അവൻ "ആദ്യനായി ജനിച്ചവൻ" അല്ലെങ്കിലും, ദാവീദിനെ "ആദ്യജാതൻ" ആക്കിയിരുന്നു (സങ്കീ. 89:27). ജനനക്രമത്തേക്കാൾ, പദവിയേയും റാങ്കിനെയും ആണ് വാക്ക് വ്യക്തമാക്കുന്നത്.[36] "ആദ്യജാതൻ" എന്നത് ഒന്നുകിൽ മുൻഗണന അല്ലെങ്കിൽ ശ്രേഷ്ഠത്വമാണ് അർത്ഥമാക്കുന്നത്. തീർച്ചയായും, ഇവിടെ അർത്ഥമാക്കുന്നത് രണ്ടാമത്തേതാണ്.[37] ആ പ്രയോഗം ആരംഭത്തിലെ അവതാരത്തിലേക്കും ദൂതന്മാർ അവനെ നമസ്ക്കരിച്ചതിലേക്കുമാണ് വിരൽ ചൂണ്ടുന്നത് (ലൂക്കൊ. 2:13–15), എന്നാൽ ആ നമസ്ക്കാരം അത്യുന്നതനായ ദൈവത്തെ മഹത്വപ്പെടുത്തുന്നതായിരുന്നു.

**അവനെ നമസ്ക്കരിക്കുവാൻ ദൂതന്മാരോടു കൽപിച്ചതിനാൽ**, അവർ ക്രിസ്തുവിനേക്കാൾ താഴ്ന്നവർ തന്നെയാണ്. ദൈവികമായ വ്യക്തിക്ക് മാത്രമെ ആരാധന സ്വീകരിപ്പാൻ കഴിയു; മനുഷ്യർ ദൂതന്മാരെ ആരാധിക്കുന്നതുപോലും അവർ വിലക്കിയിരുന്നു (വെളി. 22:8, 9). സങ്കീർത്തനങ്ങൾ 97:7–ൽ ദൂതന്മാരെ "ദേവന്മാർ" എന്നാണ് വിളിച്ചിരിക്കുന്നത്, പക്ഷെ ഒരു ദൂതനേയും "പുത്രൻ" എന്നു വിളിച്ചിട്ടില്ല.

യേശുവും ദൂതന്മാരും തമ്മിലുള്ള അന്തരം എബ്രായ ലേഖകൻ വ്യക്തമാക്കിയിരിക്കുന്നു. അവൻ ആരായി തീർന്നു എന്നതിനാലും, അവൻ ആരാകുന്നു എന്നതിനാലും, അവന് പിതാവുമായുള്ള ബന്ധവും നിമിത്തം യേശു ദൂതന്മാരേക്കാൾ വലിയവൻ ആണ് എന്ന് എബ്രായർ 1:4–6 ൽ പറഞ്ഞിരിക്കുന്നു. ആ അന്തരങ്ങളിൽ പ്രധാന ഭാഗം 1:7–14 ൽ പറഞ്ഞിരിക്കുന്നു.

**വാക്യം 7**. സങ്കീർത്തനങ്ങൾ 104:4 എടുത്ത് **ദൂതന്മാർ സേവകന്മാരാണെന്നും** എന്നാൽ യേശു, ദൈവത്തിന്റെ ഏകജാതനായ പുത്രൻ ആണെന്നും സൂചിപ്പിച്ചിരിക്കുന്നു. ദൂതന്മാർ സൃഷ്ടിക്കപ്പെട്ടവരും തെറ്റു ചെയ്താൽ ശിക്ഷക്ക് വിധേയരും ആകുന്നു (2 പത്രൊ. 2:4). ദൈവം ദൂതന്മാരെ "സേവകന്മാരായും" **അഗ്നിജ്വാല** ആയും ഉപയോഗിച്ചിരുന്നു (ഇപ്പോഴും ഉപയോഗിക്കുന്നു).

ദൂതന്മാരെ **കിളിവാതിലുകളായി** ദൈവം ഉപയോഗിക്കുന്നു എന്ന് എൻ ഏഎസ്ബിയും എൻഐവിയും പറയുന്നു, കെജെവിയും എൻകെജെവിയും ദൂതന്മാരെ "ആത്മാക്കൾ" എന്നാണ് പറയുന്നത്. *ന്യൂമാ* എന്ന വാക്ക് പുതിയ നിയമത്തിൽ 375 ലധികം പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. അവയിൽ അധികവും "ആത്മാവ്" ആയിട്ടാണ് ഉദ്ദേശിച്ചിരിക്കുന്നത് (പരിശുദ്ധാത്മാവ്, ദൈവത്തിന്റെ ആത്മാവ്, അല്ലെങ്കിൽ മനഷ്യാത്മാവ്).

വാക്യം 7 ൽ *ന്യൂമാ* തർജിമ ചെയ്തിരിക്കുന്ന "കാറ്റുകൾ" പല കാരണങ്ങൾകൊണ്ട് തെറ്റാണെന്ന് കാണാം. ആരംഭത്തിൽ, ദൈവം തന്റെ ഹിതം ദൂതന്മാരെക്കൊണ്ട് എങ്ങനെ നിവർത്തിക്കുന്നു എന്നു നോക്കുക. നാശകരമായ മിന്നൽ പോലെയും, ശക്തിയുള്ള കാറ്റു പോലെയും അവർ ദൈവത്തെ സേവിച്ചിരുന്നു. കൂടാതെ, "കാറ്റുകൾ" എന്ന വാക്ക് ആളുകളെ ശിക്ഷിക്കുവാൻ ദൈവം ആഗ്രഹിച്ച് പ്രകൃതിമൂലകങ്ങളെ ഉപയോഗിക്കുന്നതിനെയാണ് അത് കാണിക്കുന്നത്. ലേഖകന്റെ ദൂതന്മാരുടെ അത്ഭുതകരവും മർമ്മവുമായ പ്രവൃത്തികളെ കാണിക്കുവാൻ *ന്യൂമാ* എന്ന വാക്ക് ഉപയോഗിച്ച് നമ്മെ വിസ്മയപ്പെടുത്തിയിരിക്കുകയാണ്.

ഈ വാക്യത്തിലെ ആ വാക്ക് തർജിമ ചെയ്തിരിക്കുന്ന "ആത്മാക്കൾ" എന്നതിന് താഴെ കൊടുത്തിരിക്കുന്ന വാദങ്ങൾ ഉന്നയിക്കുവാൻ സാധ്യത

യുണ്ട്:

1. സന്ദർഭം അതിനെ പിന്തുണക്കുന്നു. യേശു ദൂതന്മാരേക്കാൾ വലിയവൻ ആണെന്ന് കാണിക്കുകയാണ് ലേഖകന്റെ ഉദ്ദേശം. അത് കണക്കിലെടുത്താൽ ആ വാക്കിനെ "ആത്മാക്കൾ" എന്നു തർജിമ ചെയ്യണം. ദൈവേഷ്ടം ചെയ്യുവാൻ ദൈവം അയച്ച സേവകാ "ത്മാക്കൾ" ആയിരുന്നു ദൂതന്മാർ. 1:14-ൽ പറയുന്നതുപോലെ അവർ വെറും "കാറ്റുകൾ" ആയിരുന്നില്ല.

2. സ്ഥിരത അത് ആവശ്യപ്പെടുന്നു. 1:14 ൽനിന്നും 1:7 ലേതിന് അർത്ഥ വ്യത്യാസം വരുവാൻ എന്താണ് കാരണം?

3. ഭൂതകാലത്തിലെ ദൈവത്തിന്റെ പ്രവൃത്തി ചരിത്രം അതാണ് സൂചിപ്പിക്കുന്നത്. ദൂതന്മാരുടെ സേവനങ്ങൾ നമുക്ക് പഴയ നിയമത്തിലും പുതിയ നിയമത്തിലും കാണാം. പഴയനിയമ കാലത്ത് ദൈവം അവരെ അയച്ചാണ് സൊദോമിനേയും ഗൊമോരയെയും നശിപ്പിച്ചത് (ഉല്. 19:1-26). ദൈവം നേരിട്ട് പ്രവർത്തിക്കാതെ, ദൂതനെ അയച്ചുകൊണ്ടാണ് മിസ്രയിമിലെ ആദ്യജാതന്മാരെ സംഹരിച്ചത് (പുറ. 12:23). ന്യായപ്രമാണം നൽകുന്നതിലും ദൂതന്മാരുടെ സേവനം ഉൾപ്പെട്ടിരുന്നു (പ്രവൃ. 7:53; എബ്രാ. 2:2). ദാവീദ് ജനസംഖ്യയുടെ കണക്കെടുപ്പ് നടത്തിയപ്പോഴും ദൂതന്മാർ തങ്ങളുടെ സേവനം അനുഷ്ഠിച്ചിരുന്നു (2 ശമു. 24:15-17). സെന്നാഖരീബിന്റെ സൈന്യത്തെ മറിച്ചിടുവാൻ ദൈവം ദൂതനെ ഉപയോഗിച്ചു (2 രാജാ. 19:35). ക്രിസ്തുവിന്റെ ജനനത്തെ അറിയിക്കുവാനും ഉയർത്തെഴുന്നേൽപും പുതിയനിയമ കാലത്തെ മറ്റു സംഭങ്ങൾ അറിയിക്കുവാനും ദൈവം ദൂതനെ ഉപയോഗിച്ചതായി നാം പുതിയ നിയമത്തിൽ വായിക്കുന്നു.

ചോദ്യത്തിന്റെ രണ്ട് വശവും പരിശോധിച്ചാൽ, *ന്യൂമാ* എന്ന വാക്ക് "ആത്മാക്കൾ" എന്നു തർജിമ ചെയ്യുന്നതാണ് ശരി എന്നതിനാണ് തെളിവ് ബലപ്പെടുത്തുന്നത്. ഇനി "കാറ്റുകൾ" എന്നു തർജിമ ചെയ്താലും, അടിസ്ഥാനപരമായി ലേഖകൻ ഉദ്ദേശിക്കുന്ന അർത്ഥത്തിന് മാറ്റം വരുന്നില്ല. ദൂതന്മാരെ ദൈവം എങ്ങനെ ഉപയോഗിക്കുന്നു എന്നും അതുമായി ക്രിസ്തുവിന്റെ സ്ഥാനത്തെ താരതമ്യം ചെയ്യുക എന്നതായിരുന്നു ലേഖകൻ ചെയ്തത്.

സങ്കീർത്തനങ്ങൾ 104 ലെ പ്രയോഗങ്ങൾ പ്രത്യേകമായി ഉപയോഗിച്ചിരിക്കുന്നത് ദൈവത്തെ ഉദ്ദേശിച്ചാണ്. ദൈവത്തിന്റെ പ്രാഗത്ഭ്യത്തേയും മഹത്വത്തെയും ആലങ്കാരികവും പദ്യാത്മകവുമായിട്ടാണ് ലേഖകൻ ആ പ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നത്. ദൈവം കാറ്റിൽ നടക്കുന്നവനായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്, മേഘം അവന്റെ രഥവും, പ്രകാശത്തെ മേലങ്കിയുമാക്കിയിരിക്കുന്നു. അവനെ കുറിച്ച് ആ വിവരണങ്ങൾ നൽകിയ ശേഷം സങ്കീർത്തനക്കാരൻ എഴുതി, "അവൻ കാറ്റുകളെ തന്റെ ദൂതന്മാരാക്കി," "അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരുമാക്കി." ഈ പഴയനിയമ വാക്യത്തിലെ *രൂവാക്* എന്ന വാക്ക് തർജിമ ചെയ്യേണ്ടിയിരുന്നത് മറ്റു വിവിധ വെർഷനുകളിൽ ചെയ്തിരിക്കുന്നതുപോലെ "കാറ്റുകൾ" എന്നാണ്. ലോകത്തിലെ പ്രപഞ്ചത്തിൽ ദൈവത്തിന്റെ ശക്തിയെ ആണ് സങ്കീർത്തനക്കാരൻ ചിത്രീകരിക്കുന്നത്. ദൈവത്തിന്റെ ഭുജവീര്യത്തെയും മാഹാത്മ്യത്തെയും ആലങ്കാരികമായി കാണിക്കുന്നതാണ് "അഗ്നിജ്വാല." തന്റെ ശത്രുക്കളിൽ എങ്ങനെ അവന്റെ ന്യായവിധിയും നാശവും നടപ്പാക്കുമെന്നാണ് ആ അലങ്കാരത്താൽ അവൻ സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ "അഗ്നിശക്തി" ആണ് അത് വ്യക്തിമാക്കുന്ന അടിസ്ഥാന അർത്ഥം.

ലേഖകൻ ആ ലൈൻ എടുത്തിരിക്കുന്നത് LXX ൽ നിന്നാണ്, തന്റെ ഉദ്ദേശ നിവർത്തിക്കായി സങ്കീർത്തനങ്ങൾ തർജിമ ചെയ്താണ് ഉപയോഗിച്ചിരിക്കുന്നത്. അവൻ സങ്കീർത്തനത്തിലെ വാക്കുകളാണ് ഉപയോഗിച്ചതെങ്കിലും, പ്രത്യേക സന്ദർഭത്തിനാണ് ഉദ്ധരിച്ചത്. ദൈവശ്വാസിയ ലേഖകൻ എന്ന നിലക്ക് അയാൾക്ക് അത് ചെയ്യാമായിരുന്നു. അപ്പൊസ്തലനായിരുന്ന പൗലൊസ് ഹബക്കൂക്ക് 2:4, ഇങ്ങനെ റോമർ 1:17–ൽ ഉപയോഗിച്ചിരിക്കുന്നു.

LXX ലെ ദൈവശ്വാസിയമാ പഴയനിയമ വേദഭാഗം എബ്രായ ലേഖകന് ശരിയായ ഉദ്ദേശത്തോടെ ഉപയോഗിക്കുവാൻ സാധിച്ചത് ദൈവാത്മാവിന്റെ സഹായത്താലായിരുന്നു എന്നാണ് ആർ. സി. എച്ച്. ലെൻസ്കി വിശ്വസിച്ചത്. “പഴയ നിയമ വാക്കുകളുടെ അന്തരാർഥത്തിലേക്ക് മുഴുവനായി ഇറങ്ങി ചെല്ലുവാൻ എബ്രായ ലേഖനത്തിന് കഴിഞ്ഞു ... ആത്മാവ് ലേഖകനെ നയിക്കുകയും ... ശരിയായ വ്യാഖ്യാനം പുതിയ നിയമ എഴുത്തുകാർക്കായി എഴുതുകുയും ചെയ്തു” എന്നാണ് അദ്ദേഹം പറഞ്ഞത്.[38] എങ്ങനെയായാലും, ഈ കാര്യത്തിൽ അദ്ദേഹത്തിന്റെ വീക്ഷണം സങ്കീർത്തനവുമായി യോജിക്കുന്നില്ല.

യേശുവിനേയും ദൂതന്മാരേയും തമ്മിൽ താരതമ്യം ചെയ്യുവാനായി ലേഖകൻ സങ്കീർത്തനങ്ങൾ 104:4 എടുത്തത് പരിശുദ്ധാത്മാവ് മുൻകണ്ടിരുന്നു എന്നതാണെന്ന് തോന്നുന്നു നല്ല വീക്ഷണം. അവൻ അങ്ങനെ ചെയ്തപ്പോൾ, ദൈവം വിവരിച്ചതിന്റെ ഗ്രീക്ക് തർജിമ ഉദ്ധരിക്കുവാനും ആത്മാവ് ലേഖകനെ ഉത്തേജിപ്പിച്ചിരിക്കണം. ലേഖകൻ തന്റെ ലേഖനത്തിലേക്ക് ആ വരികൾ എടുത്ത് ഉപയോഗിച്ചപ്പോൾ അത് ദൈവശ്വാസിയ തിരുവെഴുത്തായി തീർന്നു.

**1:8–12**

**8 പുത്രനോടോ:**

> **“ദൈവമേ നിന്റെ സിംഹാസനം എന്നും എന്നേക്കുമുള്ളത്; നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ,**
> **9 നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടനെ ദ്വേഷിക്കയും ചെയ്തിരിക്കയാൽ ദൈവമേ, നിന്റെ ദൈവം നിന്റെ കൂട്ടുകാരിൽ പരമായി നിന്നെ ആനന്ദ തൈലം കൊണ്ട് അഭിഷേകം ചെയ്തിരിക്കുന്നു”**

**10 എന്നും,**

> **“കർത്താവേ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനം ഇട്ടു. ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു;**
> **11 അവ നശിക്കും; നീയോ നിലനിൽക്കും; അവ എല്ലാം വസ്ത്രം പോലെ പഴകി പോകും;**
> **12 ഉടുപ്പ് പോലെ നീ അവയെ ചുരുട്ടും; വസ്ത്രം പോലെ അവ മാറിപ്പോകും; നീയോ അനന്യൻ; നിന്റെ സംവൽസരങ്ങൾ അവസാനിക്കയുമില്ല” എന്നും പറയുന്നു.**

**വാക്യം 8.** വേദ ഭാഗം ആരംഭിക്കുന്നത്, **ദൈവമേ, “നിന്റെ സിംഹാസനം എന്നുമെന്നേക്കും ഉള്ളത്” എന്നു പറഞ്ഞുകൊണ്ടാണ്.** വാക്യം 8 ലും 9 ലും ലേഖകൻ സങ്കീർത്തനങ്ങൾ 45 ഉപയോഗിച്ചിരിക്കുന്നു, ആ വേദഭാഗം മശിഹാത്വത്തെ അർത്ഥമാക്കുന്നു എന്ന് ഒന്നാം നൂറ്റാണ്ടിലെ യെഹൂദ പണ്ഡിതന്മാർ പരക്കെ അംഗീകരിച്ചിരുന്നതായിരുന്നു.[39] കിസ്റ്റമേക്കർ പറഞ്ഞു, “ഒന്നാം നൂറ്റാണ്ടിലേയും രണ്ടാം നൂറ്റാണ്ടിലേയും ക്രിസ്ത്യാനികൾ കണക്കാക്കിയിരുന്നത്, ആ

സന്ദർഭം അനുസരിച്ചും, എബ്രായർ 1 ന്റെ പ്രായോഗികതയനുസരിച്ചും മറ്റു എഴുത്തുകാരായ ജസ്റ്റിൻ മാർട്ടിറും ഐറേനിയസും അസംഖ്യം പ്രാവശ്യം സങ്കീർത്തനങ്ങൾ 45:6, 7 ഉദ്ധരിച്ചിട്ടുമുണ്ട്."[40] മണവാളനേയും മണവാട്ടിയേയും സംബോധന ചെയ്ത് അജ്ഞാതനായ ഒരു സങ്കീർത്തന എഴുത്തുകാരൻ വിശാലമായ ഒരു രാജകിയ വിരുന്നിനെ കുറിച്ച് എഴുതിയിരിക്കുന്നു. രാജാവ് (ഒരുപക്ഷെ ദാവീദിന്റെ വംശാവലിയിലെ ഏതെങ്കിലും രാജാവ് ആയിരിക്കാം) ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവനായി പറഞ്ഞിരിക്കുന്നു; എന്നാൽ ഭാഷയനുസരിച്ച് ഉപയോഗിച്ച ആശയം, ദാവീദിന്റെ സന്തതിയായി വരുന്ന, മശിഹയെയാണ് സൂചിപ്പിക്കുന്നത്!

ആ പ്രസ്താവന യേശുവിനെയാണ് വിവരിക്കുന്നത്, അവനെ "ദൈവം" എന്നു വിളിച്ചിരിക്കുന്നു (വാ. 8). ജെയിംസ് തോംസൺ പറഞ്ഞു, "എബ്രായ ലേഖകൻ ആരംഭത്തിൽ ദൈവം എന്നു പറഞ്ഞത് രാജാവിനെയാണോ അല്ലയോ എന്നത് തീർച്ചയില്ല."[41] ആങ്കർ ബൈബിൾ സീരീസിന്റെ രണ്ട് എഴുത്തുകാരിൽ, 1972 ലെ വെസ്ലി ബക്കനാനും, 2001 ലെ ക്രെയിഗ് ആർ. കൊയെസ്റ്ററും അതിനോട് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. അത് "പുത്രൻ ഇരിക്കുന്ന, ദൈവത്തിന്റെ നിത്യസിംഹാസനത്തെ" കുറിച്ചാണ് പറയുന്നത് എന്നാണ് ഒന്നാമത്തെ ആൾ എഴുതിയത്.[42] രണ്ടാമത്തെയാൾ പറഞ്ഞു, "അത് ആരംഭത്തിൽ ദൈവത്തെ സംബോധന ചെയ്ത വേദഭാഗമാണ്, പക്ഷെ ഇപ്പോൾ ദൈവമാണ് പുത്രനെ കുറിച്ച് 'ദൈവം' എന്നു പറഞ്ഞിരിക്കുന്നത്"; "1:8, 9 ൽ ഉദ്ധരിച്ചിരിക്കുന്ന സങ്കീർത്തനം 'ദൈവം' എന്ന് ഉദ്ദേശിച്ചിരിക്കുന്നത് ദൈവത്തിന്റെ അഭിഷിക്തനെയാണ്. യേശു ആണ് അഭിഷിക്തൻ അല്ലെങ്കിൽ ക്രിസ്തു എങ്കിൽ, ഇവിടെ അവനെ 'ദൈവം' എന്നു വിളിച്ചിരിക്കുന്നത് ഉചിതമാണ്."[43] "ക്രിസ്തുവിൻെറ ദൈവികത്വം" എടുത്തു പറയുന്നത് ഉപകാരപ്രദമാണെന്ന് കിറ്റ്സ്മേക്കർ സൂചിപ്പിച്ചിരിക്കുന്നു.[44] LXX നെ ശരിയായി പിന്തുടരുന്നതനുസരിച്ചാണ് യേശുവിനെ ദൈവം എന്നു പറഞ്ഞിരിക്കുന്നത് എന്നാണ് എഫ്. എഫ്.ബ്രൂസ് പറഞ്ഞിരിക്കുന്നത്.[45] എന്റെ അഭിപ്രായത്തിൽ ഈ സന്ദർഭം വളരെ വ്യക്തമാണ്: യേശുവിനെയാണ് ദൈവം എന്നു സംബോധന ചെയ്തിരിക്കുന്നത്.

യേശുവിന്റെ ഈ ദൈവിക ചിത്രം യെശയ്യാവ് 9:6 ലും കാണാം, അവിടെ ജനിക്കുന്ന ശിശു "വീരനാം ദൈവം" എന്നു വിളിക്കപ്പെടും എന്നാണ്. "നീതിയുള്ള മുളയായവൻ" ദാവീദിന്ന് രാജാവാകുവാൻ എഴുന്നേൽപ്പിക്കുമെന്നും "യഹോവ [യാഹ്വേ] നമ്മുടെ നീതി" എന്ന് അവൻ അറിയപ്പെടും എന്നും യിരെമ്യാവ് 23:5, 6 മുന്നറിയിച്ചിരുന്നു.[46] യേശു ദൈവപുത്രനും, അതേസമയത്ത് "ദൈവവും" ആണ് എന്നത് വളരെ വ്യക്തമാണ്-അതായത്, അവന് ദൈവികത്വമുണ്ട്, അവൻ ദൈവമാണ്, പിതാവിന്റെ അതേ സത്തയാണ് അവനുള്ളത്. ഏക ദൈവത്തിന്റെ സത്തയാണ്, മൂന്നു വ്യക്തികളിൽ അല്ലെങ്കിൽ വ്യക്തിത്വങ്ങളിൽ ഉള്ളത്.

ന്യു വേൾഡ് ട്രാൻസിലേഷനിൽ, "ദൈവം നിന്റെ സിംഹാസനം" എന്നാണ്, എന്നാൽ ആ തർജിമക്ക് എതിർവാദം ഉന്നയിക്കുവാൻ സാധ്യമല്ല. ശരിയായ തർജിമ "നിന്റെ സിംഹാസനം, ദൈവമേ, എന്നുമെന്നേക്കുമുള്ളത്" എന്നാണ്. പണ്ഡിതന്മാരിൽ ഭൂരിഭാഗവും-എൻഎഎസ്ബി, കെജെവി, എഎസ്വി, ആർഎസ്വി, എൻഈബി തർജിമ ചെയ്തവരടക്കം പറഞ്ഞിരിക്കുന്നത്, "നിന്റെ സിംഹാസനം, ദൈവമേ എന്നുമെന്നേക്കുമുള്ളത്" എന്നതിനോട്

യോജിക്കുന്നു. അതിലുപരിയായി, ഈ തർജിമ നാഥാൻ 2 ശമുവേൽ 7:16–ൽ ദാവീദിനോട് പറഞ്ഞ വാക്കുകളുമായി യോജിക്കുന്നു. ആ വാക്ക് രാജാവിന് ഉപയോഗിക്കുന്നത് വിശേഷതയുള്ളതല്ല, കാരണം രാജാക്കന്മാർ ദൈവത്തിന്റെ പ്രതിനിധിയായതുകൊണ്ട്, വിശേഷിച്ച് ദാവീദിന്റെ വംശാവലിയിലുള്ളവർക്ക് ഉപയോഗിക്കുന്നതിൽ അപാകതയില്ല.

മശിഹാ വാഴ്ച്ച അവസാനപുനരുത്ഥാനത്തോടുകൂടെ അവസാനിക്കുമെന്ന് ഒന്ന് കൊരിന്ത്യർ 15:24 വ്യക്തമാക്കുന്നു. തീർച്ചയായും, രക്ഷിക്കപ്പെട്ടവരെ പിതാവിന്ന് ഏൽപിച്ചുകൊടുക്കുമ്പോൾ, ഒരു മദ്ധ്യസ്ഥൻ എന്ന നിലക്കുള്ള ക്രിസ്തുവിന്റെ വാഴ്ച്ച അവസാനിക്കും, എന്നാൽ പിതാവിനോടുകൂടെയുള്ള അവന്റെ വാഴ്ച്ച തുടരും (ലൂക്കൊ. 1:33; 2 പത്രൊ. 1:11; ദാനി. 7:14). അവൻ മദ്ധ്യസ്ഥത പ്രവൃത്തിക്ക് വരുന്നതിന് മുൻപു നടത്തിയിരുന്ന വാഴ്ച്ച പിന്നെയും തുടരുമെന്നർത്ഥം.

**നീതിയുള്ള ചെങ്കോൽ**, ഒരു രാജാവിന്റെ അധികാരമുള്ള ചെങ്കോൽ ആയിട്ടാണ് പറഞ്ഞിരിക്കുന്നത്. ചെങ്കോലുമായി നിൽക്കുന്നത് കൽപനക്ക് ഘനം കൂട്ടുന്നതാണ് (എസ്ഥേർ 4:11). മശിഹായുടെ പ്രവൃത്തികളുടെ നീതിയാണ് ആ പ്രയോഗം ഊന്നൽ ചെലുത്തുന്നത്.

**വാക്യം 9**. ലേഖകൻ പറഞ്ഞു, "**നീ നീതിയെ ഇഷ്ടപ്പെട്ടു.**" ക്രിസ്തുവിനേക്കാൾ അധികം നീതിയോടെ ആർക്കും ഭരിക്കുവാനോ നീതിയെ ഇഷ്ടപ്പെടുവാനോ കഴിയുകയില്ല. അങ്ങനെ ഭരിച്ച മറ്റേതൊരു രാജ്യം ഉണ്ട്? ദീർഘകാലത്തേക്ക് ഭരിച്ച നല്ല രാജാവിനു പോലും അവസരം ലഭിച്ചാൽ സ്വേഛാധിപതിയായി പോകും. ക്രിസ്തുവിന്റെ ഭരണം എല്ലായ്പോഴും നീതിയും ന്യായവും ഉള്ളതാണ്. അവൻ "നീതിയെ ഇഷ്ടപ്പെടുകയും" എല്ലാ കാര്യത്തിലും ആ തത്വം പിൻപറ്റുകയും ചെയ്തു (1 പത്രൊ. 2:21–23).

"**അതുകൊണ്ട് ദൈവം ... നിന്നെ അഭിഷേകം ചെയ്തു.**" ഉൽസവത്തോടനുബന്ധിച്ചും രാജാവിന്റെ സ്ഥാനാഭിഷേകത്തിനും ആയിരുന്നു അഭിഷേകം ചെയ്തിരുന്നത്, പുരാതന ലോകത്ത് അത് വളരെ ആനന്ദം പുറപ്പെടുവിച്ചിരുന്നു. രാജാക്കന്മാരേയും പുരോഹിതന്മാരേയും പ്രവാചകന്മാരേയും അവരുടെ സ്ഥാനാരോഹണവുമായി ബന്ധപ്പെട്ട് അഭിഷേകം ചെയ്യുവാൻ എണ്ണ ഉപയോഗിച്ചിരുന്നു. ഉദാഹരണത്തിന് അഹരോന്റെ സംഭവത്തിലും (ലേവ്യാ. 8:12), അഹരോന്റെ പുത്രന്മാരുടെ സംഭവങ്ങളിലും (സംഖ്യാ. 3:3), ശൗൽ രാജാവിന്റെ സ്ഥാനാരോഹണത്തിലും സംഭവിക്കുന്നു (1 ശമു. 10:1).

യേശുവിന്റെ അഭിഷേകം നടന്നത് അവൻ സ്വർഗത്തിൽ പിതാവിന്റെ അടുക്കൽ പോയി, അവനിൽ ആദരവ് നിറച്ച് നൽകി സഭയുടെ തലയായും, സ്വർഗരാജ്യത്തിന്റെ രാജാവുമായപ്പോഴായിരുന്നു. "ക്രിസ്തു" എന്നത് യേശുവിന്റെ നാമവും പദവിയുമായിരുന്നു, അർത്ഥം "അഭിഷിക്തൻ" എന്നാണ്, അത് ഗ്രീക്കിൽ "മശിഹ" എന്നതിനു തുല്യമാണ് (സങ്കീ. 2:2 നോക്കുക). സ്വർഗീയ പിതാവിന്റെ മഹിമയിൽ പ്രവേശിച്ച യേശുവിന് ലഭിച്ചതിനേക്കാൾ ആദരവ് മറ്റാർക്കും ഒരിക്കലും ലഭിച്ചിട്ടില്ല.

**നിന്റെ കൂട്ടുകാരിൽ പരമായി** എന്നത് എൻകെജെവിയിൽ തർജിമ ചെയ്തത് "നിന്റെ കൂട്ടുകാരിൽ ഉപരിയായി" എന്നാണ്. ക്രിസ്തു ദൂതന്മാരേക്കാൾ വലിയവൻ എന്ന് ആ പ്രയോഗം അർത്ഥമാക്കുന്നുണ്ടോ? ദൂതന്മാർ വാസ്തവമായും ക്രിസ്തുവിനേക്കാൾ താഴെയാണ്, എന്നാൽ അവരെ "കൂട്ടുകാർ" (കെജെവി) എന്നു വിളിക്കാമോ? 2:10 ൽ "അനേകം പുത്രന്മാർ" എന്നു പറഞ്ഞിരിക്കുന്നത്

വീണ്ടെടുക്കപ്പെട്ടവരാണ്, അവരെ "സഹോദരന്മാർ" എന്നു വിളിക്കുവാൻ ആദ്യജാതനായ പുത്രൻ മടിച്ചില്ല (2:11). 3:14-ൽ വീണ്ടെടുക്കപ്പെട്ടവർ മശിഹ യുടെ *മെറ്റോക്കോയി*, ("പങ്കാളികൾ") എന്നാണ് പറഞ്ഞിരിക്കുന്നത്. അതേ ഗ്രീക്ക് വാക്ക് ഇവിടെ തർജിമ ചെയ്തിരിക്കുന്നത് "കൂട്ടുകാർ" എന്നാണ്. എങ്ങനെയായാലും, ഈ സന്ദർഭത്തിൽ യേശു നിത്യ പുത്രനും ദൂതന്മാർ സൃഷ്ടികളുമാണെങ്കിലും, ദൂതന്മാരെ കൂട്ടുകാർ എന്നാണ് പറഞ്ഞിരിക്കുന്നത്.

**വാക്യങ്ങൾ 10-12**. ഈ വാക്യങ്ങളിൽ സങ്കീർത്തനങ്ങൾ 102:25-27 ഉദ്ധ രിച്ചിരിക്കുന്നു. ആ വേദഭാഗം സാധാരണ യഹോവയെയാണ് സംബോധന ചെയ്തതായി കരുതപ്പെടുന്നത്, സ്പഷ്ടമായിട്ട് ക്രിസ്തുവിനെ കുറിച്ച് ആ സങ്കീർത്തനത്തിൽ നാം വായിക്കുന്നില്ല. എങ്ങനെയായാലും, എബ്രായ ലേഖ നത്തിൽ ഉദ്ധരിച്ചിരിക്കുന്ന പഴയനിയമ സ്ഥാപനങ്ങളായാലും സംഭവങ്ങളാ യാലും, അതിന്റേതായ അർത്ഥത്തിലുപരിയാണ് എന്നു വ്യക്തം. സങ്കീർത്തനം നസറേത്തുകാരനായ യേശുവിൽ നിറവേറുന്നില്ല എന്നു പറയുന്നത് എബ്രായ ലേഖനവും അതിന്റെ ആധികാരികതയും തള്ളിക്കളയുന്നതിനു തുല്യമാണ്. ചിത്രീകരണമായും, ദൃഷ്ടാന്തമായും, പ്രവചനനിറവേറലായും, പ്രയോഗങ്ങ ളായും പഴയ നിയമഭാഗങ്ങൾ പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്, രണ്ട് നിയമങ്ങൾ തമ്മിലുള്ള അഭേദ്യമായ ബന്ധത്തെയാണ് വെളിപ്പെടുത്തു ന്നത്. ദൈവം തന്റെ ജനത്തിന്റെ സംരക്ഷകനാണെന്ന് പുകഴ്ത്തി പറയുന്ന ഒന്നാണ് സങ്കീർത്തനങ്ങൾ 102. അത് മശിഹാ സങ്കീർത്തനമായി അംഗീ കരിക്കുവാനാണ് അത് ക്രിസ്തുവിനെ കുറിച്ചു പറയുന്നതായി ലേഖകൻ പറഞ്ഞത്.

പഴയനിയമത്തിലെ യഹോവയെ സംബോധന ചെയ്തിട്ടുള്ള വാക്കുകളും ആശയങ്ങളും പുതിയ നിയമത്തിൽ സംശയരഹിതമായി യേശുവിന് പ്രയോ ഗിക്കാവുന്നതാണ്. സൃഷ്ടിത്വത്തിൽ യേശുവിന്റെ പങ്ക് എബ്രായർ 1:2, 3 ൽ പറഞ്ഞു കഴിഞ്ഞതാണ്. വാക്യങ്ങൾ 10 മുതൽ 12 വരെ സങ്കീർത്തനങ്ങൾ 102 ഉദ്ധരിച്ച് ക്രിസ്തുവിനെ കുറിച്ച് പറയുന്ന ചിന്ത തുടരുകയാണ്.

പരിമിതികൾക്കുള്ളിൽ, പിതാവിനെ കുറിച്ച് പറയുന്നതെല്ലാം പുത്രനെ കുറിച്ച് പറയാവുന്നതാണ്. പിതാവിന്, എങ്ങനെയായാലും, അവനിൽ തന്നെ മഹത്വം ഉണ്ട്, അതുപോലെ തന്നെ പുത്രനും ഉണ്ട് (യോഹ. 17:4, 5). ലോകത്തെ രക്ഷിപ്പാൻ ദൈവം തന്നെത്തന്നെ അയച്ചില്ല (1 യോഹ. 4:14). ദൈവം ലോകത്തിന് പാപത്തെ ബോധ്യപ്പെടുത്തുവാൻ തന്നെത്തന്നെ അയ ക്കാതെ ആത്മാവിനെയാണ് അയച്ചത് (യോഹ. 16:7, 8). ഈ സങ്കീർത്തനം ക്രിസ്തുവിനായി പ്രയോഗിക്കുന്നതിൽ ഒന്നാം നൂറ്റാണ്ടിലെ ക്രിസ്ത്യാനി കൾക്ക് ഒരു വിഷമവും നേരിട്ടിരുന്നില്ല.

ഒരർത്ഥത്തിൽ, ദൈവവും, പുത്രനും, പരിശുദ്ധാത്മാവും ഒന്നുതന്നെയാ ണ്; എങ്കിലും അവരുടെ പ്രവർത്തനങ്ങളിലും ഉദ്ദേശങ്ങളിലും വ്യത്യാസം ഉണ്ട് (യോഹ. 10:30; 14:9-17). അതുകൊണ്ട്, ചില പഴയ നിയമ സന്ദർഭങ്ങളിൽ, പിതാവിനേയും പുത്രനേയും ഉൾപ്പെടുത്തിക്കൊണ്ടായിരിക്കാം "എലോഹിം" എന്ന ബഹുവചനം ഉപയോഗിച്ചിരിക്കുന്നത്. ദൂതന്മാർ സൃഷ്ടിത്വം നടക്കു മ്പോൾ നോക്കിയിരിക്കുന്നവർ മാത്രമായിരുന്നു; എന്നാൽ പുത്രൻ അതിൽ ദൈവത്തിന്റെ ഏജന്റ് ആയിരുന്നു (എബ്രാ. 1:10). മുമ്പിലത്തെ ഉദ്ധരണി യിൽ അവനെ "ദൈവം" എന്നു വിളിക്കുകയും ഈ വാക്യത്തിൽ അവനെ "കർത്താവ്" എന്നു വിളിക്കുകയും ചെയ്തിരിക്കുന്നു.

വേദപുസ്തകം പറയുന്നു, **"ഉടുപ്പ് പോലെ നീ അവയെ ചുരുട്ടും; വസ്ത്രം പോലെ അവ മാറിപ്പോകും"** (വാ. 12). വസ്ത്രം കുടയുന്നതു പോലെ, ക്രിസ്തു ഭൂമിയെ കുടയും. ഭൂമിയെ ഒരു സ്കാർഫ് ചുരുട്ടിക്കൂട്ടുന്ന തുപോലെ ചുരുട്ടിക്കൂട്ടും. "വസ്ത്രം" എന്നതിന് ഇവിടെ ഉപയോഗിച്ച വാക്ക് മത്തായി 5:40 ലും ഉപയോഗിച്ചിരിക്കുന്നു. നമുക്ക് ഒരു ഉടുപ്പ് ചുരുട്ടുന്നത് പ്രയാസമില്ലാത്തതുപോലെ ക്രിസ്തുവിന് ഈ പ്രപഞ്ചത്തെ ചുരുട്ടുവാനും പ്രയാസമില്ല! ദൈവം ഈ ലോകത്തെ ഏതു സമയത്തും അവസാനിപ്പിക്കാം; എന്നാൽ യേശു, എന്നേക്കുമുള്ളവൻ. അവൻ എന്നേക്കുമുള്ളവനാകയാൽ, തന്നോടൊപ്പം നിൽക്കുന്നവരെ അവൻ ഒരുനാളും ഉപേക്ഷിക്കുകയില്ല (എബ്രാ. 13:5, 6). ഒരിക്കൽ കൂടെ ലോകത്തെ ഇളക്കും എന്ന് എബ്രായർ 12:26 പറയുന്നു; എന്നാൽ നാം ഭാഗമായിരിക്കുന്ന രാജ്യം ഒരു ശക്തിക്കും ഇളക്കുവാനോ നശിപ്പിക്കുവാനോ കഴിയുകയില്ല. ആ ആശയം ദാനിയേൽ 2 ആണ് നമ്മെ ഓർപ്പിക്കുന്നത്, അതിൽ പ്രവചിച്ചിരുന്നത്, കർത്താവ് സ്ഥാപിക്കുന്ന രാജ്യം എന്നേക്കുമുള്ളതായിരിക്കും എന്നാണ് (വാക്യങ്ങൾ 44, 45).

"ആകാശവും ഭൂമിയും ഒഴിഞ്ഞു പോകും" എന്നാണ് പറഞ്ഞിരിക്കുന്നത് (മത്താ. 24:35; 2 പത്രൊ. 3:10–13). അതിൽനിന്നു വ്യത്യസ്തമായി, ക്രിസ്തു എന്നേക്കും **അനന്യൻ** ആയിരിക്കും (എബ്രാ. 13:8).

ഈ വേദഭാഗവും 2 പത്രൊസും പറയുന്നത് ഭൂമി നശിപ്പിക്കപ്പെടുമെന്നാണ്. പെസഹയും (പുറ. 12:11–14), ശബ്ബത്തും "എന്നേക്കും" ഉള്ളതായിരുന്നു (ലേവ്യാ. 24:8). എങ്ങനെയായാലും, "എന്നേക്കും" (*ഒലാം*) എന്നു പറയുന്നത് ഒരു പ്രത്യേക കാലയളവു വരെ നിലനിൽക്കുന്നതിനെയാണ്; അതുകൊണ്ട്, "എന്നേക്കുമുള്ളത്" എന്നു പറഞ്ഞതിന്, ഒരു പ്രത്യേകകാലം വരെ എന്നാണ് മനസിലാക്കേണ്ടത്.

സഭാപ്രസംഗി 1:4 പറയുന്നത് "ഭൂമിയോ എന്നേക്കും നിൽക്കുന്നു" എന്നാണ്, എങ്ങനെയായാലും ഭൂമിക്ക് സഹനശക്തിയുണ്ട് എന്ന അർത്ഥത്തിലാണ് ശലോമോൻ പറഞ്ഞിരിക്കുന്നത്; അല്ലാതെ ഭൂമിക്ക് നിത്യസ്വഭാവം ഉണ്ടെന്നല്ല ശലോമോൻ പറയുന്നത്. സഭാപ്രസംഗി അതിന്റെ മൊത്തം സന്ദർഭം മനസിൽ വെച്ചുകൊണ്ട് വേണം നാം മനസിലാക്കുവാൻ. അവിടെ പറഞ്ഞിരിക്കുന്നതിൽ ആത്മീയ കാര്യങ്ങൾ ഒന്നുമല്ല, എല്ലാ കാര്യങ്ങളും ഭൗതികമായാണ് വിലയിരുത്തുന്നത് എന്നു തോന്നുന്നു. ജീവിതത്തിൽ എല്ലാം "കാറ്റിനെതിരെ ഉതക്കുന്ന തുപോലെ" ആണെന്ന് നിങ്ങൾക്ക് തോന്നുന്നുവോ? (ഉദാഹരണമായി, സഭാ. 1:14 നോക്കുക). സഭാപ്രസംഗിയുടെ എഴുത്തുകാരൻ അത്തരത്തിലാണ് കൂടുതൽ അടുത്തു കാണുന്നത്, ആത്മീയവും നിത്യവുമായ കാര്യങ്ങളെ ചോദ്യം ചെയ്തിരിക്കുകയാണ്, എന്നിട്ട് ഒരു അവസാന തീർപ്പിൽ എത്തിയിരിക്കുന്നു (സഭാ. 12:13, 14 നോക്കുക).

**1:13, 14**

**13"ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠം**
**ആക്കുവോളം നീ എന്റെ വലത്തുഭാഗത്ത് ഇരിക്ക"**
**എന്നു ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ?**
**14അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷക്ക് അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?**

**വാക്യം 13.** ലേഖകൻ സങ്കീർത്തനങ്ങൾ 110:1 ൽനിന്ന് രണ്ട് അലങ്കാരങ്ങൾ എടുത്തിരിക്കുന്നു:

1. യേശുവിനോട് [പിതാവിന്റെ] **വലത്തുഭാഗത്ത് ഇരിക്കുവാൻ** ആവശ്യപ്പെട്ടതായി അവൻ പറയുന്നു. "വലത്തുഭാഗത്ത് ഇരിക്ക" എന്നത് ആദരവിനെ ആണ് സൂചിപ്പിക്കുന്നത്. ഒരു രാജാവിന്റെ കോടതിയിൽ രാജാവ് സിംഹാസനത്തിലും ഭൃത്യന്മാർ ചുറ്റിലും ഇരിക്കുന്ന പ്രതീതിയാണ് ആ വാക്കുകൾ സൂചിപ്പിക്കുന്നത്. പൂർവ്വ ദിക്കുകളിൽ അക്കാലത്ത് പന്തിയിൽ ഇരിക്കുന്നത് അങ്ങനെയായിരുന്നു. അവിടെ നിലവാരം അംഗീകരിക്കയും, ഏറ്റവും ആദരണീയനായ അതിഥിയെ "ചാരിയിരുത്തും" (അതിൽ "ഇരുത്തുന്നതും" ഉൾപ്പെടും), ആതിഥേയന്റെ മുഖ്യാതിഥിയെ പെട്ടെന്ന് തിരിച്ചറിയത്തക്കവണ്ണമായിരിക്കും ഇരുത്തുന്നത്.

ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുവാൻ ദൂതന്മാരോട് ദൈവം അരുളിച്ചെയ്തിട്ടില്ല. യേശുവിനോട് മാത്രമാണ് അങ്ങനെ പറഞ്ഞത്. തന്നെ കുറിച്ച് സങ്കീർത്തനങ്ങൾ 110:1-ൽ പറഞ്ഞിരിക്കുന്നത് മത്തായി 22:41-46 ൽ സൂചിപ്പിച്ചു (കൂടാതെ, മർ. 12:36; ലൂക്കൊ. 20:43). പുതിയ നിയമത്തിൽ പലപ്പോഴായി ഉദ്ധരിച്ച സങ്കീർത്തനമാണ് ഇത്. സങ്കീർത്തനങ്ങൾ 110 ലെ ദാവീദിന്റെ അധികാരത്തെയും ദൈവശ്വാസിയതയെയും യേശു മത്തായി 22:34-46 ൽ അംഗീകരിച്ചിരിക്കുന്നു.

അതിലുപരിയായി, ആ ഉദ്ധരണി ഉപയോഗിച്ച് അവൻ രണ്ട് "കർത്താവ്" മാരെ പറഞ്ഞിരിക്കുന്നു, സങ്കീർത്തനത്തിൽ "കർത്താവ് എന്റെ കർത്താവിനോട് പറയുന്നു" (സങ്കീ. 110:1). "രണ്ടാമത് പറഞ്ഞ കർത്താവ്" "ദാവീദിന്റെ സന്തതി" (മശിഹ) ആണെന്ന് യെഹൂദ വായനക്കാർക്ക് അറിയാമായിരുന്നു. പിന്നീട് ആ സങ്കീർത്തനം യേശു നിറവേറ്റി എന്ന് അപ്പൊസ്തലന്മാർ പറഞ്ഞപ്പോൾ ആ സത്യത്തെ റബ്ബിമാർ തിരസ്ക്കരിച്ചു. എബ്രായ ലേഖകന്റെ അതേ വാദം എടുത്തു പത്രൊസ് പെന്തെകൊസ്തു നാളിൽ യേശു ദൈവമാണെന്ന് തെളിയിച്ചു (പ്രവൃ. 2:34, 35). ഒന്നാം നൂറ്റാണ്ടിൽ യേശുവിന്റെ ദൈവികത്വം നിഷേധിച്ചതുപോലെ തന്നെ ഈ കാലത്തും ചിലർക്ക് സങ്കീർത്തനങ്ങൾ 110:1 ൽ പറഞ്ഞ രണ്ട് കർത്താവ് ഇടർച്ചയാണ്.

വീണ്ടും നിശബ്ദതയിൽനിന്ന് ഒരു വാദം ഉയർന്നിരിക്കുന്നു. ദൈവം ദൂതന്മാരോട് തന്റെ വലത്തുഭാഗത്ത് ഇരിക്കുവാൻ ഒരിടത്തും പറഞ്ഞിട്ടില്ലാത്തതിനാൽ, അങ്ങനെ കരുതുവാൻ നിർവ്വാഹമില്ല എന്നതായിരുന്നു ലേഖകന്റെ പോയിന്റ്. ഏതൊരു ദൂതനേക്കാളും വലിയവനാണ് ക്രിസ്തു. പിതാവിന്റെ വലത്തുഭാഗത്ത് ഇരുത്തി എന്ന പ്രയോഗത്താൽ, ഉയർന്ന അധികാരത്തിലേക്കും കർത്തൃത്വത്തിലേക്കുമാണ് ക്രിസ്തുവിനെ ഉയർത്തിയത്. തനിക്കും തന്നെ വിമർശിക്കുന്നവർക്കും തമ്മിലുള്ള ഒരു താരതമ്യത്തിനായിട്ടായിരുന്നു യേശു ഈ ഭാവന ഉപയോഗിച്ചത്. ആ സങ്കീർത്തനം യേശുവിനെ കുറിച്ചു പറഞ്ഞതാണെന്ന് അവനും യെഹൂദന്മാർക്കും അറിയാമായിരുന്നു. ആ പ്രവചനത്തിന്റെ പ്രായോഗികത തനിക്ക് തന്നെ അവൻ ഉപയോഗിച്ചപ്പോൾ, അത് ദൈവദൂഷണമായി അവർ ആരോപിച്ചു, കാരണം അവന്റെ അവകാശം തെറ്റാണെന്നാണ് അവർ ധരിച്ചത്.[47]

**2. ശത്രുക്കളെ പാദപീഠം** ആക്കുന്നതാണ് രണ്ടാമത്തെ ഭാവന (എബ്രാ. 10:13 നോക്കുക), പുരാതന കാലത്ത് ഒരു രാജാവ് തന്റെ ശത്രുവിനെ തോൽപിച്ചു കീഴ്പ്പെടുത്തി കഴിഞ്ഞാൽ, അവനെ തന്റെ കാൽകീഴിൽ കൊണ്ടുവന്ന്

കഴുത്തിൽ (അല്ലെങ്കിൽ തലയിൽ) കാൽ വെക്കുന്ന സമ്പ്രദായം ഉണ്ടായിരുന്നു (യോശു. 10:24).

**വാക്യം 14.** ലേഖകൻ ചോദിച്ചു, അവരെല്ലാം സേവകാത്മാക്കൾ അല്ലയോ ...? "എല്ലാം" എന്നു പറഞ്ഞതിൽനിന്ന് ഈ സേവനത്തിൽനിന്ന് ആരേയും മാറ്റി നിർത്തിയിട്ടില്ല എന്നു സ്പഷ്ടം. അവർ "ഇരുന്ന്" നോക്കുവാൻ പാടുള്ളതല്ല! ക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ അവർ ക്രിസ്തുവിനെ സഹായിച്ചിരുന്നു. അവളായിരിക്കും മശിഹയുടെ അമ്മ എന്ന് അവർ മറിയയോട് അറിയിച്ചിരുന്നു (ലൂക്കൊ. 1:26-38). യേശു ജനിച്ചപ്പോൾ അവർ ദൈവത്തെ പുകഴ്ത്തിയിരുന്നു (ലൂക്കൊ. 2:13). സ്വയമായി അവന് ഒന്നും ചെയ്യുവാൻ കഴിയാത്ത, ക്ഷീണിതമായ അവസ്ഥയിലും (മത്താ. 4:11), ഗദ്ശെമന തോട്ടത്തിൽ വെച്ച്, അവന്റെ അവസാന പരീക്ഷയിലും അവർ അവനെ ശക്തിപ്പെടുത്തി (ലൂക്കൊ. 22:43). അവന്റെ ഉയർത്തെഴുന്നേൽപും (യോഹ. 20:12), മടങ്ങി വരുമെന്ന ഉറപ്പും (പ്രവൃ. 1:10, 11) ദൂതന്മാർ പ്രഖ്യാപിച്ചിരുന്നു. അവന്റെ ദാസന്മാരെ സഹായിക്കുവാനും അവരെ ദൈവം ഉപയോഗിച്ചിരുന്നു. പത്രൊസിനെ തടവിൽനിന്നു രക്ഷപ്പെടുവാനും അവരുടെ സേവനം ലഭിച്ചിരുന്നു (പ്രവൃ. 5:19). സുവിശേഷീകരണത്തിന് എവിടെ പോകണമെന്ന് ദൂതൻ ഫിലിപ്പോസിനോട് പറയുകയുണ്ടായി (പ്രവൃ. 8:26).

"ശുശ്രൂഷ" (*ലെയിറ്റർജിക്കോസ്*) എന്നത് "ഭൃത്യന്മാരെ പോലെ സേവിക്കുന്നവരല്ല," മറിച്ച് "പ്രത്യേക ജോലി ദൈവത്തിനായി ചെയ്യുക" എന്നാണ് അർത്ഥം. അത്തരം ജോലിയായിരുന്നു യാഗപീഠത്തിങ്കൽ നിന്ന പുരോഹിതന്മാർ ചെയ്തിരുന്നത്. ദൂതന്മാരുടെ പ്രയത്നത്തിന് ലേഖകൻ മറ്റൊരു പേർ കൂടെ പറഞ്ഞിരിക്കുന്നു: *ഡയാക്കോണിയാ*, "സേവനത്തെയാണ്" അതും സൂചിപ്പിക്കുന്നത്.

"ശുശ്രൂഷ" എന്നത് "ദൈവത്തിനുള്ള ശുശ്രൂഷയും," "സേവനം" എന്നത് "മനുഷ്യർക്കുള്ള സേവനവും" ആകാമെന്നാണ് തോമസ് ഹെവിറ്റ് പറഞ്ഞത്. എങ്ങനെയായാലും, "*ഡയാക്കോണിയാ* എന്ന വാക്ക് രക്ഷ അവകാശമാക്കിയവർക്കുള്ള സേവനം അതിൽ അടങ്ങിയിട്ടുണ്ടോ എന്ന കാര്യം സംശയമാണെന്ന് അദ്ദേഹം സമ്മതിച്ചിരിക്കുന്നു ..."[48] LXX ൽ "ശുശ്രൂഷ" (*ലെയിറ്റർജിക്ക*) എന്ന വാക്ക് ഉപയോഗിച്ചത്, സമാഗമനത്തിലേയും ദൈവാലയത്തിലേയും സേവനത്തിനാണ്; അത് "ദൈവിക സേവനമായിരുന്നു." "ആരാധന" എന്നതിനുപയോഗിച്ച മൂല *ലാട്രിയ* ഇതിന് ആവശ്യമില്ല. ദൈവം കൽപിച്ച ഏതു പ്രവൃത്തിയും "ദൈവിക ശുശ്രൂഷയാണ്," അതിൽ "ആരാധന" ഉൾപ്പെടാം അല്ലെങ്കിൽ ഉൾപ്പെടാതിരിക്കാം.

രണ്ടാം നൂറ്റാണ്ടിലെ യെഹൂദ എഴുത്തുകളിൽ ദൂതന്മാരെ "ആത്മാക്കൾ" എന്നു വിളിച്ചിരുന്നു.[49] ദൈവത്തിന്റെ സന്ദേശം എത്തിക്കുന്നതിൽ ദൂതന്മാർ ദാനിയേലിനും (ദാനി. 9:21-23), പത്മൊസ് ദ്വീപിൽ വെച്ച് യോഹന്നാനും (വെളി. 1:1; 5:2; 7:2; 10:9, 10; 11:1; 14:8, 9, 15, 18; 16:5-8; 17:7; 18:1-3; 19:17, 18; 22:6, 9-11) സത്യം വെളിപ്പെടുത്തി കൊടുത്തിരുന്നു. അവർ യോഹന്നാന് പല ആലങ്കാരികമായ ദർശനങ്ങളും കാഴ്ച്ചകളും നൽകി. അവർ ആവശ്യപ്പെട്ട പത്തു നീതിമാന്മാർ സൊദോമിൽ ഉണ്ടായിരുന്നു എങ്കിൽ അവർക്ക് സൊദോമിനെ രക്ഷിക്കാമായിരുന്നു (ഉല്. 18:32-19:15).

ദൂതന്മാർ പുത്രനു തുല്യരല്ലെങ്കിലും, അത്യുന്നതനായ ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുവാൻ സാധ്യമല്ലെങ്കിലും, അവരെ അവൻ **പ്രത്യേക**

**ദൗത്യത്തിനായി, രക്ഷ പ്രാപിപ്പാനിരിക്കുന്നവരുടെ**-വിശുദ്ധന്മാരാകുവാനുള്ളവരുടെ **സേവനത്തിനായി** അയക്കും. അപൊസ്റ്റെലോ എന്ന വാക്ക് തർജ്ജിമ ചെയ്തതാണ് "അയക്കുക." "അപ്പൊസ്തലൻ" (*അപോസ്റ്റോലോസ്*) എന്നതിന്റെ ക്രിയാരൂപമാണ്. അപ്പൊസ്തലന്മാർ രക്ഷാദൂത് എത്തിക്കുന്ന ദൗത്യവുമായി പോയതുപോലെ, രക്ഷിക്കപ്പെട്ടവരെ സഹായിക്കുക എന്നതാണ് ദൂതന്മാരുടെ ദൗത്യം. അവർ ദൈവത്തിന്റെ സേവകന്മാർ മാത്രമാണ്, അല്ലാതെ പുത്രൻ അല്ല.

വിശുദ്ധന്മാർക്കായി ദൂതന്മാർക്ക് എന്തു ചെയ്യുവാൻ കഴിയും? അവർ നമുക്കായി ചെയ്യുന്ന ഭയങ്കര കാര്യങ്ങൾ അറിയുമ്പോൾ നാം വിസ്മയിച്ചുപോകും. എങ്കിലും നമുക്ക് ലഭിക്കുന്ന സഹായങ്ങളുടെ ഉറവിടം നമുക്ക് കൃത്യമായി അറിയുകയില്ല. നാം സഭയിലേക്ക് പ്രവേശിച്ചപ്പോൾ, നീതിയുടെ ആത്മാക്കളുടെ വലിയ സംഘത്തിലേക്കും അസംഖ്യം ദൂതന്മാരുടെ സംഘത്തിലേക്കുമാണ് വന്നിരിക്കുന്നത് (എബ്രാ. 12:22, 23). യേശുവിനെ പിടിക്കുവാൻ വന്നപ്പോൾ, "പന്ത്രണ്ടിലധികം ലെഗ്യോൻ" ദൂതന്മാരെ വിളിക്കുവാൻ യേശുവിനു കഴിയുമായിരുന്നതുപോലെ അവർ സേവനസന്നദ്ധരായി സദാ നിൽക്കുകയാണ് (മത്താ. 26:53). റോമാ പടയാളികളിൽ ഒരു "ലെഗ്യോൻ" എന്നു പറയുന്നത് 6,000 പേരായിരുന്നു, അങ്ങനെയാകുമ്പോൾ, ചുരുങ്ങിയത് 72,000 ദൂതന്മാരെയാണ് അവനു വിളിക്കുവാൻ കഴിഞ്ഞത്, നമ്മെ സേവിക്കുവാൻ അതിലുമധികം ദൂതന്മാരാണുള്ളത്!

അതുകൊണ്ട്, അവർ ക്രിസ്ത്യാനികളെ സഹായിക്കുവാൻ വരുമ്പോൾ അതിശയിക്കുവാനില്ല. നമ്മുടെ രക്ഷയിലാണ് അവന് താല്പര്യം, നാം രക്ഷിക്കപ്പെടുന്നതു കാണുമ്പോൾ അവർ സന്തോഷിക്കുമെന്നും നമുക്ക് അറിയാം. (ലൂക്കൊ. 15:7, 10). നാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും നാം രക്ഷിക്കപ്പെടുന്നതും അവർക്ക് അറിയാം. ഗബ്രിയേലിനോടുകൂടെ അവർ തീർച്ചയായും ദൈവമുൻപാകെ നിൽക്കുകയാണ് (ലൂക്കൊ. 1:19). സഭയിലേക്ക് ചേർക്കപ്പെട്ട "ചെറിയവരിൽ ഒരുത്തനെ" കുറിച്ചു പോലും അവർ ബോധവാന്മാരാണ് (മത്താ. 18:10). നാം രക്ഷിക്കപ്പെടുന്നതിനു മുൻപു പോലും അവർ നമ്മുടെ രക്ഷയെ കുറിച്ച് താൽപര്യമുള്ളവരാണ് (1 പത്രൊ. 1:10-12).

ആനേകായിരം ദൂതന്മാരുടെകൂട്ടായ്മയിലേക്കാണ് ക്രിസ്ത്യാനികൾ വന്നിരിക്കുന്നതെന്ന തെളിവാണ് എബ്രായർ 12:22 നൽകുന്നത്. അവർ നമുക്ക് വേണ്ടി എന്തെല്ലാം ചെയ്യുമെന്ന് പറഞ്ഞിട്ടില്ല. 1:14 ൽ പറഞ്ഞ രക്ഷ ഭാവിയിൽ സംഭവിപ്പാനിരിക്കുന്നതാണ്. ഇപ്പോൾ അതിനായി കാത്തിരിക്കുന്ന അനുഗ്രഹമാണുള്ളത്. "നാം വിശ്വസിച്ചതിനേക്കാൾ രക്ഷ അടുത്തിരിക്കുന്നു" (റോമർ. ൦൦3:11). അന്തിമമായ രക്ഷയുണ്ട് എന്നാണ് നമ്മോട് പറഞ്ഞിരിക്കുന്നത് (1 പത്രൊ. 1:5).

ക്രിസ്ത്യാനികൾക്ക് ശരിയായത് ചെയ്യുവാൻ വേണ്ട ശക്തി ദൂതന്മാരാണ് നൽകുന്നത് എന്നത് മനുഷ്യന്റെ അവകാശവാദമാണ്, അല്ലാതെ തിരുവെഴുത്തല്ല. അത്തരം ശക്തി ദൂതന്മാർ നൽകുകയാണെങ്കിൽ, അത് ഉപയോഗിക്കുവാൻ വളരെ കുറച്ചുപേരെ മാത്രമാണ് അവർ അനുവദിക്കുന്നത്! അസ്വാഭാവികമായ വെളിപ്പാടുകളും ദൈവശ്വാസിയതയും അപ്പൊസ്തലന്മാർക്ക് നൽകിയിരുന്നു (യോഹ. 16:12, 13; 14:26; മത്താ. 10:19, 20), അവർക്ക് പോലും, പാപത്തെ അതിജീവിക്കുവാനുള്ള ശക്തി അവരുടെ ജീവിതത്തിൽ നൽകിയിരുന്നില്ല. അവരും, നമ്മെപോലെ, പാപത്തെ അതിജീവിക്കുവാൻ ആത്മിയമായി പക്വതയിലേക്ക് വളരേണ്ടിയിരുന്നു (1 പത്രൊ. 2:1, 2; 2 പത്രൊ. 1:5-11; 3:18).

ദൈവം, തന്റെ കരുണാധിക്യപ്രകാരം, പാപത്തെ അതിജീവിക്കുവാനുള്ള സഹായവും സന്ദർഭവും നമ്മുടെ വിശ്വാസത്തിനനുസരിച്ച് ഒരുക്കും. സിനിമയിൽ മാലാഖമാർ വന്ന് അപകടം നേരിടുന്ന വ്യക്തിയെ അതിൽനിന്നു തൂക്കിയെടുത്ത് മാറ്റുന്നതുപോലെ ദൂതന്മാർ ചെയ്യുകയില്ല.

രക്ഷ ലഭ്യമാക്കുവാൻ സഹായിക്കുക എന്നതാണ് ദൂതന്മാരുടെ ഏറ്റവും വലിയ സേവനം. അ-ക്രൈസ്തവരെ അവർ സംരക്ഷിക്കുമെന്ന് തിരുവെഴുത്തിൽ വാഗ്ദാനം ചെയ്തിട്ടില്ല.

## പ്രായോഗികത

### ദൈവം തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു (1:1–3)

നമ്മുടെ കർത്താവും അവന്റെ പുത്രനുമായ, ക്രിസ്തു മുഖാന്തരമാണ് ദൈവം മനുഷ്യർക്കുള്ള വെളിപ്പാട് നൽകുന്നത്. ദൈവത്തിന്റേയും ക്രിസ്തുവിന്റേയും മുഴുവൻ സ്വഭാവവും വെളിപ്പെടുത്തിയിരിക്കുന്നത് എഴുതപ്പെട്ട വചനത്തിലാണ്. ആ സത്യം എന്താണ് അനിവാര്യമാക്കുന്നത്?

*ദൈവം തന്റെ വചനം വ്യക്തവും ഗ്രാഹ്യവുമാക്കേണ്ടിയിരുന്നു, അല്ലെങ്കിൽ അത് വിലയില്ലാത്തതും അന്യായവുമാകുമായിരുന്നു.* ദൈവത്തിൽനിന്നുള്ള സന്ദേശം മനുഷ്യന് മനസിലാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ രക്ഷ പ്രാപിപ്പാൻ കഴിയുമായിരുന്നില്ല. നമ്മുടെ രക്ഷക്ക് ആവശ്യമായ നിർദ്ദേശങ്ങളെല്ലാം അവൻ തുറന്ന് പറഞ്ഞിരിക്കുന്നു.

*അവന്റെ വചനം മനസിലാക്കുന്നതിനായി നാം നമ്മെത്തന്നെ അതിനായി ഏൽപിച്ചു കൊടുക്കണം.* അത് മനസിലാക്കുവാൻ നമ്മോട് കൽപിച്ചി രിക്കുന്നു (എഫെ. 5:17). നമുക്ക് പിതാവിന്റെ ഇഷ്ടം മനസിലാക്കുവാൻ താൽപര്യമുണ്ടെങ്കിൽ, നമുക്ക് അവന്റെ ഉപദേശം അറിയുവാൻ കഴിയും (യോഹ. 7:17).

*നാം വചന പരിജ്ഞാനത്തിൽ എത്തിയാൽ മാത്രമെ, നമുക്ക് മറ്റുള്ളവരെ ഉപദേശിക്കുവാൻ കഴിയു.* ദൈവ വചന പരിജ്ഞാനം മനസിലാക്കുവാനാണ് നമ്മോട് ആവശ്യപ്പെട്ടിരിക്കുന്നത് (1 പത്രൊ. 2:2; 2 പത്രൊ. 3:18). വചനം ശരിയായി ഉപയോഗിച്ചാൽ, മറ്റുള്ളവരെ ഉപദേശിക്കത്തക്കവണ്ണം നമുക്ക് വളരുവാൻ കഴിയും (എബ്രാ. 5:12–14). വചന പഠനം “കട്ടിയായ ആഹാരം” ദഹിക്കുവാൻ കഴിവുള്ള രീതിയിലാവണം. സത്യം മറ്റുള്ളവരെ ഉപദേശിക്കുവാനുള്ള പ്രാപ്തി ലഭിക്കുക എന്നത് പക്വതയുടെ അടയാളമാണ്.

### വ്യക്തിയായ ദൈവത്തിലുള്ള വിശ്വാസം (1:1, 2)

ക്രിസ്തു മുഖാന്തരം ദൈവത്തിൽ വിശ്വസിക്കുവാൻ ബൈബിളിൽ വ്യക്തമാക്കിയിരിക്കുന്നതിന്റെ തെളിവാണ് നമ്മുടെ ജീവിതാനുഭവം.

*ബൈബിൾ അറിയാത്തതിനാൽ അനേകർ തങ്ങളുടെ ധാർമ്മിക തീരുമാനങ്ങളിൽ പരിഭ്രാന്തിയുള്ളവരാണ്.* വ്യക്തിയായ ദൈവത്തിൽ വിശ്വാസം അനിവാര്യമാണ്; അത്തരം വിശ്വാസം നമുക്ക് ഇല്ലെങ്കിൽ നാം സാമൂഹ്യമായ ബന്ധം തന്നെ നഷ്ടപ്പെടുത്തുകയാണ്. വ്യക്തിപരമല്ലാത്ത ദൈവം എന്ന ആശയം മതത്തിൽനിന്ന്, “വെളിപ്പാടും,” “പുനർജ്ജനനവും,” “ഉത്തരവാദിത്തവും” എടുത്തു കളയുകയാണ്[50] എന്ന് വില്യം.എഫ്. ബക്ലേ ഒരു ദേശിയ അവലോകന ലേഖനത്തിൽ പറഞ്ഞിരിക്കുന്നു.

*നമുക്ക് കണക്ക് കൊടുക്കേണ്ട വ്യക്തിപരമായ ഒരു ദൈവം ഇല്ലെങ്കിൽ,*

*എല്ലാ കാര്യത്തിലും അന്തിമാധികാരത്തിന് ഓരോരുത്തർക്കും അവരുടേതായ ഓരോ ദൈവമായിരിക്കും ഉണ്ടായിരിക്കുക.* ഈ മനോഭാവം വർദ്ധിച്ചു വരുമ്പോൾ, കുറ്റകൃത്യങ്ങൾ സ്വാഭാവികമായും വർദ്ധിക്കും. അപ്പോൾ ജനക്കൂട്ടത്തിന്റെ ജീവിതം കുഴപ്പവും അരാജകത്വവും നിറഞ്ഞതായിരിക്കും. ഒരു ദേശം മുഴുവൻ ദൈവത്തെ തള്ളിക്കളയുമ്പോൾ, ഓരോ ഭവനവും കോട്ടയാക്കി ഓരോരുത്തരും സ്വ-രക്ഷക്കായി ആയുധം കയ്യിലേന്തുകയും ചെയ്യും.

1989 ൽ തെക്കെ അമേരിക്കയിലെ ഗയാന എന്ന സ്ഥലത്ത് പ്രസംഗ ദൗത്യത്തിൽ ഏർപ്പെട്ടിരുന്നപ്പോൾ, അവിടെ പ്രതിരോധശക്തിയില്ലാത്ത ദരിദ്രരായ വയോധികർ വളർത്തിയിരുന്ന കോഴികളെ ആളുകൾ കവർന്നെടുക്കുന്ന പരാതി ഞാൻ കേട്ടിരുന്നു. ഓരോ വീടിനും ഓരോ വിധത്തിലുള്ള വേലി ഉണ്ടായിരുന്നു, ധനവാന്മാർക്ക് പൊക്കമുള്ള ഇരുമ്പ്-വേലിയുമാണ് ഉണ്ടായിരുന്നത്. 2003 ആയപ്പോഴേക്കും സ്ഥിതിഗതികൾ കൂടുതൽ വഷളാകുകയും മിഷ്ണറിമാരെല്ലാം മടങ്ങി പോകുകയും ചെയ്തു. ദൈവം പലരുടേയും ജീവിതം അവിടെ ശേഷിപ്പിച്ചിരുന്നു.

**എന്താണ് വ്യത്യാസം വരുത്തുന്നത്?**

പഴയ നിയമ പ്രവാചകന്മാരെല്ലാം പ്രാധാന്യമുള്ളവരായിരുന്നു, എന്നാൽ പുതിയനിയമത്തെ പ്രതിനിധീകരിച്ചിരിക്കുന്ന പുത്രനുമായി അവരെ താരതമ്യം ചെയ്യാവുന്നതല്ല. പഴയനിയമവും പുതിയ നിയമവും തമ്മിൽ പ്രകടമായ വ്യത്യാസമാണ് എബ്രായ ലേഖകൻ എടുത്തു കാണിക്കുന്നത്, അവസാന സന്ദേശ വാഹകനേക്കാൾ കൂടുതൽ വ്യത്യാസം മറ്റാർക്കുമില്ല. പഴയ നിയമ സന്ദേശവാഹകന്മാരെല്ലാം മഹത്വകരമായ സത്യങ്ങളായയിരുന്നു അറിയിച്ചിരുന്നത്, എന്നാൽ ഇപ്പോൾ നമുക്കുള്ളത് വളരെ ശ്രേഷ്ഠമായത് ആണ്.

*പഴയത് അപൂർണ്ണമായിരുന്നു-അതിന്റെ "പല ഭാഗങ്ങളും ... പല രീതികളും"; പുതിയത് പൂർണ്ണവും അന്തിമവുമാണ്.* അത് "ഒരിക്കലായി വിശുദ്ധന്മാർക്ക് ഏൽപിച്ചു കൊടുത്തതാണ്" (യൂദാ 3). അതിനർത്ഥം ഈ സത്യം വിശുദ്ധന്മാർക്ക് എല്ലാ കാലത്തേക്കുമുള്ളതാണ് എന്നാണ്.

*ദൈവത്തിന് സംസാരിക്കുവാനുള്ള വെറുമൊരു മാദ്ധ്യമമായിരുന്നില്ല പുത്രൻ.* അവൻ മുഖാന്തരമാണ് എല്ലാം ഉളവായത്, അവൻ എല്ലാറ്റിനും അവകാശിയുമാണ് (വാ. 2; യോഹ. 1:1-3). അത്ഭുതങ്ങളുടെ അത്ഭുതം! നാമും അവനോടുകൂടെ "കൂട്ടവകാശികൾ" (തുല്യാവകാശികൾ) ആകും (റോമർ. 8:17). പുത്രനെ കുറിച്ചുള്ള ഈ വിവരണം ഗണ്യമാക്കാതെ കടന്നുപോകുവാൻ നമുക്ക് എങ്ങനെ കഴിയും?

*സ്വർഗത്തിൽ എല്ലാം വ്യക്തമാക്കിയിരിക്കുന്നു.* "അവന്റെ സ്വഭാവത്തിന്റെ യഥാർത്ഥ പ്രതിരൂപം" (വാ. 3) തെളിവായിരിക്കുന്നു, അപ്പോൾ അത് നമുക്ക് കൂടുതൽ സന്തോഷം പകരും. ഒരുക്കിയ സ്ഥലത്ത് പ്രവേശിക്കുവാനായി ഒരുങ്ങുവാൻ, ഇപ്പോൾ ലഭിക്കുന്ന ശ്രേഷ്ഠമായത് ധ്യാനിക്കണം. ഈ വാക്യങ്ങൾ വായിച്ച്, "ക്രിസ്തുവേ, നിന്നെ ഞങ്ങൾ ആരാധിക്കുന്നു" എന്നും "ലോകത്തിന്നു വേണ്ടിയുള്ള ക്രിസ്തുവേ ഞങ്ങൾ പാടുന്നു" എന്ന് നമുക്ക് ഉണർന്നു പാടാം.

**പുത്രന്റെ സന്ദേശം കൈക്കൊള്ളൽ**

സുവിശേഷ സന്ദേശത്തിൽ, എല്ലാ കാലത്തേക്കാളും മികച്ച സത്യമാണു

ള്ളത്. നാം എവിടെ നിന്നു വന്നു, എവിടേക്കു പോകുന്നു എന്നീ കാര്യങ്ങൾ മനസിലാക്കുവാൻ മറ്റൊരിടത്തും നോക്കുവാനില്ല. അവക്കുള്ള ഉത്തരങ്ങൾ ബൈബിളിൽ മാത്രമാണുള്ളത്.

*ക്രിസ്തുവിന്റെ സന്ദേശം പ്രസംഗിക്കുക എന്നാൽ ക്രിസ്തുവിനെ പ്രസംഗിക്കുക എന്നാണർത്ഥം.* അവന്റെ ഉപദേശത്തെ മുറുകെ പിടിക്കാതെ നമുക്ക് ക്രിസ്തുവിനെ പ്രസംഗിക്കുന്നു എന്നു പറയുവാൻ സാധ്യമല്ല. മറിച്ചുള്ള വിശ്വാസം അബദ്ധവും അസ്ഥിരവുമാണ്. പുത്രന്റെ സന്ദേശത്തിനായി നമ്മെ ഒരുക്കുന്നതാണ് പഴയ നിയമ സന്ദേശം, വിശേഷിച്ച്, പുത്രന്റെ വെളിപ്പാട്. അതെല്ലാം നമ്മെ ക്രിസ്തുവിലേക്ക് വിരൽ ചൂണ്ടുകയാണ്. തങ്ങൾ അവസാനകാലത്തു ജീവിച്ചവരാണ് എന്നാണ് ചാവുകടൽ ചുരുൾ എഴുതിയവർ വിചാരിച്ചത്. അവർക്ക് ഭാഗികമായെങ്കിലും തെറ്റു പറ്റിയിരുന്നു, കാരണം അവർക്ക് തിരുവെഴുത്തിലെ ക്രിസ്തുവിനെ അറിയില്ലായിരുന്നു. അവരുടെ "നീതിയുടെ ഗുരു" മശിഹ ആയിരുന്നില്ല.[51]

*ഇപ്പോൾ ദൈവം തന്റെ പുത്രനിൽകൂടെ മാത്രമാണ് നമ്മോട് സംസാരിക്കുന്നത്.* ആ സത്യം മറുരൂപമലയിൽ വെച്ച് വെളിപ്പെടുത്തിയിരുന്നു (മത്താ. 17:1–8; മർ. 9:2–7; ലൂക്കൊ. 9:28–36). ആ സമയത്ത് ദൈവശബ്ദം അരുളിച്ചെയ്തത്, "ഇവൻ എന്റെ പ്രിയപുത്രൻ, ഇവങ്കൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, നിങ്ങൾ ഇവന്നു ചെവി കൊടുപ്പിൻ!" (മത്താ. 17:5). നമ്മുടെ അധികാരമായി ഇന്നു നാം ക്രിസ്തുവിന്റെ വചനം മാത്രമാണ് സ്വീകരിക്കേണ്ടത്.

*തീർച്ചയായും അപ്പൊസ്തലന്മാരുടെ സന്ദേശം കൈക്കൊണ്ടവർ ക്രിസ്തുവിനെയായിരുന്നു കൈക്കൊണ്ടത്* (മത്താ. 10:40). തന്റെ സന്ദേശവുമായി യേശു ആരെയും അയച്ചില്ലായിരുന്നു എങ്കിൽ നമുക്ക് യേശുവിനെ കുറിച്ച് അധികമൊന്നും അറിയില്ലായിരുന്നു. മറുരൂപമലയിൽ വെച്ച് ശബ്ദമുണ്ടായ സമയത്ത് "യേശുവിനെ തനിയെ കണ്ടു" എന്നു പറഞ്ഞിരിക്കുന്നു (ലൂക്കൊ. 9:36). മോശെയെക്കാളും ഏലിയാവിനെക്കാളും–ന്യായപ്രമാണത്തെക്കാളും പ്രവാചകന്മാരെക്കാളും കവിയുന്നവനിൽ ആയിരിക്കണം നമ്മുടെ പ്രസംഗം ഊന്നേണ്ടത്. എല്ലാ കാര്യങ്ങളിലും അവൻ മാത്രമാണ് നമ്മുടെ അധികാരം. അവൻ ശക്തീകരിച്ച എഴുത്തുകാരിൽ നിന്നു വന്നതാണ് നമുക്ക് യേശുവിനെ കുറിച്ച് അറിയാവുന്നതെല്ലാം. നമുക്ക് ബൈബിൾ ചരിത്രം മനസിലാക്കുവാനാണ് ദൈവം തന്റെ പുത്രനെ അയച്ചത്.

*യേശുവിന്റെ വെളിപ്പാട് പ്രത്യേകതയുള്ളതാണ്.* യേശുവിന്റെ ദൈവികത്വത്തെ ഇന്ന് ലോകത്തിലുള്ളവർ സംശയിക്കുന്നതിനെ കുറിച്ച് റേയ്മണ്ട് ബ്രൗൺ സംസാരിച്ചിരിക്കുന്നു. അവൻ ഫലപ്രദമായി മറുപടി പറഞ്ഞത്, "എന്നാൽ എബ്രായ ലേഖകൻ പരിചയപ്പെടുത്തുന്ന ക്രിസ്തു, തികച്ചും പാപമില്ലാത്ത സ്വഭാവം, ഒരു പ്രത്യേകതയുള്ള *വെളിപ്പാട്* ആണ്, അവന്റെ *യാഗം* മാത്രമാണ് നമ്മുടെ രക്ഷക്ക് നിദാനമായുള്ളത്, സ്വർഗത്തിലേയും ഭൂമിയിലേയും അവന്റെ *അധികാരം* ചോദ്യം ചെയ്യുവാനാവാത്തതാണ്."[52] അത് നിസാരമായ പ്രതിരോധമാണ്.

**അടുത്തുകൂടാനാവാത്ത, ദൈവം (1:3; 1 തിമൊ. 6:16)**

വെളിച്ചത്തിനു രക്ഷപ്പെടാനാവാത്ത വിധം ആകർഷണം നിറഞ്ഞിരിക്കുന്ന ഒരു നക്ഷത്രമാകയാൽ, അദൃശ്യനായ ദൈവം ശൂന്യാകാശത്തിലെ ഒരു കറുത്ത ദ്വാരം പോലെയാണോ ദൈവം? ശൂന്യാകാശത്തിലെ കറുത്ത ദ്വാരം

നമുക്ക് കാണുവാൻ സാധ്യമല്ല. അടുത്തുള്ള "വസ്തുവിനെ" ആകർഷിക്കുന്നതിനാൽ മാത്രമാണ് നമുക്ക് അത് ഉണ്ടെന്ന് അറിയുവാൻ കഴിയുന്നത്. ഈ സാമ്യം "അടുത്തുകൂടാനാവാത്ത" എന്നതിന്റെ എതിരാണ്, കാരണം കറുത്ത ദ്വാരം അടുത്തുള്ള വസ്തുക്കളെ രക്ഷപ്പെടുവാൻ കഴിയാത്തവിധത്തിൽ ആകർഷിക്കുകയാണ് ചെയ്യുന്നത്. ഒന്നിനും രക്ഷപ്പെടുവാൻ കഴിയാത്ത രീതിയിൽ ഒരു വസ്തുവിനെ ദൈവത്തിന് നിർമ്മിക്കുവാൻ ശക്തിയുണ്ടെങ്കിൽ, ഒന്നിനും തന്നോട് അടുക്കാതിരിക്കുവാനുള്ള ശക്തിയും അവന് ഉണ്ടാകും-അല്ലെങ്കിൽ അവന് എല്ലാ വിധത്തിലുമുള്ള ശക്തിയുണ്ട്. ഭൗതികമായ ചില വസ്തുക്കളെ അടുത്തുകൂടാത്തതായിട്ടാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നത് എന്ന് നമ്മുടെ പരിമിതമായ മനസിനെ അവൻ ബോധ്യമാക്കിയിരിക്കുന്നു. എങ്ങനെയായാലും, ദൈവ സ്വഭാവത്തെ കൃത്യമായി വിവരിക്കുവാൻ ഭൗതികമായ ഒരു ദൃഷ്ടാന്തത്തിനും കഴിയുകയില്ല.

### "തത്വത്തിന്റെ മുദ്ര" (1:3)

1988 ആഗസ്റ്റിൽ, അലബാമ സംസ്ഥാന സഭാ മന്ദിരം സന്ദർശിക്കുവാനായി ഞങ്ങൾ പോയപ്പോൾ, എന്റെ കയ്യിൽ അലബാമ സംസ്ഥാനത്തിന്റെ ഒരു ഔദ്യോഗിക മുദ്രയുണ്ടായിരുന്നു. സംസ്ഥാനത്തിലെ അധികാരിയുടെ പ്രതിബിംബം ആ മുദ്രയിൽ പതിപ്പിച്ചിരുന്നു. ഞാൻ അത് പിടിച്ചിരുന്നെങ്കിലും, അത് ഒരു കടലാസിൽ പതിപ്പിക്കുവാൻ ചിലപ്പോൾ അനുവദിച്ചേക്കാം എന്നു കരുതി. എനിക്ക് അത് ഉപയോഗിക്കുവാനുള്ള അധികാരം ഇല്ലായിരുന്നു. മുദ്ര എന്റെ കയ്യിലുണ്ടായിരുന്നു എങ്കിലും, അതിന്റെ അധികാരം ഇല്ലായിരുന്നു. അക്കാരണത്താൽ അതിന് ഉപയോഗം ഇല്ലായിരുന്നു. അതിൽനിന്നു വ്യത്യസ്തമായി-യേശു ദൈവത്തിന്റെ മുഴുവൻ അധികാരവും ഉള്ള "തത്വത്തിന്റെ മുദ്രയായിരുന്നു"-ആകയാൽ അവന് ദൈവാധികാരത്തോടെ സംസാരിക്കുവാൻ കഴിഞ്ഞു. അവൻ ദൈവത്തെ പ്രതിനിധീകരിച്ചു, അവന് ശക്തിയുമുണ്ടായിരുന്നു.

### വഹിക്കുന്ന അവന്റെ വചനം (1:3)

സർവ്വശക്തനായ ദൈവത്തെയും അവന്റെ അഭിഷിക്തനേയും മതിയായ രീതിയിൽ നാം പ്രസംഗിക്കുകയും ഉപദേശിക്കുകയും ചെയ്യുന്നുണ്ടോ? എബ്രായ ലേഖനത്തിൽ ക്രിസ്തുവിന് ഉപയോഗിച്ചിട്ടുള്ള സ്വഭാവവിശേഷതകളാണ് യെശയ്യാവ് 40:22, 26–28 ൽ ദൈവത്തിന്റെ പ്രത്യേക സ്വഭാവവിശേഷതയായി പറഞ്ഞിരുന്നത്. ഭൂമിയിലെ പ്രശ്നങ്ങൾക്ക് അവന്റെ ശക്തിയാണ് പരിഹാരം. പ്രശ്നങ്ങളിൽനിന്നു അവൻ വിടുവിക്കുമെന്ന് വാഗ്ദാനം ചെയ്തിട്ടില്ലെങ്കിലും, നമ്മുടെ നന്മക്കായി അവൻ പ്രവർത്തിക്കുമെന്ന് മുന്നറിയിച്ചിട്ടുണ്ട് (റോമ. 8:28).

ക്രിസ്തു നിമിത്തം എല്ലാം "കൂട്ടിച്ചേർക്കുകയാണ്." അവൻ സംസാരിക്കുകയും, തൻനിമിത്തം അവന്റെ ലോകം ഛിന്നഭിന്നമാകാതിരിക്കുകയും ചെയ്യുന്നു. അതുപോലെ, "വെള്ളത്തിൽ നീന്തുന്ന മൽസ്യം ഉണ്ടാകട്ടെ" എന്നു കൽപിച്ചു, അങ്ങനെ സംഭവിച്ചു. ആ ആശയം ദൈവത്തിന്റെ സൃഷ്ടിത്വമല്ലാതെ മറ്റൊന്നും വ്യക്തമാക്കുന്നില്ല. നട്ടെല്ല്-ഇല്ലാത്തവ നട്ടെല്ലുള്ളവയായി രൂപാന്തരം പ്രാപിക്കുന്നത് ഫോസിൽ രേഖയിലില്ല. അത്തരം മാറ്റത്തിന്റെ തെളിവ് പരിണാമസിദ്ധാന്തക്കാർ സത്യമെന്ന് സ്ഥിരീകരിക്കേണ്ടിയിരിക്കുന്നു,

പക്ഷെ ഫോസിൽ രേഖയിൽ പരിശോധിക്കുവാൻ സാധ്യമല്ലാത്ത ധാരാളം "വിടവുകൾ" ഉണ്ട്. അത്തരം പരിണാമ സിദ്ധാന്തത്തെ ബൈബിൾ തള്ളിക്കള ഞ്ഞിരിക്കുന്നു. യേശു പ്രവർത്തിക്കുന്ന ഏജന്റായി, ദൈവം എല്ലാറ്റിനേയും നിയന്ത്രിക്കുന്നു.

**"പാപങ്ങളുടെ ശുദ്ധീകരണം" (1:3)**

പാപത്തിൽനിന്നും, കുറ്റത്തിൽനിന്നും, നിത്യശിക്ഷാവിധിയിൽനിന്നും ഓരോ ആത്മാവിനേയും ശുദ്ധീകരിപ്പാൻ യേശു അവസരം ഒരുക്കിയിരി ക്കുന്നു. ഇതു സാധ്യമാക്കുവാൻ പുതിയനിയമത്തെ മുദ്രയിടുവാൻ യേശു തന്റെ രക്തം നൽകി (മത്താ. 26:28). ഈ ആശയത്തെ അപരിഷ്കൃതവും അവലക്ഷണവുമായിട്ടാണ് ആചാരപരമായി ശ്രേഷ്ഠവിഭാഗം കരുതുന്ന ത്. മനുഷ്യവർഗത്തിന്റെ രക്ഷക്കായി ഒരാൾ മരിക്കുക എന്നത് നിന്ദ്യമായ ചിന്തയായിട്ടാണ് അവർ കാണുന്നത്. എങ്ങനെയായാലും, വിശ്വാസികളായ നമുക്ക്, അത് മനോഹരമായ ഒരു പദ്യമോ സംഗീതമോ പോലെയാണ്. അത് മറ്റെല്ലാ സംഭവങ്ങളെക്കാളും വലിയ സംഭവമാണ്. നാം ജീവിക്കുവാൻ ഒരാൾ മരിച്ചതായ ത്യാഗം ഏറ്റവും അധികം സ്നേഹിക്കത്തക്കതാണ്. മറ്റൊന്നിലു മില്ലാത്ത ശക്തിയാണ് ആ സന്ദേശത്തിലുള്ളത്. നമ്മുടെ പാപമോചനത്തിന് മറ്റൊരു മാർഗം ഇല്ലായിരുന്നു. ഉണ്ടായിരുന്നുവെങ്കിൽ ദൈവം അത് ചെയ്യു മായിരുന്നു. വിശ്വാസയോഗ്യമായ എന്തിനും ഒരു വിലയുള്ളതായി നമ്മുടെ പിതാവിന് അറിയാമായിരുന്നു എന്ന് ക്രിസ്ത്യാനികൾ തിരിച്ചറിയണം. അപൂർണ്ണതയിൽ നിന്ന് പൂർണ്ണത കൈവരിക്കുവാൻ നീതി ശരിയായ വില ആവശ്യപ്പെടുന്നതായി അവന് അറിയാം. അതുകൊണ്ട് മഹനീയമായ ഒരു വിലയാണ് അവൻ നൽകിയത്-വലിയ പ്രായശ്ചിത്ത വില-യേശുവിന്റെ രക്തം!

**യേശുവോ അതോ ദൂതനോ? (1:4)**

ദൂതന്മാരുടെ ഭവനം സ്വർഗമാണ്, യേശു തേജസിൽ വരുമ്പോൾ അവരും അവനോടുകൂടെ വരും (മത്താ. 25:31). "ബലത്തിൽ അവർ ശക്തിയുള്ളവ രാണ്" (സങ്കീ. 103:20), അവർ പിതാവിനോട് അപേക്ഷിക്കുമായിരുന്നു; അവർ ദൈവത്തിന്റെ സന്ദേശവാഹകരാണ് (സങ്കീ. 104:4; എൻഎഎസ്ബിയും കെജെവിയും താരതമ്യം ചെയ്യുക); അവർ വിശുദ്ധരാണ് (മത്താ. 25:31), അവർ ദൈവസിംഹാസനത്തിനു ചുറ്റുമാണ് (വെളി. 5:11). അവർ മുഖാന്തര മല്ലേ ദൈവം ലോകത്തെ നിയന്ത്രിക്കുന്നത്? നാം അവനെ സ്നേഹിക്കുന്നു എങ്കിൽ, അവന്റെ കരുണാധിക്യപ്രകാരം അവർ മുഖേനയല്ലേ എല്ലാം നമ്മുടെ നന്മെക്കായി പ്രവർത്തിക്കുന്നത്? (റോമർ 8:28).

എബ്രായ ലേഖനം എഴുതിയപ്പോൾ "മനുഷ്യരുടെ കാര്യങ്ങളിൽ ഇടപെ ടുന്ന ആത്മിയ ജീവികളേക്കാൾ ഉയർന്ന സ്ഥാനമില്ലാത്ത" ഒരു "ദൂതനായി" യേശുവിനെ വിളിച്ചിരുന്നു.[53] അവൻ ദൂതന്മാരേക്കാൾ വളരെ ശ്രേഷ്ഠനാണ്.

**ഉദ്ധരണികളുടെ ഒരു പരമ്പര ആരംഭിക്കുന്നു (1:5)**

പുത്രൻ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നു വാഴുന്ന സങ്കീർത്തനങ്ങൾ 110:1 ലെ ചിന്തയാണ് വാക്യം 3 നൽകുന്നത്. പഴയ നിയമത്തിലെ ഒരുകൂട്ടം ഉദ്ധരണികളിലൊന്ന് തുടങ്ങിക്കൊണ്ടാണ് വാക്യം 5 ആരംഭിക്കുന്നത്, അവ യിൽ മിക്കതും സങ്കീർത്തനങ്ങൾ (2:7; 104:4; 45; 6, 7; 102:25-27; 110:1) ആണ്.

ഇതിൽ ഒഴികഴിവുള്ളത് രണ്ടും മൂന്നും ഉദ്ധരണികളാണ് (അത് എടുത്തിരിക്കുന്നത് 2 ശമു. 7:14 ഉം ആവ. 32:43 ഉം ആണ് LXX) ആദ്യ പ്രസ്താവന സങ്കീർത്തനം 2:7 ഉദ്ധരിച്ചതാണ്, അത് പുതിയനിയമ എഴുത്തുകാർക്കും സഭക്കും പ്രധാനപ്പെട്ടതാണ്. അത് ആവർത്തിച്ച് ഉപയോഗിച്ചിരിക്കുകയാണ്. സങ്കീർത്തനങ്ങൾ 2 ൽ "ദൈവത്തിന്റെ അഭിഷിക്തൻ" എന്നു പറഞ്ഞതുകൊണ്ട്, അത് മശിഹാ സങ്കീർത്തനം എന്ന് അംഗീകരിച്ചു കഴിഞ്ഞതാണ് (എബ്രായ ഭാഷയീൽ *മശിഹ* എന്നും ഗ്രീക്കിൽ *ക്രിസ്റ്റോസ്*). അല്ലെങ്കിൽ ഈ ലേഖനം ആദ്യവായനക്കാർക്ക് വലിയ പ്രയോജനം ചെയ്യുകയില്ല. പല രീതിയിൽ അത് യേശുവിനെ ബാധിക്കുന്നതാണ്. പ്രവൃത്തികൾ 4:25, 26 ൽ പ്രാർത്ഥനയിൽ അപ്പൊസ്തലന്മാർ സങ്കീർത്തനങ്ങൾ 2:1, 2 ഉദ്ധരിച്ചിരുന്നു. എബ്രായർ 1:5 ൽ, സങ്കീർത്തനങ്ങൾ 2:7 ഉദ്ധരിച്ചിരിക്കുന്നു, വീണ്ടും 5:5 ൽ സങ്കീർത്തനങ്ങൾ 2:8 ഉദ്ധരിച്ചു പറയുന്നു, " 'എന്നോട് ചോദിച്ചുകൊൾക, ഞാൻ നിനക്ക് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ അവകാശമായും തരും,' "അത് സൂചിപ്പിക്കുന്നത് "ക്രിസ്തു എല്ലാറ്റിനും അവകാശി" എന്നാണ് (എബ്രാ. 1:2). യേശു ദൂതന്മാരേക്കാൾ വലിയവൻ എന്നു കാണിക്കുവാൻ എബ്രായർ 1:5 ൽ, സങ്കീർത്തനങ്ങൾ 2:7 ലെ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നു. ആ വാക്കുകൾ പ്രവൃത്തികൾ 13:33, 34 ലും ഉപയോഗിച്ചിരിക്കുന്നു, അവിടെ യേശുവിന്റെ ഉയർത്തെഴുന്നേൽപിനെ ഉദ്ദേശിച്ചാണ് പൗലൊസ് പറഞ്ഞത്. ക്രിസ്തുവിന്റെ പുത്രത്വം ഉറപ്പിക്കുന്നതിനും യേശു തന്നെയാണ് മശിഹ എന്ന് യെഹൂദന്മാരെ ബോധ്യപ്പെടുത്തുവാനും ആയിരുന്നു ആ സങ്കീർത്തനം ഉദ്ധരിച്ചത്. യെഹൂദ സ്നേഹിതന്മാർ അവരുടെ വിശുദ്ധ ഗ്രന്ഥത്തിൽ വിശ്വസിക്കുന്നു എങ്കിൽ അവരെ ബോധ്യപ്പെടുത്തുവാൻ വിശ്വാസം ഫലപ്രദമാക്കുവാനായി പ്രതിരോധനത്തിനായി ഇപ്പോഴും ഉപയോഗിക്കാം.

**തിരുവെഴുത്തിലെ നിശബ്ദത (1:5)**

"നീ എന്റെ പുത്രൻ" എന്ന് ദൈവം ദൂതന്മാരോട് പറഞ്ഞിട്ടില്ലാത്തതിനാൽ, ആ പ്രയോഗം സൃഷ്ടിക്കപ്പെട്ട ദൂതന് ഉപയോഗിക്കാവുന്നതല്ല. നിശബ്ദത അനുവദനീയമല്ല, എന്നാൽ നിയന്ത്രിതമാണ്! ഈ സത്യം കാണുവാൻ കഴിയാതെ വരുമ്പോൾ, ബൈബിളിലെ ക്രമത്തോട് കൂട്ടുചേർക്കുവാനുള്ള പ്രവണത കടന്നുകൂടാം, അത് വിശുദ്ധ തിരുവെഴുത്തിലെ ഉയർന്ന അധികാര തത്വത്തെ ലംഘിക്കുന്നതാണ്. തിരുവെഴുത്തിലെ നിശബ്ദതയുടെ പ്രാധാന്യം ഗണ്യമാക്കാതെ, അത്തരം വിവേചനം നടത്തിയാൽ, ബൈബിൾ ഉപദേശത്തോട് എല്ലാ വിധത്തിലുമുള്ള "പുതുമകളും" അനുവദനീയമെന്നവണ്ണം വരുത്തുവാൻ ശ്രമിക്കും. സഭയിൽ അധികാരപ്പെടുത്താത്ത മാറ്റങ്ങൾ വരുത്തുന്ന സമീപനത്തെ എബ്രായ ലേഖനം വ്യക്തമായും തള്ളിക്കളഞ്ഞിരിക്കുകയാണ്.

**"നീ എന്റെ പുത്രൻ" (1:5)**

യേശു ഒരേസമയത്ത് ദൈവപുത്രനും ദാവീദിന്റെ പുത്രനും ആയിരുന്നു. അതിനേക്കാൾ വലുതായി നമുക്ക് അവനെ മഹത്വപ്പെടുത്തുവാൻ സാധ്യമല്ല. അവനെ കുറച്ചു കാണുന്നവർക്ക് അവനെ പിൻപറ്റുവാൻ യോഗ്യതയില്ല. 1:5 ലെ രണ്ട് ഉദ്ധരണികളാണ് 2 ശമുവേൽ 7:14 ഉം 1 ദിനവൃത്താന്തം 17:13 ഉം. ആദ്യം അത് ശലോമോനിലും പിന്നീട് അന്തിമമായി നിറവേറിയത് ക്രിസ്തുവിലും ആയിരുന്നു. 2 ശമുവേൽ 7:14 ന്റെ രണ്ടാം ഭാഗത്തിലെ ("അവൻ കുറ്റം

ചെയ്താൽ") എന്നത് യേശുവിനെ ബാധിക്കുന്നതല്ല, കാരണം അവനിൽ പാപം ഇല്ലായിരുന്നു (1 പത്രൊ. 2:21, 22). ചില പ്രവചനങ്ങൾക്ക് ദ്വയാർത്ഥമുണ്ടെന്ന് നമ്മുടെ ശ്രോതാക്കളോട് നാം പറയണം.

**ദൈവം ഇപ്പോഴും സംസാരിക്കുന്നു (1:7)**

നമുക്ക് വലിയ പ്രോൽസാഹനം നൽകുന്നതാണ് 1:7 ലെ "അവൻ പറയുന്നു" എന്ന വാക്ക്. ദൈവം തിരുവെഴുത്തു മുഖേനയാണ് സംസാരിക്കുന്നത് എന്നു നമുക്ക് അറിയാം, ദൈവം അതേ മാദ്ധ്യമത്തിൽ കൂടെയാണ് ഇപ്പോഴും സംസാരിക്കുന്നത്-തിരുവെഴുത്തിൽ കൂടെ ആണെന്ന് -നമുക്ക് ഈ വാക്യത്തിൽ നിന്നു മനസിലാക്കാം.

**"ദൈവമേ, നിന്റെ സിംഹാസനം" (1:8)**

യേശുവിന്റെ ദൈവികത്വത്തിന്റെ ഏറ്റവും ശക്തമായ തിരുവെഴുത്ത് തെളിവാണ് 1:8. ദൈവം തന്നെ ഈ സാക്ഷ്യം സങ്കീർത്തനങ്ങൾ 45:6, 7-ൽ പറഞ്ഞിരിക്കുന്നു. പിതാവ് യേശുവിനെ "ഓ ദൈവമേ" എന്നു വിളിച്ചിരിക്കുന്നു. അവൻ ആരാണ് എന്നതിനാലാണ് നാം അവനെ ആദരിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നത്. യേശു സ്വയമായി താൻ ദൈവമാണ് എന്നു പറയപ്പെടുന്നു. ഒരുപക്ഷെ ആ വാക്കുകളിൽ അവൻ പ്രഖ്യാപിച്ചിട്ടില്ലായിരിക്കാം, എന്നാൽ അത് അന്തർലീനമാക്കി പുതിയനിയമത്തിൽ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. ഉദാഹരണമായി, തോമാസ്, "എന്റെ കർത്താവും ദൈവവുമായുള്ളോവേ" എന്നു പറഞ്ഞപ്പോൾ യേശു അവനെ ശാസിച്ചില്ല (യോഹ. 20:28, 29). അവൻ അങ്ങനെയുള്ളവൻ എന്നു നാം സമ്മതിച്ചാൽ, തീർച്ചയായും അവൻ നമ്മെ അനുഗ്രഹിക്കും.

**"നീതിയുള്ള ചെങ്കോൽ" (1:8)**

നീതി ചെയ്യുന്നതിന്റെ അനന്തരഫലമാണ് "നീതിയുള്ള" എന്ന വാക്കിൽ അന്തർലീനമായിരിക്കുന്നത്. നീതി പരിശീലിക്കാതെ നമുക്ക് നീതിയുള്ള എന്നു പറയുവാൻ സാധ്യമല്ല (1 യോഹ. 3:7 നോക്കുക). ദൈവത്തിന്റെ കൽപനകളെല്ലാം നീതിയുള്ളവയാണ്-അവൻ ആരോടും തെറ്റു ചെയ്യുവാൻ കൽപിച്ചിട്ടില്ല (സങ്കീ. 119:172).

യോഹന്നാൻ സ്നാപകൻ യേശുവിനെ സ്നാനപ്പെടുത്തുവാൻ മടിച്ചപ്പോൾ, യേശു പറഞ്ഞു, "ഇപ്പോൾ സമ്മതിക്ക; ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം" (മത്താ. 3:15). അത് യോഹന്നാനെ തൃപ്തിപ്പെടുത്തി. സങ്കീർത്തനക്കാരന്റെ ചിന്തയാണ് യേശു പങ്ക് വെച്ചത്: "നിന്റെ കൽപനകൾ ഒക്കെയും നീതി ആയിരിക്കയാൽ, എന്റെ നാവ് നിന്റെ വാഗ്ദാനങ്ങളെ കുറിച്ച് പാടട്ടെ" (സങ്കീ. 119:172). ദൈവത്തിന്റെ കൽപനകളെല്ലാം അനുസരിക്കുവാൻ അവൻ നിർണ്ണയിച്ചു. താൻ പ്രസംഗിച്ച "പാപപമോചനത്തിനായുള്ള" മാനസാന്തര സ്നാനം യേശുവിന് ആവശ്യമില്ലല്ലോ എന്നായിരുന്നു യോഹന്നാന്റെ ചിന്ത (മർ. 1:4; ലൂക്കൊ. 3:3 നോക്കുക). എങ്ങനെയായാലും, യാതൊരു ഒഴികഴിവും കൂടാതെ യേശു ഭൂമിയിൽ ആയിരുന്നപ്പോൾ, ദൈവത്തിന്റെ എല്ലാ കൽപനകൾക്കും കീഴ്പ്പെട്ടു. ദൈവത്തിന്റെ ചില കൽപനകൾക്ക് പ്രാധാന്യം കൊടുക്കാതെ സ്നാനപ്പെടാതിരിക്കുന്നവരെപോലെയല്ല, നമ്മുടെ ദൈവം അനുസരണമാണ് തിരഞ്ഞെടുത്തത്. "ആ സമയത്ത്" അത് ഉചിതമാണ്-എ

ന്നത്രെ കർത്താവ് പറഞ്ഞത്-അതായത് നിയമത്തിന് ഒഴികഴിവുള്ളത് നീതിക്കായിട്ടാണ്-തന്റെ ശിഷ്യന്മാർ അനുസരിക്കേണ്ടതായ എല്ലാ കൽപനകളും രക്ഷകൻ അനുസരിക്കണം എന്നർത്ഥം. ഒരു ശിഷ്യൻ കർത്താവിനേക്കാൾ വലിയവൻ അല്ല, പക്ഷെ അവൻ അനുസരിച്ച നിസാര കൽപന പോലും തള്ളിക്കളയുന്നവർ അവനേക്കാൾ വലിയവൻ ആണെന്ന് വരുത്തുന്നു.

യേശു നീതിയെ പ്രിയപ്പെടുന്നു (വാ. 9). അവൻ സങ്കീർത്തനക്കാരനോടു കൂടെ പറയുന്നു, "അവർ ഭൂമിയിൽ എന്നെ മിക്കവാറും മുടിച്ചിരിക്കുന്നു; നിന്റെ പ്രമാണങ്ങളെ ഞാൻ ഉപേക്ഷിച്ചില്ലതാനും" (സങ്കീ. 119:97). ദൈവത്തിന്റെ കൽപനകളെ ധ്യാനിക്കുന്നതിനേക്കാളുപരിയായി അവൻ മറ്റെന്തെങ്കിലും ധ്യാനിച്ചിരുന്നോ? യേശുവിന്റെ പ്രാഥമികമായ ചിന്ത പിതാവിന്റെ ഇഷ്ടം ചെയ്യുക എന്നതായിരുന്നു, അതു തന്നെയായിരിക്കണം നമ്മുടേയും ചിന്ത.

**അധർമ്മം കർത്താവ് വെറുക്കുന്നു (1:9)**

യേശുവിന്റെ മനോഭാവമായ നീതി ഇഷ്ടപ്പെട്ടു ചെയ്യുന്നതിൽനിന്നു വ്യത്യസ്തമായി ചിലർ നീതിയെ സ്നേഹിക്കുന്നതും നീതി ചെയ്യുന്നതും വെറുക്കുന്നവരാണ്. നമ്മുടെ കർത്താവായ രക്ഷകൻ അതിനു നേരെ എതിരാണ്: അവൻ അധർമ്മത്തെയാണ് വെറുക്കുന്നത്. "അധർമ്മം" എന്ന വാക്കിന്റെ അക്ഷരികമായ അർത്ഥം, "നിയമത്തിന് എതിരായി" (*അനോമിയ*) എന്നാണ്, അർത്ഥം "നിയമവിരുദ്ധം, നിയമ ലംഘനം, അല്ലെങ്കിൽ പൊതുവായ ദുഷ്ടത." "നിയമത്തിനെതിരായി" എന്നത് പല വാക്യങ്ങളിൽ പറഞ്ഞിട്ടുള്ളത്, മർക്കൊസ് 7:20–23; 1 കൊരിന്ത്യർ 6:9, 10; ഗലാത്യർ 5:19–21; 1 പത്രൊ. 4:1–3.

ഒരേ സമയത്ത് നീതിയെ ഇഷ്ടപ്പെടുകയും അധർമ്മത്തെ വെറുക്കുകയും ചെയ്യുവാൻ സാധ്യമല്ല (മത്താ. 6:24; യാക്കൊ. 4:4; 1 യോഹ. 2:15–17). ഒരേ സമയം ലോകത്തോട് വിട്ടുവീഴ്ച്ച ചെയ്യുകയും ക്രിസ്തുവിനെ അനുഗമിക്കുകയും ചെയ്യാമെന്ന് ആരെങ്കിലും വിചാരിച്ചാൽ, അയാൾ അപകടകരമായ തെറ്റിലാണ്-കാരണം ഒരാൾ ക്രിസ്തുവിനു അനുകൂലം അല്ലെങ്കിൽ, പ്രതികൂലം ആണ് (മത്താ. 12:30). തന്റെ പിതാവിന്റെ ആലയത്തെ വാണിഭശാലയാക്കിയത് കണ്ടപ്പോൾ, യേശുവിന് കോപമുണ്ടായി (യോഹ. 2:13–17). തെറ്റിനോടുള്ള അവന്റെ വെറുപ്പ് അവനെ "തിന്നുകളഞ്ഞു"! യേശു ദുരുപദേശത്ത വെറുക്കുന്നു (വെളി. 2:15). അതിലും കുറച്ച് നമുക്ക് എങ്ങനെ വെറുക്കുവാൻ കഴിയും?

"തത്വദീക്ഷയില്ലാത്ത പുരുഷന്മാരുടെ, ലൈംഗിക അധർമ്മം കണ്ട് മനം മടുത്ത നീതിമാനായ ലോത്തിനെ പോലെ ആകണം നാമും (കാരണം, അവൻ നീതിമാനായതുകൊണ്ട്, അധർമ്മികളുടെയിടയിൽ വസിച്ചപ്പോൾ, നാൾ തോറും അവരുടെ അധർമ്മ പ്രവൃത്തികൾ കണ്ടും കേട്ടും തന്റെ നീതിയുള്ള മനസിൽ നോന്തു അവരുടെ ദുഷ്ക്കാമ പ്രവൃത്തിയാൽ വലഞ്ഞു പോയിരുന്നു)" (2 പത്രൊ. 2:7, 8). സാത്താന്റെ തിരുവെഴുത്ത് ദുരുപയോഗത്തെ പ്രതിരോധിക്കുവാനുള്ള ശക്തിയും ജ്ഞാനവും ശക്തിയും മാത്രമല്ല യേശുവിനുണ്ടായിരുന്നത്, പിന്നെയോ അവനോട് ("സാത്താനേ വിട്ടു പോക" എന്നു കൽപിപ്പാനും കഴിഞ്ഞിരുന്നു; മത്താ. 4:10). വിശ്വാസത്താൽ നാം അത് ചെയ്യുവാൻ ക്രിസ്തുവിലുള്ള ധാർമ്മികമായ ശക്തി നമുക്കും ഉണ്ട് (യാക്കൊ. 4:7). തന്നെ തള്ളിക്കളഞ്ഞ യെരുശലേമിന്റെ പാപത്തെയും

വരുവാനിരിക്കുന്ന നാശത്തെയും ഓർത്ത് അവൻ കരഞ്ഞു (ലൂക്കൊ. 19:41; മത്താ. 23:37–39) നമ്മുടെ പ്രതികരണം എന്താണ്?

അവൻ അനീതി വെറുക്കുകയും നീതി ഇഷ്ടപ്പെടുകയും ചെയ്തതിനാൽ അവനെ "ആനന്ദതൈലം കൊണ്ട് ... അഭിഷേകം ചെയ്തു" (എബ്രാ. 1:9). നീതിയുടെ കിരീടം ലഭിക്കുമ്പോൾ, തീർച്ചയായും നാമും അത്യാഹ്ലാദം ഉള്ളവരായിരിക്കും (2 തിമൊ. 4:8).

### "കർത്താവേ നീ പൂർവ്വകാലം മുതലുള്ളവൻ" (1:10–12)

പിതാവായ ദൈവത്തെ യേശു ''കർത്താവേ'' എന്നു വിളിച്ചു.ആ സത്യം സങ്കീർത്തനങ്ങൾ 110:1 ഉദ്ധരിച്ച് യേശു മത്തായി 22:43, 44 ൽ ഊന്നി പറഞ്ഞിരിക്കുന്നു. അവൻ ജനിച്ചപ്പോൾ, ദൂതന്മാർ അവനെ "കർത്താവായ ക്രിസ്തുവേ" എന്നു വിളിച്ചു (ലൂക്കൊ. 2:11). അവൻ ഭൂമിയിലായിരുന്നപ്പോൾ, അവന്റെ ശിഷ്യന്മാർ അവനെ "കർത്താവും ഗുരുവും" എന്നു വിളിച്ചിരുന്നു (യോഹ.13:13). താൻ ആരോടാണ് സംസാരിക്കുന്നത് എന്നറിയാതെ ശൗൽ "സർ" എന്നു വിളിച്ചതുപോലെയായിരുന്നു (പ്രവൃ. 9:5). "എന്റെ കർത്താവും ദൈവവുമായുള്ളോവേ" എന്ന് തോമസ് പറഞ്ഞപ്പോൾ, താൻ ആരോടാണ് സംസാരിക്കുന്നതെന്ന് അവൻ അറിഞ്ഞിരുന്നു (യോഹ. 20:28). "കർത്താവ്" (*കുറിയോസ്*) എന്ന വാക്കിന്റെ അർത്ഥം, പരമാധികാരമുള്ളവൻ, അല്ലെങ്കിൽ നിയന്ത്രിക്കുവാൻ കഴിയുന്നവൻ എന്നാണ്. അവൻ "ശബ്ബത്തിനും ... കർത്താവാണ്" എന്നു പറഞ്ഞതിൽ അതിശയിക്കുവാനില്ല (മർ. 2:28), ശബ്ബത്ത് നിയമം അവനാണ് നൽകിയത് എന്ന് അത് അന്തർലീനമായിരിക്കുന്നു. അവൻ "കർത്താവ്" ആകയാൽ തനിക്ക് യോജിക്കുന്ന രീതിയിൽ അതിനെ നിയന്ത്രിക്കുവാനും നീക്കം ചെയ്യുവാനും അധികാരം ഉണ്ടായിരുന്നു!

നാം ക്രിസ്തുവിനെ "കർത്താവ്" എന്നു ഏറ്റു പറയുമ്പോൾ (റോമർ 10:9; 1 പത്രൊ. 3:15), അവൻ നമ്മുടെ ജീവിതം ഭരിക്കുന്നവനും നിയന്ത്രിക്കുന്നവനുമാണ് എന്ന് സമ്മതിക്കുകയാണ്, അവന് നാം കീഴ്പ്പെട്ടിരിക്കണം. നാം അങ്ങനെ ചെയ്യുമ്പോൾ, നമ്മുടെ ജീവിതത്തിന് നന്മയും, സ്വീകാര്യവും, തികവും എന്താണെന്ന് നാം അറിയും (റോമ. 12:1, 2). നാം കർത്താവിന്ന് കീഴ്പ്പെടുമ്പോൾ, നമ്മുടെ കണ്ണിന്റെ കെട്ടഴിഞ്ഞ് മുൻപ് അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ അറിഞ്ഞ് അവനെ അനുമോദിക്കുവാൻ കഴിയും (2 കൊ. 3:14). മോശെയോടുള്ള പ്രതിബദ്ധത മാറ്റി യെഹൂദക്രിസ്ത്യാനികൾ തങ്ങളുടെ മൂടുപടം നീക്കിയപ്പോൾ, അവർക്ക് ക്രിസ്തു വാസ്തവത്തിൽ ആരാണെന്ന് ഗ്രഹിക്കുവാൻ കഴിഞ്ഞു.

### "വസ്ത്രം പോലെ പഴകി പോകും" (1:10–12)

ഭൂമിയെല്ലാം പഴകി ഒരു ദിവസം ഒഴിഞ്ഞുപോകും. റേയ് സി. സ്റ്റെഡ്മാൻ പറഞ്ഞു, ''അത് ശാസ്ത്രജ്ഞന്മാർ മനോഹരമായ പദ്യ വിവരണമായി പറയുന്ന എൻട്രോപി നിയമം, അല്ലെങ്കിൽ രണ്ടാമത്തെ നിയമമായ തെർമോഡയനമിക് നിയമം പോലെയാണ്, അതിന്റെ വീക്ഷണമനുസരിച്ച് പ്രപഞ്ചം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ സൃഷ്ടികർത്താവ് തന്റെ നിയമങ്ങൾക്കുപരിയായി മാറ്റമില്ലാതെ എന്നേക്കും ഇരിക്കും."[54] വാസ്തവത്തിലുള്ള ശാസ്ത്രവും തിരുവെഴുത്തും എങ്ങനെ യോജിച്ചിരിക്കുന്നതിന്റെ അടിസ്ഥാന തെളിവാണ് ഇത്.

മറ്റെല്ലാം മാറുമെങ്കിലും ക്രിസ്തുവും അവന്റെ സന്ദേശവും മാറുകയില്ല! നമ്മുടെ മാനസികവും ആത്മികവുമായ ആവശ്യങ്ങളെല്ലാം പൂർണ്ണമായി നിറവേറ്റുവാൻ കഴിയുന്നവനാണ് നിത്യനായ ക്രിസ്തു. ശാസ്ത്രം ശ്രദ്ധേയമായ പുരോഗമനം കാഴ്ച്ച വെച്ചിട്ടുണ്ടെങ്കിലും, രണ്ടായിരം വർഷങ്ങൾക്ക് മുൻപ് ക്രിസ്തു നൽകിയ സുവിശേഷ സന്ദേശം ഇന്നും നമുക്ക് അനിവാര്യമാണ്. "ദൈവത്തെ ഒന്നും അതിശയിപ്പിക്കുന്നതായിട്ടില്ല, ദൈവത്തിനു കൈകാര്യം ചെയ്യുവാൻ കഴിയാത്തതായി ഒന്നുമില്ല. മാറാത്ത യേശുക്രിസ്തുവിൽ ആനുകാലികമായി ഒന്നും നമ്മുടെ വഴിക്ക് വരുന്നില്ല, വർത്തമാനകാലത്തിൽ ജീവിക്കുന്ന ദൈവത്തിന് വിജയിക്കുവാനോ അനുഗ്രഹിക്കുവാനോ കഴിയാത്തത് ഒന്നുമില്ല."[55]

### "എന്റെ വലത്തു ഭാഗത്ത് ഇരിക്ക" (1:13)

തന്റെ വലത്തു ഭാഗത്ത് ഇരിക്കുവാനായി ഒരു ദൂതനെയും ദൈവം ക്ഷണിച്ചിട്ടില്ല. പുത്രനെ സംബോധന ചെയ്തതുപോലെ അവൻ ഒരു ദൂതനേയും സംബോധന ചെയ്തിട്ടില്ല, കാരണം അത്തരം പ്രഖ്യാപനത്തിനും ഉയർച്ചക്കും ഒരു ദൂതനും യോഗ്യനല്ല. ക്രിസ്തുവിന്റെ അത്യുത്തമമായ വെളിപ്പാടും, അവന്റെ പ്രത്യേക വ്യക്തിത്വവും, അവന്റെ പ്രവൃത്തി പൂർത്തിയാക്കിയതും, അവന്റെ നിത്യ ദൈവികത്വവും, അവന്റെ അതുല്യമായ നേട്ടവും തിരിച്ചറിയുന്ന പുരുഷാരത്തിൽ പെട്ടവരാണ് ദൂതന്മാർ.

യേശുവിന്റെ സ്വർഗാരോഹണശേഷം സ്വർഗീയ സിംഹാസന മഹത്വത്തിൽ പ്രവേശിച്ചത്, ഒരുപക്ഷെ സ്വർഗീയ സൈന്യത്തിന്റെ കൂടെ പ്രയോജനത്തിനായിരിക്കാം, വളരെ കാലം മുൻപ് പ്രവചനത്തിൽ മുന്നറിയിച്ചത് (ദാനി. 7:13, 14 നോക്കുക). നമ്മുടെ കർത്താവ് പ്രപഞ്ചത്തെ മുഴുവൻ വാഴുന്നതിനാൽ ദിനന്തോറും നമുക്ക് സന്തോഷിക്കാം.

### ദൂതന്മാരും, അത്ഭുതങ്ങളും കരുണയും (1:14).

പുതിയനിയമം അത്ഭുതങ്ങൾകൊണ്ട് നിറഞ്ഞിരിക്കുകയാണ്. എങ്ങനെയായാലും, ഇന്ന്, ദൂതന്മാരുടെ ദൃശ്യമായ പ്രവൃത്തികളും, അസാധാരണമായ അത്ഭുത പ്രവൃത്തികളും അവസാനിച്ചിരിക്കുകയാണ്. വചനം അത്ഭുതങ്ങളാൽ ഉറപ്പിക്കുകയും പൂർത്തിയാക്കി നൽകുകയും ചെയ്തിരിക്കുന്നു (എബ്രാ. 2:1–4). അത്ഭുതങ്ങൾ നിന്നുപോയതോടുകൂടി തിരുവെഴുത്ത് വെളിപ്പാടും നിന്നുപോയി, ആകയാൽ ഇനി പുതിയ വെളിപ്പാട് എഴുതുകയോ നൽകുകയോ ഇല്ല. പുതിയ വെളിപ്പാടും അത്ഭുതവും ഒരുമിച്ചായിരുന്നു നടന്നത്. ഇന്നു ദൈവം പുതിയ വെളിപ്പാടുകൾ നൽകുകയാണെങ്കിൽ അതോടൊപ്പം അത്ഭുതവും നടക്കണം.

പലരും ഒരു "അത്ഭുതത്തെ" ശരിയായി നിർവ്വചിക്കുകയില്ല എന്നതാണ് പ്രശ്നം. ബൈബിളിൽ നടന്ന അത്ഭുതങ്ങളെല്ലാം *ദൈവികമായ ശക്തി* വ്യക്തമായി പ്രദർശിപ്പിക്കുന്നതായിരുന്നു. ഒരു ദിവസം സൂര്യൻ പടിഞ്ഞാറ് ഉദിക്കുകയാണെങ്കിൽ, അത് പ്രകൃതി വിരുദ്ധവും അസാധാരണവുമായ സംഭവമാണ്. യേശു ഉടനെ വെള്ളം വീഞ്ഞാക്കി യേശു ഒരു "അടയാളം" കാണിച്ചു (യോഹ. 2:11). ബൈബിൾ സംഭവങ്ങളെ അത്ഭുതങ്ങളായി വിവരിക്കുമ്പോൾ പോലും നാം ശ്രദ്ധിക്കണം. ഒരു വാക്ക് നേരിട്ടുള്ള വ്യാഖ്യാനത്താൽ സൂചിപ്പിക്കുന്നില്ലെങ്കിൽ, അത് അത്ഭുതമായിട്ടല്ല മറിച്ച് ദൈവകരുണയാൽ സംഭവിച്ചതാണ്.

ഉദാഹരണമായി, യോസേഫിന് സ്വപ്നങ്ങൾ വ്യാഖ്യാനിക്കുവാൻ കഴിഞ്ഞു, ദൈവത്തിന്റെ വെളിപ്പാട് അവനു നേരിട്ടു ലഭിച്ചതിനാലാണ് അവൻ അതിന് പ്രാപ്തനായത് (ഉല്. 40:41). അത്ഭുതകരമായിട്ടായിരുന്നു അത്തരം വെളിപ്പാടുകൾ ലഭിച്ചിരുന്നത്. പാനപാത്രവാഹകൻ (ബട്ലർ) യോസേഫിന്റെ കാര്യം മറന്നുപോകയും പിന്നീട് ഓർമ്മിക്കുകയും ചെയ്തത് അത്ഭുതമായിരുന്നോ? (ഉല്. 40:23 നോക്കുക). ആ പാനപാത്രവാഹകന്റെ മറവിക്കിടയിൽ, മിസ്രയിമിൽ പല സംഭവങ്ങളും നടക്കുകയുണ്ടായി. പ്രവചനം മറക്കുന്നത് ഒരാളുടെ ജീവിതത്തെയും സ്വാതന്ത്ര്യത്തെയും എങ്ങനെയാണ് ബാധിക്കുന്നത്? അത്തരം കാര്യങ്ങൾ ദൈവം നിമിത്തമാണോ സംഭവിക്കുന്നത്? ഞാൻ ദിവസവും പല കാര്യങ്ങൾ മറക്കുന്നതു അത്ഭുതമാണോ? സുവിശേഷകൻ ആയിരുന്ന ഫിലിപ്പൊസിനോട് ഗസക്കുള്ള മാർഗത്തിൽ പോക എന്നു പറഞ്ഞത്, അത്ഭുതമായിരുന്നു, അല്ലാതെ വെറും തോന്നൽ ആയിരുന്നില്ല (പ്രവൃ. 8:26). എങ്ങനെയായാലും, ഫിലിപ്പൊസ് അങ്ങനെ ഗസക്കുള്ള വഴിയിലേക്ക് പോയി. അവൻ ചെന്നപ്പോൾ, ഒരു മനുഷ്യൻ തേരിൽ ഇരുന്നു യെശയ്യാവിൻെറ പുസ്തകം വായിച്ചുകൊണ്ടിരിക്കുകയായിരുന്നു (പ്രവൃ. 8:27–39). കൃത്യ സമയത്തു തന്നെ അവൻ അവിടെ എത്തിയത് അത്ഭുതമായിരുന്നോ അതോ ദൈവകാരുണ്യമായിരുന്നോ? ഈ സംഭവത്തിൽ ഫിലിപ്പൊസിനേയോ അല്ലെങ്കിൽ ഷണ്ഡനെയോ ദൂതൻ എടുത്തുകൊണ്ട് പോയില്ല, അങ്ങനെ ആയിരുന്നു എങ്കിൽ അത് അത്ഭുതം ആകുമായിരുന്നു.

ആർക്കും നിഷേധിക്കുവാൻ കഴിയാത്ത ദൈവികവും അമാനുഷവുമായ പ്രവൃത്തിയെയാണ് തിരുവെഴുത്തിൽ അത്ഭുതമായി പറഞ്ഞിരിക്കുന്നത് (യോഹ. 9:16, 17, 24–33). യേശുവിന്റെ ശത്രുക്കൾക്ക് പോലും അവന്റെ അത്ഭുതങ്ങൾ നിഷേധിക്കുവാൻ കഴിഞ്ഞില്ല. ഇന്ന് അത്ഭുതങ്ങൾ നടക്കുന്നു എന്ന് അവകാശപ്പെടുന്നവയെ സാധാരണ സംഭവങ്ങളായി ശാസ്ത്രീയ സമൂഹം വിലയിരുത്തുന്നു. ഒരു സംഭവത്തെ സ്വഭാവികമെന്ന് കാര്യകാരണസഹിതം വിശദമാക്കുകയാണെങ്കിൽ, അതിനെ അത്ഭുതമായി വിശേഷിപ്പിക്കുന്നത് മൗഢ്യമാണ്. ശാസ്ത്രത്തിന് വിശദീകരിക്കുവാൻ കഴിയാത്ത ചില കാര്യങ്ങൾ സംഭവിച്ചേക്കാം, അത് ഭാവിയിൽ ഉണ്ടാകുകയില്ല എന്നതിന് ഉറപ്പുമില്ല. അങ്ങനെ വിശദമാക്കുവാൻ കഴിയുന്നതല്ല–ബൈബിളിലെ അത്ഭുതങ്ങളും–"അടയാളങ്ങളും," "വീര്യപ്രവൃത്തികളും."

**"ദൂതന്മാരുടെ" പ്രത്യക്ഷതകൾ**

തങ്ങൾക്ക് ദൂതന്റെ സഹായം ലഭിച്ചു അല്ലെങ്കിൽ "ദൂതന്മാരുടെ" പ്രത്യക്ഷതകൾ അനുഭവപ്പെട്ടു എന്ന് അവകാശപ്പെടുന്ന ഒരു കൂട്ടം ആളുകളുണ്ട്. സംഭവകഥകളുടെ തെളിവ് നമുക്ക് വിശ്വസിക്കാമോ? ഇല്ല, കാരണം നമ്മുടെ വിശ്വാസം തിരുവെഴുത്ത് ആധാരമായിട്ടുള്ളതാണ് (റോമർ 10:17) അല്ലാതെ മാനുഷ്യ ഊഹമനുസരിച്ചുള്ളതല്ല. തങ്ങൾക്ക് ദൂതന്മാരുടെ പ്രത്യക്ഷത അനുഭവപ്പെട്ടു എന്നു അവകാശപ്പെടുന്നവർ, അവരുടെ രക്ഷക്ക് അവർ "അനുഭവങ്ങളെ" ആണ് ആശ്രയിക്കുന്നത്. ദൂതന്മാർ മിക്കവാറും പശ്ചാത്തലത്തിലാണ്, പക്ഷെ ദൈവപുത്രനുമായി താരതമ്യം ചെയ്യുമ്പോൾ അവർ അപ്രസക്തരാണ്. അവർ അൽപ സമയം മുൻപിൽ വന്നേക്കാം, എന്നാൽ രക്ഷക്കായി യേശു എല്ലായ്പോഴും മുൻപിൽ ഉണ്ട്.

കുറിപ്പുകൾ

[1]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക്-ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യൂ ടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്റ്റ്യൻ ലിറ്ററേച്ചർ,* 3ഡ് എഡി., റെവ. ആന്റ് എഡി. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ: യൂണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 450. [2]റോബർട് മില്ലിഗൻ, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (സിൻസിനാറ്റി: ചെയിസ് ആന്റ് ഹാൾ, 1876; റീപ്രിന്റ്, നാഷ്‌വിലേ: ഗോസ്പെൽ അഡ്വൈക്കേറ്റ് കമ്പനി., 1975), 48. [3]അപ്പൊക്രിഫയിലെ ചില പുസ്തകങ്ങൾക്ക്, ഉദാഹരണമായി 1 മെക്കാബിയർ വിലയുള്ളതാണ്, പക്ഷെ അവയെ "തിരുവെഴുത്ത്" എന്നു വിളിക്കുകയില്ല. [4]തോമസ് ജി. ലോങ്, *ഹീബ്രൂസ്*, ഇന്റർപ്രെട്ടേഷൻ (ലൂയിസ്വിലേ: ജോൺ നോക്സ് പ്രസ്, 1997), 8. [5]ബ്രുക്ക് ഫോസ് വെസ്റ്റ്കോട്ട്, *ദ എപ്പിസ്റ്റിൽ ടു ഹീബ്രൂസ്: ദ ഗ്രീക്ക് ടെക്സ്റ്റ് വിത്ത് നോട്ട്സ് ആന്റ് എസ്സേയ്സ്* (ലണ്ടൻ: മാക്മില്ലൻ ആന്റ് കമ്പനി.,1889; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1973), 4. [6]എഫ്. എഫ്. ബ്രൂസ്, *ദ എപ്പിസ്റ്റിൽ ടു ഹീബ്രൂസ്,* ദ ന്യൂ ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യൂ ടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിട്സ്, മൈക്ക്: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1964), 3. [7]ജാക് പി. ലൂയിസ്, "ഹീബ്രൂസ്, 1:1–4: ക്രൈസ്റ്റ് ദ പ്രോഫെറ്റ്, പ്രീസ്റ്റ് ആന്റ് കിങ്ങ്," ഇൻ *ഗ്രെയിറ്റ് ടെക്സ്റ്റ്സ് ഓഫ് ദ ബൈബിൾ റീവിസിറ്റെഡ്: ഫോക്നെർ യൂണിവെഴ്സിറ്റി ലെക്ച്ചേഴ്സ്,* എഡി. എം.ഫ്ലോയിഡ് ബെയിലി, മാർക്ക് ഏ. ഹോവെൽ ആന്റ് അലെൻ വെബ്സ്റ്റർ (മോൺഗോമെറി, അലാ: ഫാക്നെർ യൂണിവേഴ്സിറ്റി, 1993), 332. [8]ഫിലിപ് എഡ്കംബെ ഹൂഗെസ്, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽ ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1977), 37. [9]ഇബിഡ്. [10]ബ്രൂസ്, 3.

[11]ഹൂഗോ മെക്കോർഡ്, *മെക്കോർഡ്സ് ന്യൂ ടെസ്റ്റമെന്റ് ട്രാൻസ്ലേഷൻ ഓഫ് ദ എവെർലാസ്റ്റിങ്ങ് ഗോസ്പെൽ* (ഹെന്റേർസൺ, ടെന്ന: ഫ്രീഡ് ഹാർഡ്മാൻ യൂണിവേഴ്സിറ്റി, 1988), ഈ തർജിമയെ ഇന്ന് "ഫ്രീഡ് ഹാർഡ്മാൻ ട്രാൻസ്ലേഷൻ" എന്നാണ് അറിയപ്പെടുന്നത്. [12]"സന്തതി" എന്ന ആശയം പൗലൊസ് ഗലാത്യർ 3:16, 19–29 ൽ വിവരിച്ചിരിക്കുന്നു. [13]വാരെൻ ഡബ്ലിയു. വിയേഴ്സ്ബേ, ബി കോൺഫിഡന്റ്: ആൻ എക്സ്പോസിറ്ററി സ്റ്റഡി ഓഫ് ദ എപ്പിസ്റ്റിൽ ടു ഹീബ്രൂസ് (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1982), 18. [14]മില്ലിഗൺ, 52–54. [15]സൈമൺ ജെ. കിറ്റ്സ്മേക്കർ, *എക്സ്പെ ാസിഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്,* ന്യൂ ടെസ്റ്റമെന്റ് കമെന്ററി (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1984), 28, എൻ. 3. [16]ലൂയിസ്, 332. [17]ബ്രൂസ്, 4. മധുര സ്വരങ്ങളായി തിരിച്ചറിയിക്കുന്നതിൽ ആധുനിക പഠനം സംശയം ജനിപ്പിച്ചിരിക്കുന്നു. [18]ഒരു ആകൃതി കിട്ടുവാനായി ഉപയോഗിക്കുന്ന അച്ചിനെ ആണ് "ഡൈ" എന്നു പറയുന്നത്. ഇവിടെ ഉപയോഗിച്ച പ്രയോഗത്തിന്റെ ആരംഭ അർത്ഥം അതായിരുന്നു. [19]തിയോഡർ ഓഫ് മോപ്സുവെസ്റ്റിയ *കമെന്ററി ഓൺ ജോൺ:* ക്വോട്ടണ്ഡ് ഇൻ ഹൂഗോസ്, 44, എൻ. 21. [20]ഹൂഗോസ്, 41.

[21]"ചിത്രീകരണം [യഥാവിധി] ഉപയോഗിക്കുവാൻ സാധ്യമല്ല. ഒരു മുദ്ര അതിന്റെ ആദ്യ പതിപ്പിൽനിന്നു വ്യത്യാസം കാണുവാൻ കഴിയാത്തതുപോലെ പിതാവിൽനിന്നു പുത്രനെ വേർതിരിച്ചു കാണിപ്പാൻ സാധ്യമല്ലായിരുന്നു." (ഡൊണാൾഡ് ഗത്രി, *ദ ലെറ്റെർ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി, ദ ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1983], 66). [22]ബ്രൂസ്, 6. [23]ഇബിഡ്., 8. [24]ഈ ആശയം ജോസെഫസ്

*ആന്റികിറ്റീസ്* 15.5.3.136 ലും സൂചിപ്പിച്ചിരിക്കുന്നനു. [25]ലൂയിസ്, 335; *ടി. ബി. ഹഗിയാഹ്* 12 ബി; ടി. ലെവി 3.4-6. [26]ക്യൂഎസ് 9:9-11. (ഖുംറാനിലെ കേവ് 1 ൽ കാണുന്ന ചുരുളാണ്.) [27]ഗത്രി, 73. [28]"മിദ്രാശ്" (ഫ്രം, "ഇന്റർപ്രെട്ടേഷൻ") അത് തിരുവെഴുത്തുകളെ കുറിച്ചുള്ള എക്സെജെറ്റിക് എഴുത്തുകളെ പറയുന്നതാണ്. [29]നെയിൽ ആർ. ലൈറ്റ്ഫുട്ട്, *ജീസസ് ക്രൈസ്റ്റ് ടുഡേ: ഏ കമെന്ററി ഓൺ ദ ബുക്ക് ഓഫ് ഹീബ്രൂസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1976), 64; ലൈറ്റ്ഫുട്ട് സി. എച്ച്. ഡോഡ്ടുമായി സംസാരിക്കുകയായിരുന്നു, *എക്കോർഡിങ് ടു ദ സ്ക്രിപ്ച്ചേഴ്സ്: ദ സബ്സ്ട്രക്ച്ചർ ഓഫ് ന്യു ടെസ്റ്റമെന്റ് തിയോളജി* (ന്യുയോർക്ക്: ചാൾസ് സ്ക്രിബ്നേഴ്സ് സൺസ്, 1953), 61-110. [30]ലൈറ്റ്ഫുട്ട്, 64-65; ലൈറ്റ്ഫുട്ട് സൈറ്റഡ് ആർ. വി. ജി. ടാസ്കർ, *ദ ഓൾഡ് ടെസ്റ്റമെന്റ് ഇൻ ദ ന്യൂ ടെസ്റ്റമെന്റ്* (ലണ്ടൻ: എസ്സിഎം പ്രസ്, 1954), 15.

[31]ജോർജ് ബി. കെയിഡ്, "ദ എക്സെജെറ്റിക്കൽ മെതേഡ് ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്," *കനേഡിയൻ ജേണൽ ഓഫ് തിയോളജി* 5 (ജാനുവരി 1959); 45. [32]ബ്രൂസ്, 16, എൻ. 76; ഹ്യൂഗ്സ്, 59. [33]ഗത്രി, 74. [34]ബ്രൂസ്, 15. [35]റേയ് സി. സ്റ്റെഡ്മാൻ, ഹീബ്രൂസ്, ദ ഐവിപി ന്യൂ ടെസ്റ്റമെന്റ് കമെന്ററി സീരീസ് (ഡൗണേഴ്സ് ഗ്രോവ്, Ill,: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 28. [36]വിയേഴ്സ്ബേ, 22-23. അത് അന്തിമമായി യേശുക്രിസ്തുവിലാണ് നിറവേറുന്നതെങ്കിലും, ശലോമോനെ കുറിച്ചാണ് സൂചിപ്പിച്ചതെന്നാണ് വിയേഴ്സേ പറഞ്ഞത്. ലൈറ്റ്ഫുട്ട് പറഞ്ഞു, "ഏറ്റവും ഉയർന്ന ക്രമത്തിലെ മുൻ-നിലനിൽപിനെയാണ് സൂചിപ്പിക്കുന്നത്" (ലൈറ്റ്ഫുട്ട്, 67). [37]ലൈറ്റ്ഫുട്ട്, 60. [38]ആർ, സി. എച്ച്. ലിൻസ്കി, *ദ ഇന്റർപ്രെട്ടടേഷൻ ഓഫ് ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ് ആൻഫ് ഓഫ് ദ എപ്പിസ്റ്റിൽ ഓഫ് ജെയിംസ്* (സി. കൊളംബസ്, ഒഹൈവ്, വാർബർഗ് പ്രസ്, 1946), 51. [39]ഗത്രി, 76. [40]കിറ്റ്സ്മേക്കർ, 42.

[41]ജെയിംസ് തോംസൺ, *ദ ലെറ്റർ ടു ദ ഹീബ്രൂസ്,* ദ ലിവിങ് വേർഡ് കമെന്ററി (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1971), 32. [42]ജോർജ് വെസ്ലി ബക്കനാൻ, *ടു ദ ഹീബ്രൂസ്: ട്രാൻസ്ലേഷൻ, കമെന്റ് ആന്റ് കൺക്ലൂഷൻസ്,* ദ ആങ്കർ ബൈബിൾ, വാല്യം. 36 (ഗാർഡൻ സിറ്റി, ന്യൂ യോർക്ക്.: ഡബിൾഡേ, 1972), 20. [43]ക്രെയിഗ് ആർ. കൊയെസ്റ്റർ, *ഹീബ്രൂസ്: ഏ ന്യു ട്രാൻസ്ലേഷൻ വിത്ത് ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി,* ദ ആങ്കർ ബൈബിൾ, വാല്യം. 36 (ന്യൂ യോർക്ക്.: ഡബിൾഡേ, 2001), 194. 199. [44]കിസ്റ്റമേക്കർ, 43. [45]ബ്രൂസ്, 19. [46]ഹ്യൂസ്, 64. [47]ബ്രൂസ്, 24. [48]തോമസ് ഹെവെറ്റ്, *ദ എപ്പിസ്റ്റിൽ ടു ദ ഹീബ്രൂസ്: ആൻ ഇൻട്രൊഡക്ഷൻ ആന്റ് കമെന്ററി*: ദ ടിൻഡേൽ ന്യൂ ടേസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960), 60. [49]തോംസൺ നൽകിയ ഉദാഹരണങ്ങളാണ്, *യൂനക്* 15.6; *ജൂബിലിസ്* 2.2; 15.31, (തോംസൺ, 34). [50]ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഒൺ ഹീബ്രൂസ്,* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണേഷൻ പബ്ലിഷിങ് ഹൗസ്, 1971), 17.

[51]ഡൊണാൾഡ് ഏ. ഹാഗ്നെർ, *എൻകൗണ്ടറിങ്ങ് ഓഫ് ദ ബുക്ക് ഓഫ് ഹീബ്രൂസ്: ആൻ എക്സ്പൊസിഷൻ,* എൻകൗണറിങ്ങ് ബിബിളിക്കൽ സ്റ്റഡീസ് (ഗ്രാന്റ് റാപ്പിട്സ് മൈക്ക്.: ബേക്കർ അക്കാഡമിക്ക്, 2002), 31. [52]റേയ്മണ് ബ്രൗൺ, ദ മെസേജ് ഓഫ് ഹീബ്രൂസ്: ക്രൈസ്റ്റ് എബവ് ആൾ, ദ ബൈബിൾ സ്പീക്സ് ടുഡേ, (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1982), 35. [53]ഗത്രി, 71. [54]സ്റ്റെഡിമാൻ, 31. [55]ജെയിംസ് ടി.ഡ്രാപ്പർ. ജൂനിയർ., *ഹീബ്രൂസ്, ദ ലൈഫ് ദാറ്റ് പ്ലീസസ് ഗോഡ്* (വീറ്റൺ .: ടിൻഡേൽ ഹൗസ് പബ്ലിഷേഴ്സ്, 1976), 30.